# കുടുംബജ്യോതി

2025

INCE 1982

ജനുവരി • പുസ്തകം 43 • ലക്കം 01

പുതുവത്സര മംഗളങ്ങൾ




## ആളില്ലാ വീടുകൾ, ആളില്ലാ നാടുകൾ...

റ്റി.സി. മാത്യു

കുടുംബജ്യോതി | ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം പുസ്തകം 43 ലക്കം 01 | 2025 JANUARY



www.kudumbajyothis.com

# തലമുറമാറ്റവും അനുബന്ധവിചാരങ്ങളും

ജനറേഷൻ ആൽഫ. ആരാണിവർ? 2010നും 2025നും ഇടയിൽ ജന്മമെടുത്തവർക്കു നല്കപ്പെട്ടിട്ടുള്ള വിളിപ്പേരാണിത്. തലമുറകൾക്കിടയിലെ വിടവ് എന്നതിനേക്കാൾ തലമുറമാറ്റംതന്നെ ചൂടൻചർച്ചകൾക്കു വിഷയമാകുന്ന കാലത്ത് അതിന്റെയെല്ലാം കേന്ദ്രസ്ഥാനത്താണ് ജനറേഷൻ ആൽഫയുടെ നില്പ്. മാറ്റങ്ങൾക്ക് അപൂർവമായ ഗതിവേഗം അനുഭവപ്പെടുന്ന 21-ാം നൂറ്റാണ്ടിന്റെ മാത്രം സന്തതികളായ ഇവർക്കാണ്, മാനവചരിത്രത്തിലെ തന്നെ ഏറ്റവും മികച്ച സാങ്കേതികവളർച്ചയുടെയും സാംസ്കാരിക വൈവിധ്യത്തിന്റെയും പ്രാതിനിധ്യം. അതുകൊണ്ടുതന്നെ ഇവർ അവകാശമാക്കുന്ന ലോകം, കണ്ണഞ്ചിപ്പിക്കുന്ന വേഗതയുടെയും സങ്കീർണമായ സാങ്കേതികവിദ്യകളുടെയും അതിരുകളില്ലാത്ത പാരസ്പര്യത്തിന്റെയും വിനിമയത്തിന്റെയും അദൃശ്യവലകളാൽ വലയംചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ ഗുണദോഷങ്ങൾ കൃത്യമായി അടയാളപ്പെടുത്താൻ ഇനിയുമായിട്ടില്ലെങ്കിലും, ഇത്തരം യാഥാർഥ്യങ്ങൾ അവഗണിച്ച് ഇനി ലോകത്തിനൊട്ടും മുന്നോട്ടുപോകാനാവില്ലെന്നതു സത്യമാണ്. തലമുറമാറ്റം എന്നൊരു വിഷയം ഇവിടെ ചർച്ച ചെയ്യുന്നതിനു പിന്നിൽ ഇതു മാത്രമാണ് പ്രേരകം.

മുതിർന്ന തലമുറയ്ക്ക് മൊബൈലും ഇൻറർനെറ്റും ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകളെല്ലാം നിലവിലെ ജീവിതക്രമങ്ങൾ മെച്ചപ്പെടുത്താനുള്ള മാർഗങ്ങൾ മാത്രമായിരുന്നു. അതൊന്നുമില്ലാതിരുന്ന കാലത്ത് ജീവിച്ചുതുടങ്ങിയ അവർക്ക് പുതിയ വിദ്യകളുടെ വരവ് പലവിധേനയും സഹായകമായെന്നതു നേര്. ജനറേഷൻ ആൽഫയുടെ സ്ഥിതി ഇതല്ല. ജനനം മുതലേ പൂർണമായും അവർ ഡിജിറ്റൽ ലോകത്തിലാണ്. ഒരർഥത്തിൽ ഡിജിറ്റൽ പൗരന്മാർ. അവരുടെ ദൈനംദിന അനുഭവങ്ങൾപോലും ഇത്തരം ഉപകരണങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. അവരാരും സാങ്കേതികവിദ്യയുടെ വെറും ഉപഭോക്താക്കൾ മാത്രമല്ല, ഡിജിറ്റൽവ്യവസ്ഥയെ തന്നെ രൂപപ്പെടുത്തുന്നതിൽ സജീവ പങ്കാളിത്തം വഹിക്കുന്നവരാണ്. കൗമാരം പിന്നിടുമ്പോൾ ജനറേഷൻ ആൽഫയുടെ ലോകം ഏതുവിധത്തിലുള്ളതായിരിക്കും? മുൻതലമുറകൾക്ക് സങ്കല്പിക്കാൻ പോലുമാവാത്ത അതിസാങ്കേതികതയുടെയും അറിവിന്റെയും വിശാലലോകങ്ങളിലേക്ക് അവർ പ്രവേശിച്ചിരിക്കും. വിദ്യാഭ്യാസം, തൊഴിൽ, സമൂഹം ഇവയുമായി ഇടപഴകുന്ന ശൈലികൾപോലും പുനർനിർവചിക്കപ്പെടുമെന്ന് പറയപ്പെടുന്നു. അതിന്റെ സൂചനകൾ ഇപ്പോൾതന്നെ വ്യക്തമാണല്ലോ.

വിദ്യാഭ്യാസരംഗം മാത്രമെടുത്താൽ മതി. ഇപ്പോൾ അവിടെങ്ങും പരീക്ഷണങ്ങളുടെ പ്രവാഹമാണ്. പരമ്പരാഗതമായി തുടർന്നുപോന്നിരുന്ന പലതും ചരമശയ്യയിലായി. ക്ലാസ്റൂം ശൈലികളോട് പലർക്കും മടുപ്പാണ്. സ്മാർട് ട്യൂട്ടർമാർക്കും അഡാപ്റ്റീവ് ലേണിംഗ് പ്ലാറ്റ്ഫോമുകൾക്കും വെർച്വൽ ക്ലാസ്റൂമുകൾക്കുമാണ് ഇന്നു കൂടുതൽ പ്രിയം. ഇതൊക്കെ അറിവാർജനവും അറിവുല്പാദനവും വിതരണവും മികവുറ്റതാക്കുമെന്ന് അവകാശപ്പെടുമ്പോഴും, സാമ്പ്രദായികമായ അധ്യാപക-വിദ്യാർഥി ബന്ധത്തിനു പകരമാകുമോ എന്ന ചോദ്യം അവശേഷിക്കുന്നു. സാങ്കേതികതയുടെ മികവും ക്ഷമതയും സൂക്ഷ്മതയും തലമുറകൾക്കു മുമ്പിൽ സാധ്യതകളുടെ മഹാകാശം തുറന്നിടുമ്പോഴും, വിശ്വാസം, ധാർമികത, വൈകാരികബുദ്ധി, സഹാനുഭൂതി, സർഗാത്മകത, നിരൂപണശേഷി, വ്യക്ത്യന്തരബന്ധങ്ങൾ ഇതിനൊക്കെ നിലനില്പുണ്ടാവുമോ? മനുഷ്യമനസിന് പകരംനില്ക്കാൻ സാങ്കേതികതയ്ക്കും യന്ത്രങ്ങൾക്കും ആവില്ലല്ലോ. ഡിജിറ്റൽ ലോകത്തോടുള്ള അമിതാശ്രിതത്വം, സാമൂഹികമായ ഒറ്റപ്പെടൽ, സ്വകാര്യതയുടെ നഷ്ടപ്പെടൽ തുടങ്ങിയവയും ഇതോടു ചേർത്തു ചർച്ചചെയ്യപ്പെടേണ്ടതുണ്ടെന്നു തോന്നുന്നു?

ആൽഫ ജനറേഷൻ എന്നാൽ കേവലം അടുത്ത തലമുറ മാത്രമല്ല; ഭാവിയെ നിർവചിക്കുന്ന തലമുറയാണ്. സാങ്കേതികതയോടുള്ള സമാനതകളില്ലാത്ത പ്രണയവും ആഗോളസംസ്കാരങ്ങളുമായുള്ള ഇഴയടുപ്പവും മൂലം, പ്രവചനാതീതവും ഗഹനവുമായ അളവിലും വ്യാപ്തിയിലും ലോകത്തെ മാറ്റിമറിക്കാൻ അവർക്കായേക്കും. എന്തിനും ഏതിനും അവരെ പഴിപറയാനോ താരതമ്യവിശകലനം നടത്താനോ വ്യഗ്രതപ്പെടാതെ, മാറുന്ന സാഹചര്യങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്ത് കാലത്തിനിണങ്ങുന്ന മൂല്യബോധനം നല്കുകയാണ് പ്രധാനം. അത് സഭയ്ക്കും സമൂഹത്തിനും സംസ്കാരത്തിനും ഫലപ്രദമായ മാറ്റങ്ങൾക്കു വഴിയൊരുക്കും. ○

# ഉള്ളടക്കം

# contents




06 ആളില്ലാ വീടുകൾ ആളില്ലാ നാടുകൾ...
*റ്റി.സി മാത്യു*

16 തലമുറമാറ്റം അഥവാ സ്വീകരണമുറിയിലെ ആന!
*ഡോ. വർഗീസ് പുന്നൂസ്*

22 സിറിയ: സമ്പന്നമായ ഭൂതകാലവും അനിശ്ചിതമായ ഭാവിയും
*ഡോ. ജോർജുകുട്ടി ഫിലിപ്പ്*

28 *മാറ്റം, എന്തൊരു മാറ്റം*
*ആകാശ് ടോം മാത്യു*

34 സഹിക്കുന്ന സഭയ്ക്കൊരു സമ്മാനം
*ഫാ. പ്രിൻസ് തെക്കേപ്പുറം*

38 *സന്തോഷം, എന്തൊരു സന്തോഷം*
*അനഘ അനിൽ*


**സ്ഥിരംപംക്തികൾ**


01 *മുഖപ്രസാദം*
തലമുറമാറ്റവും അനുബന്ധവിചാരങ്ങളും

05 *പൂമുഖം*
പ്ലാസ്റ്റിക്കിലുമെഴുതാം സുവിശേഷം
*ജോസ് ആൻഡ്രൂസ്*

42 *നടുത്തളം*
സഭാവാർത്തകൾ

44 *പുതിയനിയമത്തിലെ കുടുംബദർശനം*
കുടുംബവും ക്രിസ്തീയവിമോചനവും
*ഡോ. തോമസ് വള്ളിയാനിപ്പുറം*

50 *പുറംവാതിൽ*
കർത്താവേ മിന്നിച്ചേക്കണേ...
*ജെ. മണക്കുന്നേൽ*





To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com
Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi



ചീഫ് എഡിറ്റർ
**ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്**

മാനേജിംഗ് എഡിറ്റർ
**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**

സർക്കുലേഷൻ മാനേജർ
**ജോസി ജോസഫ് ആലഞ്ചേരി**
ഫോൺ: 8921677078

പത്രാധിപസമിതി
**മാർ തോമസ് തറയിൽ**
**ഡോ. ജോസഫ് പാറയ്ക്കൽ**

മുഖചിത്രം. ഹെയ്സൻ ജോസഫ് ഇരുപതിൽ
ഫോട്ടോ. ചാക്കോച്ചൻ ഇൻഫോക്കസ്

ആശയം, രൂപകല്പന. സലിമോൻ, കോട്ടയം
അക്ഷരവിന്യാസം. മനോജ് വർഗീസ്

മുദ്രണം. സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.


ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

● ജോസ് ആൻഡ്രൂസ്

# പ്ലാസ്റ്റിക്കിലുമെഴുതാം സുവിശേഷം

**ഒരു പ്ലാസ്റ്റിക് കഷണം വലിച്ചെറിയാൻ തുടങ്ങുമ്പോൾ, അതു തെറ്റാണെന്നു തോന്നിപ്പിക്കുന്ന ഒന്നും ഉള്ളിലില്ലെങ്കിൽ നാം ക്രൈസ്തവരല്ല.**

ഇന്നിപ്പോൾ ക്രൈസ്തവരെ മറ്റുള്ളവരിൽനിന്നു തിരിച്ചറിയാൻ ഒരു വഴിയുമില്ല. എല്ലാവരെയും പോലെ നമ്മളും ജീവിക്കുന്നു, മരിക്കുന്നു. ആദിമക്രൈസ്തവർ അങ്ങനെയായിരുന്നില്ല. അവരുടെ പ്രവൃത്തി കാണുമ്പോൾ അവർ ക്രൈസ്തവരാണെന്ന് മറ്റുള്ളവർക്കു തിരിച്ചറിയാമായിരുന്നു. അവർക്ക് ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല... അവർക്കിടയിൽ ദരിദ്രർ ആരുമില്ലായിരുന്നു. ഓരോരുത്തർക്കും ആവശ്യമനുസരിച്ചു വിതരണം ചെയ്യപ്പെട്ടു (അപ്പ. 4:32). ഇന്ന് സമ്പത്തിന്റെ കാര്യത്തിലല്ല, ഒരു കാര്യത്തിലും നമ്മെ തിരിച്ചറിയാൻ പറ്റുന്നില്ല. അയാൾ ക്രിസ്ത്യാനിയാണ്, അയാൾ ഒരിക്കലും ആ തെറ്റു ചെയ്യില്ല എന്നു പറയുന്നത് നാം കേൾക്കാറില്ല. അങ്ങനെ നമ്മൾ ഒരു പുതിയ വർഷത്തിലെത്തി; 2025.


ചെറിയ കാര്യങ്ങളെങ്കിലും വ്യത്യസ്തമായി ചെയ്താൽ നമുക്ക് ഒരു വീണ്ടെടുപ്പ് സാധ്യമാകും. പെരുമാറ്റം കണ്ട് നാം ക്രിസ്ത്യാനിയാണെന്നു മറ്റുള്ളവർക്കു തിരിച്ചറിയാൻ കഴിയുന്നുണ്ടെങ്കിൽ അതാണ് സുവിശേഷജീവിതം. ലോകം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്ന് തകർക്കപ്പെടുന്ന പരിസ്ഥിതിയാണ്. പരിസ്ഥിതി സംരക്ഷണത്തിനു ക്രൈസ്തവർ മെച്ചപ്പെട്ട ഒരു സംഭാവനയും നല്കുന്നില്ല. ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകൾ കേൾക്കൂ: "ദൈവത്തിന്റെ സൃഷ്ടിയുടെ കാര്യസ്ഥർ എന്ന നിലയിൽ, ഭൂമിയെ മനോഹരമായ പൂന്തോട്ടമാക്കാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. പക്ഷേ, നാം നമ്മുടെ മണ്ണും വനങ്ങളും നശിപ്പിക്കുകയും സമുദ്രങ്ങളെ മലിനമാക്കുകയും ചെയ്യുമ്പോൾ, ആ മഹത്തായ വിളിയെ ഒറ്റിക്കൊടുക്കുന്നു."

പരിസ്ഥിതിസംരക്ഷണത്തിൽ, മനുഷ്യന്റെ ഏറ്റവും വലിയ ഉത്തരവാദിത്വമില്ലായ്മ പ്ലാസ്റ്റിക്കിന്റെ കാര്യത്തിലാണ്. വീട്ടിലും പറമ്പിലും വഴിയിലും നമ്മളതു വലിച്ചെറിയുമ്പോൾ വരാനിരിക്കുന്ന തലമുറയ്ക്കും ജീവിക്കാനുള്ള ഭൂമിയെ നാം നശിപ്പിക്കുകയാണ്. 170 ലക്ഷം കോടി പ്ലാസ്റ്റിക് വസ്തുക്കൾ ഇപ്പോൾതന്നെ കടലിനടിയിലുണ്ട്. നമ്മുടെ തോടും പുഴയും കടന്നാണ് അത് അവിടെയെത്തിയത്. മഴയിൽ വെള്ളം പൊങ്ങുമ്പോൾ നിരത്തുകളിലും പാലങ്ങളിലും പ്ലാസ്റ്റിക് മലകളുണ്ടാകുന്നത് നാം എത്ര നിർവികാരതയോടെ നോക്കിക്കാണുന്നു. 2050 ആകുമ്പോഴേക്കും കടലിൽ മത്സ്യങ്ങളേക്കാൾ കൂടുതൽ പ്ലാസ്റ്റിക് ഉണ്ടാകും.

ജലസ്രോതസുകളിലെയും ഭക്ഷണത്തിലെയും പ്ലാസ്റ്റിക്മാലിന്യത്തിലൂടെയും കുപ്പിവെള്ളത്തിലൂടെയുമൊക്കെ പ്ലാസ്റ്റിക്കിന്റെ 70,000 സൂക്ഷ്മകണികകളാണ് ഓരോ വർഷവും ഒരാളുടെ ഉള്ളിലെത്തുന്നത്. കാൻസർ പടർന്നു പിടിക്കുകയാണ്. മിഠായി പൊതിയുന്ന പ്ലാസ്റ്റിക്പോലും വലിച്ചെറിയരുതെന്നു നാം മക്കളോടു പറയുന്നില്ല. യാത്രയ്ക്കിടെ ബസിൽനിന്നും ട്രെയിനിൽനിന്നും കാറിൽനിന്നുമൊക്കെ പ്ലാസ്റ്റിക് വലിച്ചെറിയുമ്പോൾ നാം പരസ്പരം തടയാറില്ല. നമ്മൾ വലിച്ചെറിയുന്നത് മരണമാണ്. "കടലിന്റെ അദ്ഭുതലോകത്തെ വെള്ളത്തിനടിയിലെ ശ്മശാനങ്ങളാക്കി മാറ്റിയത് ആരാണ്?" എന്നു ചോദിച്ചത് ഫ്രാൻസിസ് മാർപാപ്പാ തന്നെയാണ്. ക്രൈസ്തവരെങ്കിലും അതിനോടു പ്രതികരിക്കേണ്ടതല്ലേ?

നമ്മുടെ അതിരൂപതകളും രൂപതകളും ഇടവകകളുമൊക്കെയല്ലേ ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടത്? നമ്മുടെ സംഘടനകളല്ലേ ഇതൊരു ദൗത്യമായി ഏറ്റെടുക്കേണ്ടത്? ഓരോ ക്രിസ്ത്യാനിയുമല്ലേ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയും, ഉപയോഗിച്ചത് വലിച്ചെറിയാതെ സർക്കാർ നിർദേശിച്ചിടത്ത് എത്തിക്കുകയും ചെയ്യേണ്ടത്? അവർ ക്രൈസ്തവരാണ്, പ്ലാസ്റ്റിക്കെന്നല്ല ഒരു മാലിന്യവും അവർ വലിച്ചെറിയില്ല എന്ന് മറ്റുള്ളവർ നമ്മെക്കുറിച്ചു പറയട്ടെ. ഇന്നുതന്നെ തുടങ്ങാവുന്നതാണ്, പ്ലാസ്റ്റിക്കിലും സുവിശേഷമെഴുതാനുള്ള നടപടികൾ. ലോകം അതു വായിക്കട്ടെ.

○



റ്റി.സി മാത്യു

# ആളില്ലാ വീടുകൾ ആളില്ലാ നാടുകൾ...

**ലോകമിന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിഷയങ്ങളിൽ ഒന്നാണ് ജനസംഖ്യാ ശോഷണം. മിക്ക വികസിതരാജ്യങ്ങളിലും അവശ്യസേവനങ്ങൾക്കു പോലും നാട്ടുകാർ ഇല്ലാത്ത സ്ഥിതി.**

സോയ്‌ലെന്റ് ഗ്രീൻ. 1973ൽ ഇറങ്ങിയ ഹോളിവുഡ് ചിത്രം. 1966ൽ ഹാരി ഹാരിസൺ എഴുതിയ മേക്ക് റൂം! മേക്ക് റൂം! (ഇടം തരൂ! ഇടം തരൂ!) എന്ന നോവലിനെ ഉപജീവിച്ചു നിർമിച്ച ചിത്രമാണിത്. 1999-2000ൽ നടക്കുന്നതായി സങ്കല്പിച്ചുണ്ടാക്കിയ കഥ. ജനസംഖ്യാ വിസ്ഫോടനത്തിന്റെ ദുരന്തമാണ് ഇതിവൃത്തം. കഥ പറയുമ്പോൾ ലോക ജനസംഖ്യ 700 കോടിയും ന്യൂയോർക്കിലെ ജനസംഖ്യ മൂന്നരക്കോടിയും. വേണ്ടത്ര വിഭവങ്ങൾ ഇല്ല. അവസരങ്ങൾ ഇല്ല. ജനം വല്ലാതെ ബുദ്ധിമുട്ടുന്നു.

ചലച്ചിത്രമാക്കിയപ്പോൾ കഥ കൂടുതൽ തീവ്രമാക്കി. കാലം 2022ഉം ആക്കി. അമിത ജനസംഖ്യയും സമ്പന്നരുടെ പൂഴ്ത്തിവെപ്പുംമൂലം വേണ്ടത്ര ഭക്ഷണം ഇല്ലാതായി. അപ്പോൾ ഒരു കമ്പനി മനുഷ്യമാംസം സംസ്കരിച്ച് വില്പന തുടങ്ങി. സമുദ്രത്തിൽ നിന്നുള്ള പ്ലാൻക്ടൺ ആണ് അതിലുള്ളതെന്നു തെറ്റിദ്ധരിപ്പിച്ചു. ചാർട്ടൺ ഹെസ്റ്റൺ ഡിറ്റക്ടീവ് ആയി വേഷമിട്ട ഈ ചിത്രം തരക്കേടില്ലാത്ത വിജയം നേടി.

ജനപ്പെരുപ്പം എന്ന 'വിപത്തി'നെ ആവിഷ്കരിച്ച ആദ്യത്തെയോ അവസാനത്തെയോ ചിത്രമല്ല 'സോയ്‌ലെന്റ് ഗ്രീൻ.' 2013ൽ ഡാൻ ബ്രൗൺ എഴുതിയ 'ഇൻഫേർണോ' എന്ന നോവൽ ആധാരമാക്കി 2016ൽ നിർമിച്ച അതേപേരിലുള്ള ചിത്രത്തിലും വിഷയം ജനപ്പെരുപ്പമായിരുന്നു. ജനപ്പെരുപ്പം ദുരന്തങ്ങൾ വരുത്തുമെന്നു ധരിച്ച ഒരു ശാസ്ത്രജ്ഞൻ ജനസംഖ്യയിൽ വലിയ പങ്കിനെ കൊന്നൊടുക്കാനായി ഒരു വൈറസിനെ തുറന്നു വിടുന്നതും, റോബർട്ട് ലാംഗ്ഡൺ (ടോം ഹാങ്ക്സ്) ആ അത്യാഹിതം തടയുന്നതുമാണു കഥ.

സിനിമകൾ അല്ല വിഷയം. ജനപ്പെരുപ്പത്തെപ്പറ്റി സിനിമകൾ പലതുണ്ട്.

# ഒരു വലിയ അബദ്ധസിദ്ധാന്തം

ജനസംഖ്യാതത്വം സംബന്ധിച്ച ഒരു ഉപന്യാസം (An Essay on the Principle of Population) എന്ന പേരിൽ തോമസ് റോബർട്ട് മാൽത്തൂസ് 1798ൽ പ്രസിദ്ധീകരിച്ച പ്രബന്ധം രണ്ടു നൂറ്റാണ്ടുകാലം ലോകത്തെ വല്ലാതെ സ്വാധീനിച്ചു. അതിൽ പറയുന്നത് ഇതാണ്: ജനസംഖ്യ 2, 4, 8, 16, 32.... എന്ന രീതിയിൽ വളരുന്നു. ഈ ജനത്തിനാവശ്യമായ വിഭവങ്ങൾ (മുഖ്യമായും ഭക്ഷണം) 2, 4, 6, 8, 10.... എന്നിങ്ങനെയാണ് വർധിക്കുന്നത്. ജനസംഖ്യ രണ്ടോ മൂന്നോ ദശകംകൊണ്ട് ഇരട്ടിക്കുന്നു. വിഭവങ്ങൾ വളരെ സാവധാനം മാത്രം കൂടുന്നു. ലോകം വൈകാതെ പട്ടിണിയിലാകും. പുസ്തകം ശ്രദ്ധിക്കപ്പെട്ടു. ലോകം മാൽത്തൂസിന്റെ നിഗമനങ്ങളെപ്പറ്റി ആശങ്കാകുലമായി.

എന്നാൽ മാൽത്തൂസ് പറഞ്ഞതുപോലെ, ഓരോ തലമുറയിലും ലോകജനസംഖ്യ ഇരട്ടിച്ചില്ല. അതിന് ഏറെ കാലമെടുത്തു. യുണൈറ്റഡ് നേഷൻസിന്റെ ജനസംഖ്യാവിഭാഗം സ്വീകരിച്ചിട്ടുള്ള കണക്കനുസരിച്ച്, 1804ലാണ് ലോകജനസംഖ്യ നൂറു കോടിയിൽ എത്തിയത്. അവിടെനിന്ന് ഇരട്ടിച്ച് 200 കോടിയാകാൻ ഒന്നേകാൽ നൂറ്റാണ്ട് എടുത്തു. 1927ലാണ് അതു സംഭവിച്ചത്. പിന്നീടു കുറേക്കൂടി വേഗത്തിലായി ജനപ്പെരുപ്പം. 1960ൽ 300 കോടി, 1974ൽ 400 കോടി, 1987ൽ അഞ്ഞൂറു കോടി, 1998ൽ 600 കോടി, 2010ൽ 700 കോടി എന്നിങ്ങനെ. അപ്പോഴും ഇരട്ടിപ്പിന്റെ വേഗം മാൽത്തൂസിയൻ പ്രവചനത്തോളം വന്നില്ല.

അതിനേക്കാൾ പ്രധാനം, ജനങ്ങൾക്കാവശ്യമായ വിഭവങ്ങൾ വർധിച്ചു എന്നതാണ്. ധാന്യ ഉല്പാദനം ശതഗുണീഭവിച്ചു. കാർഷികോല്പന്നങ്ങളുടെ ഉല്പാദനക്ഷമത അനേകമടങ്ങായി. ഒപ്പം 18-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ജനങ്ങളെ ഇല്ലാതാക്കിയിരുന്ന പകർച്ചവ്യാധികളും മാറാരോഗങ്ങളും ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെട്ടു.

ഇന്നും പട്ടിണി വിട്ടുമാറിയിട്ടില്ല എന്നതു ശരിയാണെങ്കിലും, വിഭവദാരിദ്ര്യമല്ല പ്രശ്നം എന്ന് എല്ലാവർക്കും അറിയാം. വിഭവവിതരണമാണ് പട്ടിണിയിലേക്കു നയിക്കുന്നത്. ധനശാസ്ത്ര നൊബേൽ ജേതാക്കളായ അമർത്യാ സെനും അഭിജിത് ബാനർജിയുമൊക്കെ അതു വിശദീകരിച്ചിട്ടുള്ളതാണ്. പ്രവചനത്തെ പരാജയപ്പെടുത്താൻ ശാസ്ത്രത്തിനു കഴിഞ്ഞു എന്നു ചുരുക്കിപ്പറയാം.

**എർലീഹിന്റെ ബോംബ്**

1968ൽ സ്റ്റാൻഫഡ് (യുഎസ്) സർവകലാശാലയിലെ പ്രഫസർ പോൾ ആർ. എർലീഹും

അതു ലോകമെങ്ങും പാഠ്യപദ്ധതികളിലുമുണ്ട്. ജനപ്പെരുപ്പ സിദ്ധാന്തത്തിന്റെ അബദ്ധങ്ങൾ ലോകം മനസിലാക്കിയിട്ടും അത് 'പണ്ഡിതസമിതികൾ' സ്വീകരിക്കുന്നില്ല എന്ന യാഥാർഥ്യവും നാം കാണുന്നു.

എന്നാൽ, ജനച്ചുരുക്കം അഥവാ ജനസംഖ്യ കുറയുന്നത് ഇതിവൃത്തമാക്കി സിനിമകൾ ഇറങ്ങിത്തുടങ്ങിയിട്ടില്ല. പക്ഷേ ഇന്നു ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിഷയങ്ങളിൽ ഒന്നാണ് ജനസംഖ്യാശോഷണം. മിക്ക വികസിതരാജ്യങ്ങളിലും അവശ്യസേവനങ്ങൾക്കു പോലും നാട്ടുകാർ ഇല്ലാത്ത നിലയായി. എങ്കിലും ആ വിഷയം ജനകീയസംവാദത്തിന്റെ ഭാഗമായി ഇനിയും മാറിയിട്ടില്ല. അതിന്റെ ദൂഷ്യഫലങ്ങൾ അനുഭവിക്കാനിരിക്കുന്ന തലമുറ ആ വിഷയം സംസാരിക്കാൻ ഇഷ്ടപ്പെടുന്നില്ല. ദൂഷ്യഫലങ്ങൾ അനുഭവിച്ചു തുടങ്ങിയവർ പറയുന്നതു ശ്രദ്ധിക്കാൻ ആരുമില്ലാത്ത നിലയും.

**വിജനഭവനങ്ങൾ**

കുട്ടികൾ ഇല്ലാത്ത വീടുകൾ ക്രമേണ വിജനഗൃഹങ്ങൾ ആകുന്നത് നാം കേരളത്തിൽ കുറേക്കാലമായി കണ്ടുവരുന്നുണ്ട്. എന്നാൽ വിജനഭവനങ്ങൾ വിജനഗ്രാമങ്ങളും വിജനപട്ടണങ്ങളുമായി വളരുന്നത് പലരുടെയും ചിന്തയിൽ വന്നിട്ടില്ല. ജനസംഖ്യ കുറഞ്ഞു രാജ്യങ്ങൾ വിഷമസന്ധിയിൽ എത്തുന്നതു കേൾക്കുമ്പോഴും അത് ഗൗരവവിഷയമായി

ഭാര്യ ആനും കൂടി ഒരു പുസ്തകമെഴുതി - ജനസംഖ്യാ ബോംബ് (The Population Bomb). പുസ്തകത്തിന്റെ തുടക്കം ഇങ്ങനെയായിരുന്നു: '1970കളിൽ ലക്ഷക്കണക്കിനു പേർ മരിക്കുന്ന പട്ടിണി തടഞ്ഞു നിർത്താൻ ഒന്നിനും കഴിയില്ല.' ലോകം ഞെട്ടി. ലോകരാഷ്ട്രങ്ങൾ ജനസംഖ്യ നിയന്ത്രിക്കാനുള്ള വഴികൾ തേടി. പലേടത്തും സർക്കാർ പലതരം നിർബന്ധിത നിയന്ത്രണനടപടികൾ കൊണ്ടുവന്നു. ദമ്പതികൾക്ക് ഒറ്റക്കുട്ടിയേ പാടുള്ളൂ എന്ന നിയമം ചൈന നടപ്പാക്കി. പക്ഷേ എർലീഹ് പറഞ്ഞതുപോലെ വ്യാപകമായ പട്ടിണിമരണം ഉണ്ടായില്ല. അദ്ദേഹം പ്രവചിച്ചതുപോലെ മരണനിരക്ക് വർധിച്ചതുമില്ല.

**സംഭവിച്ചതോ?**

ജനസംഖ്യയുടെ വളർച്ചത്തോത് കുറഞ്ഞു. ഇപ്പോളത് അതിവേഗം കുറയുകയാണ്. ആഫ്രിക്കയിലും ചില ഏഷ്യൻ രാജ്യങ്ങളിലും മാത്രമാണ് ഇപ്പോൾ ജനസംഖ്യയിൽ ഗണ്യമായ വർധനയുള്ളത്. എല്ലാം തീർത്തും ദരിദ്രമായ രാജ്യങ്ങൾ. കഴിഞ്ഞവർഷം ജനസംഖ്യ അഞ്ചു ശതമാനം വളർന്ന തെക്കൻ സുഡാനാണ് അതിൽ മുന്നിൽ. ബുറുണ്ടി, നൈജർ, അംഗോള, ബെനിൻ, യുഗാണ്ട, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ചാഡ് എന്നീ രാജ്യങ്ങൾ മൂന്നുശതമാനത്തിലധികം ജനസംഖ്യാവളർച്ച കാണിക്കുന്നു. മാൽത്തൂസും എർലീഹും പ്രവചിച്ച ദുരന്തങ്ങൾ സംഭവിച്ചില്ല.

**വളർച്ചയുടെ പരിധി**

1972ൽ ദ ക്ലബ് ഓഫ് റോം ഒരു പുസ്തകം പ്രസിദ്ധീകരിച്ചു; The Limits to Growth (വളർച്ചയുടെ പരിധി). വൻവ്യവസായികളും അതിസമ്പന്നരും പ്രശസ്ത പണ്ഡിതരും അംഗങ്ങളായ ക്ലബ് ലോകത്തിന് ഒരു ആത്മപരിശോധനയ്ക്കു വിഷയം നല്കുകയായിരുന്നു. ലോകം ഈ രീതിയിൽ വിഭവങ്ങൾ ഉപയോഗിച്ചാൽ ദുരിതവും ദാരിദ്ര്യവും പ്രകൃതിനാശവുമാകും ഫലം എന്നാണ് അതിൽ പറഞ്ഞത്.

ഇത്തരം ദുരന്തപ്രവചനങ്ങളെല്ലാം ലോകത്ത് എളുപ്പം ശ്രദ്ധിക്കപ്പെട്ടു. ശാസ്ത്രീയമല്ലെങ്കിലും അവയിൽ ചേർത്ത കണക്കുകളും ഗ്രാഫുകളും നിഗമനങ്ങളും ലോകം സ്വീകരിച്ചു. അവയിൽ പറയുന്ന പല ദുരന്തങ്ങളെയും അതിജീവിക്കാൻ മനുഷ്യപ്രതിഭയ്ക്കു കഴിയും എന്ന സാമാന്യയുക്തിയോ ശരിയായ ശാസ്ത്രബോധമോ ഇല്ലാത്തവർ അതെല്ലാം പ്രചരിപ്പിച്ചു. ഇപ്പോഴും ജനപ്പെരുപ്പത്തെപ്പറ്റി ആശങ്ക പരത്തുന്നവർ ശാസ്ത്രം നേടിയ വളർച്ചയെ വിശ്വസിക്കാത്തവരാണ്. മനുഷ്യർ വിഭവങ്ങൾ ഉപയോഗിച്ചു തീർക്കും എന്നു കരുതുന്നവർ, മനുഷ്യർ തങ്ങളുടെ എണ്ണം കുറച്ചുവരുന്നതിന്റെ മറുവശം കാണുന്നില്ല.

പലരും കാണുന്നില്ല. വിജനഗൃഹങ്ങൾ ഭൂമിയെ വിജനഗ്രഹം ആക്കി മാറ്റാനുള്ള സാധ്യത അധികമാരുടെയും ഭാവനയിലും എത്തിയിട്ടില്ല. അതുകൊണ്ടാണല്ലോ 2019ൽ ഡാരൽ ബ്രിക്കറും ജോൺ ഇബിറ്റ്സണും ചേർന്ന് എഴുതിയ 'എംപ്റ്റി പ്ലാനറ്റ്' (ശൂന്യഗ്രഹം) വേണ്ടത്ര ചർച്ചചെയ്യപ്പെടാത്തത്.

ജനസംഖ്യ കുറയുന്നു. ചെറിയ ദ്വീപ്രാജ്യങ്ങളിലും പടിഞ്ഞാറോട്ടു നിരന്തരമായി കുടിയേറ്റം നടക്കുന്ന കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും നേരത്തേ കണ്ടിരുന്ന പ്രതിഭാസം ഇപ്പോൾ ഏഷ്യയിലും പടിഞ്ഞാറൻ യൂറോപ്പിലും അമേരിക്കയിലും വ്യാപിക്കുകയാണ്.





**ജനപ്പെരുപ്പമല്ല, വിഭവവിതരണത്തിലേയും വിഭവ ഉടമസ്ഥതയിലെയും അനീതിയാണു യഥാർഥ സാമൂഹികപ്രശ്നം എന്നു ചൂണ്ടിക്കാട്ടിയ ക്രൈസ്തവസഭകൾ അടക്കമുള്ളവർ പറഞ്ഞതിലെ ശരി ഇന്നു ലോകം മനസിലാക്കുന്നു.**

### ചൈനയും 53 രാജ്യങ്ങളും

രണ്ടു വർഷം മുമ്പുവരെ ലോകത്തിൽ ഏറ്റവുമധികം ജനസംഖ്യ ഉള്ള രാജ്യമായിരുന്ന ചൈന, മൂന്നു വർഷമായി ജനസംഖ്യാശോഷണത്തിലാണ്. 2021ൽ 141.23 കോടി ആയിരുന്ന ജനസംഖ്യ 2022ൽ 141.18 കോടിയും, 2023ൽ 140.97 കോടിയുമായി കുറഞ്ഞു എന്നാണു കണക്കാക്കുന്നത്. 2023ൽ ചൈനയിൽ 90.2 ലക്ഷം കുട്ടികൾ ജനിച്ചപ്പോൾ മരണം 111 ലക്ഷമായിരുന്നു. 2024ൽ ജനസംഖ്യ വർധിച്ചതായി ചിലർ കണക്കാക്കുന്നുണ്ട്. (ഈ നിഗമനം സ്വീകരിക്കാത്തവരുമുണ്ട്.)

റഷ്യ, ജപ്പാൻ, ദക്ഷിണകൊറിയ, ഗ്രീസ്, യുക്രെയ്ൻ, ഇറ്റലി, ബൾഗേറിയ, പോർച്ചുഗൽ, ലിത്വാനിയ, റൊമാനിയ, പോളണ്ട്, ലാത്‌വിയ, എസ്റ്റോണിയ, സെർബിയ, ജോർജിയ, അർമേനിയ തുടങ്ങി 54 രാജ്യങ്ങൾ 2024ൽ ജനസംഖ്യാശോഷണം നേരിട്ടുകഴിഞ്ഞു. കുടിയേറ്റവും അഭയാർഥിപ്രവാഹവുമില്ലെങ്കിൽ പടിഞ്ഞാറൻ യൂറോപ്പിലും കാനഡയിലും ജനസംഖ്യ വർഷങ്ങൾക്കു മുമ്പേ ചുരുങ്ങിത്തുടങ്ങുമായിരുന്നു.

ജനം കുറഞ്ഞു തുടങ്ങിയ രാജ്യങ്ങളിൽ എല്ലാംകൂടി ലോകജനസംഖ്യയുടെ നാലിൽ ഒരു ഭാഗം മാത്രമാണു താമസിക്കുന്നത്.

വേറൊരു 130 രാജ്യങ്ങളിൽ ജനസംഖ്യയെ നിലവിലുള്ള തോതിൽ നിലനിർത്താൻ ആവശ്യമായ ജനനത്തോത് ഇല്ല. ജനസംഖ്യ കുറയാതിരിക്കാൻ വേണ്ട പ്രത്യുത്പാദന നിരക്ക് (TFR- Total Fertility Rate - ഒരു സ്ത്രീ ആയുഷ്കാലത്തു നടത്തുന്ന പ്രജനനസംഖ്യ) 2.1 ആണ്. ഇതിലും താഴെ മാത്രം പ്രത്യുത്പാദന നിരക്കുള്ള രാജ്യങ്ങളിൽ എല്ലാംകൂടി ലോകജനസംഖ്യയുടെ 50 ശതമാനത്തോളം വരും. പടിഞ്ഞാറൻ യൂറോപ്പിൽ 1.53 ആണ് പ്രത്യുത്പാദന നിരക്ക്.

### സർക്കാർ ചെലവിൽ ഡേറ്റിംഗ്

റഷ്യയും ചൈനയും ദക്ഷിണകൊറിയയും ജപ്പാനുമൊക്കെ കുറയുന്ന ജനസംഖ്യയെ നിലനിർത്തുകയോ കൂട്ടുകയോ ചെയ്യാൻ വഴിതേടുകയാണ്. റഷ്യയിലെ ഓഫറുകൾ നോക്കുക: യുവാക്കൾക്കു ഡേറ്റിംഗിന് പണം. പ്രഥമരാത്രി ആഘോഷിക്കുന്ന ഹോട്ടൽമുറിയുടെ വാടകയ്ക്കു സബ്സിഡി. രണ്ടു കുട്ടികൾ ഉള്ള

കുടുംബത്തിന് ആദായനികുതി കിഴിവ്.

പക്ഷേ, ഒന്നും ഫലിക്കുന്നില്ല. ജനനം കുറയുക തന്നെയാണ്. 2024ന്റെ ആദ്യപകുതിയിൽ റഷ്യയിലെ ജനനം 5.996 ലക്ഷം മാത്രം. കഴിഞ്ഞ വർഷം ആദ്യപകുതിയിലേതിലും 16,000 എണ്ണം കുറവ്. 14.48 കോടി ജനങ്ങൾ (2024 നിഗമനം) ഉള്ള റഷ്യയിൽ സർക്കാർ പറയുന്നത് പ്രത്യുത്പാദന നിരക്ക് (TFR) 1.83 ഉണ്ടെന്നാണ്. എന്നാൽ പാശ്ചാത്യനിരീക്ഷകർ 1.4 എന്നാണു കണക്കാക്കുന്നത്. യുക്രെയ്നെതിരേ പോരാടാൻ കൂലിപ്പടയാളികളെ വരെ കിട്ടാതായപ്പോൾ ഉത്തരകൊറിയൻ സ്വേഛാധിപതിയുടെ പട്ടാളത്തെ ഇറക്കേണ്ടിവന്ന രാജ്യമായി റഷ്യ മാറിയത് ഇങ്ങനെയാണ്.

### കുട്ടികൾ വേണ്ടെന്നു പറഞ്ഞാൽ ശിക്ഷ

ഏറ്റവും പുതുതായി വ്ലാദിമിർ പുടിന്റെ സർക്കാർ ചെയ്യുന്നത്, കുട്ടികൾ വേണ്ടാ എന്നു പ്രചരിപ്പിക്കുന്നവരെ ശിക്ഷിക്കുന്നതാണ്. അത്തരം പ്രചാരണം നടത്തിയാൽ വ്യക്തികൾക്ക് നാലു ലക്ഷം റൂബിളും (3.2 ലക്ഷം രൂപ), സംഘടനകൾക്ക് 50 ലക്ഷം റൂബിളും (40 ലക്ഷം രൂപ) പിഴ ചുമത്തും.

ജപ്പാനിലെ ടോക്കിയോ നഗര ഭരണകൂടം ജനനം വർധിപ്പിക്കാൻ ആഴ്ചയിലെ ജോലിദിവസങ്ങൾ നാലായി കുറയ്ക്കുന്നു. ജോലിഭാരംമൂലം കുടുംബത്തെ ശ്രദ്ധിക്കാനോ ഉല്ലസിക്കാനോ കഴിയുന്നില്ല എന്ന പരാതി പരിഹരിക്കുകയാണു ലക്ഷ്യം. ജപ്പാനിൽ പ്രത്യുത്പാദന നിരക്ക് 1.2 ആയിരിക്കുമ്പോൾ ടോക്കിയോ മഹാനഗരത്തിൽ 0.99 മാത്രം.

### 15,000 കെജികൾ അടച്ചു

ചൈന ജനസംഖ്യയിലെ ഒന്നാം സ്ഥാനത്തുനിന്നു മാറിയ ശേഷം ജനനവും ജനനനിരക്കും വീണ്ടും കുറഞ്ഞു. ഈ കുറയലിന്റെ ഒരു ഫലം ശ്രദ്ധിക്കുക. കഴിഞ്ഞ വർഷം 14,808 കിൻഡർ ഗാർട്ടനുകൾ അടച്ചു. കെജി പ്രവേശനം 11.55 ശതമാനം കുറഞ്ഞു. 5645 പ്രൈമറി സ്കൂളുകളും അടച്ചു. ജനസംഖ്യാ ശോഷണത്തിന്റെ പാർശ്വഫലമാണത്. കുറച്ചു കിൻഡർ ഗാർട്ടനുകളും സ്കൂളുകളും മതി. ഭാവിയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും കുറച്ചു മതിയാകും.

പക്ഷേ അവിടെ തീരുന്നില്ല വിഷയങ്ങൾ. ജനസംഖ്യ കുറയുമ്പോൾ പണിയെടുക്കാൻ ആൾ കുറയും. തൊഴിൽമേഖലയിൽ പുതിയ ആൾക്കാർ കുറയുമ്പോൾ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നല്കുന്നതും മറ്റും പ്രയാസമാകും.

### എണ്ണം കുറയുന്നു, പ്രതിഭ കുറയുന്നു

ചെറുപ്പക്കാർ കുറയുമ്പോൾ സമൂഹത്തിൽ ഉപഭോഗം കുറയും. വസ്ത്രം മുതൽ

**ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ**

**യുഎൻ തയാറാക്കിയ പട്ടികയിൽ നിന്ന് (ജനസംഖ്യാക്രമത്തിൽ, പ്രതീക്ഷിക്കുന്ന ജനസംഖ്യ കോടിയിൽ)**

| | |
|---|---|
| **2023** | |
| 1. ഇന്ത്യ | 142.86 |
| 2. ചൈന | 142.57 |
| 3. യുഎസ്എ | 34.0 |
| 4. ഇൻഡോനേഷ്യ | 27.75 |
| 5. പാകിസ്ഥാൻ | 24.05 |
| 6. നൈജീരിയ | 22.38 |
| 7. ബ്രസീൽ | 21.64 |
| 8. ബംഗ്ലാദേശ് | 17.3 |
| 9. റഷ്യ | 14.44 |
| 10. മെക്സിക്കോ | 12.85 |
| **2050** | |
| 1. ഇന്ത്യ | 166.8 |
| 2. ചൈന | 131.7 |
| 3. യുഎസ്എ | 37.5 |
| 4. നൈജീരിയ | 37.5 |
| 5. പാകിസ്ഥാൻ | 36.6 |
| 6. ഇൻഡോനേഷ്യ | 31.7 |
| 7. ബ്രസീൽ | 23.1 |
| 8. കോംഗോ (ഡിആർസി) | 21.5 |
| 9. എത്യോപ്യ | 21.3 |
| 10. ബംഗ്ലാദേശ് | 20.4 |
| **2100** | |
| 1. ഇന്ത്യ | 109.8 |
| 2. നൈജീരിയ | 79.1 |
| 3. ചൈന | 73.2 |
| 4. യുഎസ്എ | 33.6 |
| 5. പാകിസ്ഥാൻ | 24.8 |
| 6. കോംഗോ (ഡിആർസി) | 24.6 |
| 7. ഇൻഡോനേഷ്യ | 22.9 |
| 8. എത്യോപ്യ | 22.3 |
| 9. ഈജിപ്ത് | 19.9 |
| 10. ടാൻസാനിയ | 18.6 |

**കുടുംബത്തേക്കാൾ കരിയറും, കുട്ടികളേക്കാൾ പ്രഫഷണൽ ഉയർച്ചയും മാത്രം പ്രധാനമായി കാണുന്ന തലമുറയാണ് നമുക്കു ചുറ്റും വളരുന്നത്.**

## ഇന്ത്യയും ചൈനീസ് വഴിയേ?

*ജനസംഖ്യയിൽ ലോകത്ത് ഒന്നാംസ്ഥാനത്ത് എത്തിയ ഇന്ത്യ അഭിമുഖീകരിക്കാൻ പോകുന്ന വിഷയങ്ങൾ നിരവധിയാണ്. ഇവിടെ ജനസംഖ്യയുടെ വളർച്ചാപ്രവണത മാറിയിട്ട് ദശകങ്ങളായി. പ്രത്യുത്പാദനനിരക്ക് രണ്ടിലേക്കു താഴ്ന്നു. ജനസംഖ്യ കുറയാതിരിക്കാൻ വേണ്ടതിലും കുറവ്. ജനസംഖ്യ കുറയുന്ന പ്രവണതയിലേക്കു രാജ്യം മാറാൻ അധികം താമസമില്ല.*

*യുഎൻ ജനസംഖ്യാ ഫണ്ടിന്റെ 2024ലെ പഠനമനുസരിച്ച് ഇന്ത്യയുടെ ജനസംഖ്യ 2062ൽ 170 കോടി ആകും. അതാകും ഇന്ത്യൻ ജനസംഖ്യയുടെ പാരമ്യം. പിന്നീടു കുറയും. 2100ൽ 150 കോടിയായി കുറയും.*

*ലോക ജനസംഖ്യയുടെ വളർച്ച 2080കളുടെ പകുതി വരെ തുടർന്ന് 1030 കോടിയിൽ എത്തും. പിന്നീടു താഴും.*

### ഇതു സുവർണാവസരം

*ഇപ്പോൾ ഇന്ത്യൻ ജനസംഖ്യയുടെ മധ്യപ്രായം (Median Age) 28 വയസാണ്. നല്ല യൗവനം. ജനസംഖ്യയുടെ 68 ശതമാനം 15നും 64നുമിടയിൽ പ്രായമുള്ളവരാണ്. 25 ശതമാനം 14 വയസ് വരെയുള്ളവരും. ഏഴു ശതമാനം മാത്രമേ 65 വയസിനു മുകളിലുള്ളൂ. മധ്യപ്രായം 38 വയസും, 65 വയസിനുമേൽ പ്രായമുള്ളവർ 14 ശതമാനവുമുള്ള ചൈനയെ അപേക്ഷിച്ച്, വളരെ അനുകൂല അവസ്ഥ. ഇതു നല്കുന്ന നേട്ടം (Demographic Dividend) പ്രയോജനപ്പെടുത്താൻ രാജ്യത്തിനു കഴിയുമോ എന്നതാണ് ഇന്ത്യ ഇന്നു നേരിടുന്ന ഏറ്റവും വലിയ ചോദ്യം.*

### ചൈനീസ് പാഠം

*ഒന്നാംസ്ഥാനം നഷ്ടപ്പെട്ട ചൈന ഒരു പാഠം നമുക്കു നല്കുന്നുണ്ട്. ജനസംഖ്യാവർധനയുടെ തോതു കുറയുന്നത് സാമ്പത്തികവളർച്ചയെ സഹായിക്കും എന്നു പറഞ്ഞിരുന്ന കാലം എന്നേ കഴിഞ്ഞു. ഉപഭോക്താക്കൾ കൂടുമ്പോഴേ ബിസിനസ് വളരൂ. അപ്പോഴേ കൂടുതൽ മുതൽമുടക്ക് ഉണ്ടാകൂ. 1937 ഫെബ്രുവരി 16ന് ലണ്ടനിലെ യൂജനിക്സ് സൊസൈറ്റിയിൽ പ്രസംഗിക്കവേ, പ്രശസ്ത ധനശാസ്ത്രജ്ഞൻ ജോൺ മേനാർഡ് കെയ്ൻസ് പറഞ്ഞു: "ജനസംഖ്യ വർധിക്കുന്നതിനു പകരം കുറയുന്നതിന്റെ പ്രത്യാഘാതം വിനാശകരമായിരിക്കും." ഇപ്പോൾ ചൈന അതു മനസിലാക്കി തുടങ്ങുകയാണ്. അധ്വാനിക്കുന്ന പ്രായത്തിലുള്ള ജനം കുറയുന്നു, ചെറുപ്പക്കാർ കുറയുന്നു, വൃദ്ധജനങ്ങളുടെ എണ്ണവും അനുപാതവും കൂടുന്നു.*

ഭക്ഷണം വരെ കൂടുതൽ ആവശ്യമുള്ളത് ചെറുപ്പക്കാർക്കാണ്. അവർ കുറഞ്ഞാൽ ഉല്ലാസകേന്ദ്രങ്ങളിലും തിരക്കില്ലാതാകും. ജനം കുറയുമ്പോൾ ആരാധനാലയങ്ങളിലും ആൾ കുറയും.

അതിനേക്കാൾ വലിയ വിഷയം ബൗദ്ധികവും കലാപരവുമായ രംഗങ്ങളിലാണ് വരിക. ആൾ കുറയുമ്പോൾ കലാപ്രതിഭകളും ശാസ്ത്രജ്ഞരും കവികളും എഴുത്തുകാരും കായികതാരങ്ങളും കുറയും. കണ്ടുപിടുത്തങ്ങളും ആവിഷ്കാരങ്ങളും സൃഷ്ടികളും കുറയും. നേതാക്കളും സംഘാടകരും കുറയും. ഭാവിസമൂഹത്തിന്റെ വിധാതാക്കൾ വേണ്ടത്ര കഴിവുള്ളവർ ആയിരിക്കില്ല എന്നും ഭയപ്പെടണം.

### 'ഇറ്റലി അപ്രത്യക്ഷമാകും'

സർക്കാർ വലിയ പ്രോത്സാഹനം നല്കിയിട്ടും ചൈനയിലോ ജപ്പാനിലോ ദക്ഷിണകൊറിയയിലോ ദമ്പതികൾ കൂടുതൽ ജനനം ഉറപ്പു വരുത്തുന്നില്ല. എന്നുമാത്രമല്ല, വിവാഹം ഒഴിവാക്കിയും വിവാഹം വൈകിച്ചും ജനസംഖ്യ കുറയ്ക്കാൻ ആ രാജ്യങ്ങളിലെ യുവാക്കൾ മത്സരിക്കുകയാണ്.

യുഎൻ ജനസംഖ്യാ വിഭാഗത്തിന്റെ കണക്കുകൾപ്രകാരം, ചൈനയും ജപ്പാനും



**യുക്രെയ്നെതിരേ പോരാടാൻ കൂലിപ്പടയാളികളെ വരെ കിട്ടാതായപ്പോൾ ഉത്തരകൊറിയൻ സ്വേച്ഛാധിപതിയുടെ പട്ടാളത്തെ ഇറക്കേണ്ടിവന്ന രാജ്യമായി റഷ്യ മാറിയത് ജനസംഖ്യാ ശോഷണം മൂലമാണ്.**

ദക്ഷിണകൊറിയയും ഇറ്റലിയുമടക്കം 30 രാജ്യങ്ങളിൽ 2100ലെ ജനസംഖ്യ ഇന്നത്തേതിന്റെ പകുതിയിൽ താഴെയാകും. അതുകൊണ്ടാണ് 'ഇറ്റലി അപ്രത്യക്ഷമാകാൻ പോകുന്നു' എന്നു പ്രധാനമന്ത്രി ജോർജിയോ മെലോണി വിലപിച്ചത്. ഒരു സമൂഹം എന്ന നിലയിൽ ഭാവിയുണ്ടോ എന്ന ചോദ്യമാണു ജപ്പാൻ നേരിടുന്നത് എന്നു മുൻപ്രധാനമന്ത്രി ഫ്യൂമിയോ കിഷിഡ പറഞ്ഞതിനു പിന്നിലും മറ്റൊന്നല്ല.

### തിരിച്ചുവരവില്ല?

ജനസംഖ്യ കുറയാൻ തുടങ്ങിയാൽ പിന്നീടു തിരിച്ചുകയറ്റം ഉണ്ടാകില്ല. ഒരു പ്രമാണംപോലെ ജനസംഖ്യാപഠിതാക്കൾ സ്വീകരിച്ചിട്ടുള്ളതാണ് ഇത്. രണ്ടു മൂന്നു ദശകങ്ങളിലെ അനുഭവസാക്ഷ്യം മാത്രമേ ആ സിദ്ധാന്തത്തിനു പിൻബലമായി ഉള്ളു. ജനസംഖ്യ കുറയുന്ന പ്രതിഭാസം പുതിയതാണ് എന്നതു തന്നെ കാരണം. വലിയ സിദ്ധാന്തരൂപീകരണങ്ങൾക്കു സമയമായിട്ടില്ല. പ്രാഥമിക നിരീക്ഷണങ്ങൾ നടന്നുവരുമ്പോൾ തന്നെ ഈ പ്രതിഭാസം വിപുലമായ തോതിൽ പല മേഖലകളിലേക്കും വ്യാപിച്ചു.

പ്രാദേശികമായി ഒറ്റപ്പെട്ട ജനസംഖ്യാശോഷണവും പ്രദേശങ്ങൾ വിജനമാകലും പണ്ട് ഉണ്ടായിട്ടില്ലെന്നല്ല. അവയ്ക്കു പ്രാദേശികകാരണങ്ങൾ - രാഷ്ട്രീയം, മതം, മഹാമാരി, പ്രകൃതിക്ഷോഭം - ഉണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയല്ല. ശാസ്ത്രവും സാങ്കേതികവിദ്യയും സ്ത്രീവിദ്യാഭ്യാസവും സർവോപരി നഗരവത്കരണവും ചേർന്ന് ഒരുക്കുന്ന ആഗോളപ്രതിഭാസമാണു ജനസംഖ്യാശോഷണം.

അനന്തമായി വർധിച്ചു വരുന്ന ജനസംഖ്യയെ തീറ്റിപ്പോറ്റാൻ ഭൂമിക്കു കഴിവില്ലെന്ന് 1798ൽ തോമസ് റോബർട്ട് മാൽത്തൂസ് എഴുതിവെച്ചതാണ് അടുത്തനാൾ വരെ മാനവചിന്തയെ നയിച്ചുപോന്നത്. ആ ചിന്തയുടെ തുടർക്കഥ ആദ്യം പറഞ്ഞ ചലച്ചിത്രങ്ങളിൽ



**യുഎൻ ജനസംഖ്യാ വിഭാഗത്തിന്റെ കണക്കുകൾപ്രകാരം, ചൈനയും ജപ്പാനും ദക്ഷിണകൊറിയയും ഇറ്റലിയുമടക്കം 30 രാജ്യങ്ങളിൽ 2100ലെ ജനസംഖ്യ ഇന്നത്തേതിന്റെ പകുതിയിൽ താഴെയാകും.**

കാണാം. ഇനിയിപ്പോൾ അതല്ല വിഷയം. ഭക്ഷണത്തിനു വിഷമമില്ല. ജനം കുറയുന്നതാണ് ഇന്നിന്റെ വിഷയം, നാളെയുടെയും.

ജനപ്പെരുപ്പമല്ല, വിഭവവിതരണത്തിലേയും വിഭവ ഉടമസ്ഥതയിലെയും അനീതിയാണു യഥാർഥ സാമൂഹികപ്രശ്നം എന്നു ചൂണ്ടിക്കാട്ടിയ ക്രൈസ്തവസഭകൾ അടക്കമുള്ളവർ പറഞ്ഞതിലെ ശരി ഇന്നു ലോകം മനസിലാക്കുന്നു. മെച്ചപ്പെട്ട ജീവിതത്തിനുവേണ്ടി ജനനമടക്കം കാര്യങ്ങൾ നിയന്ത്രിച്ച തലമുറകളും, ഇപ്പോൾ കണക്കുകൂട്ടലുകളുടെ അബദ്ധം തിരിച്ചറിയുന്നു.

### മാറിച്ചിന്തിക്കുന്ന തലമുറ

സമൂഹം മാറിച്ചിന്തിക്കുന്നു. അതാണു സംഭവിക്കുന്നത്. ജനസംഖ്യ കൂടുന്നത് വിപത്താണെന്നു പഠിപ്പിച്ചുപോന്ന ഭരണകൂടങ്ങൾ അതു തിരുത്തിപ്പറഞ്ഞു. ജനനം കുറയ്ക്കാൻ നിയമം പ്രയോഗിച്ച സർക്കാരുകൾ, ഇപ്പോൾ ജനനം കൂട്ടാൻ സമ്മാനങ്ങൾ നല്കുന്നു. പക്ഷേ സമൂഹം അതു സ്വീകരിക്കുന്നില്ല. അവർ വേറൊന്നാണു പറയുന്നത്.

അതെന്താണെന്ന് ദക്ഷിണ കൊറിയയിലെ തീവ്രഫെമിനിസ്റ്റുകളുടെ ഫോർ ബി (4B) പ്രസ്ഥാനം പറയുന്നതു ശ്രദ്ധിക്കുക. കൊറിയൻ ഭാഷയിലെ bi എന്ന വാക്കിന് ഇല്ല, വേണ്ട (No) എന്നൊക്കെ അർഥം.

4 B (Four Nos) പ്രസ്ഥാനം പറയുന്നത് നാലു കാര്യങ്ങളാണ്:

ബി ഹോൺ - വിവാഹം വേണ്ട
ബി ചുൽസാൻ - പ്രസവം വേണ്ട
ബി യിഓണെ - ഡേറ്റിംഗ് വേണ്ട
ബി സെക്സൻ - സെക്സ് വേണ്ട.

കൊറിയയിലെ ഒരു ചെറു ഡിജിറ്റൽ ഗ്രൂപ്പാണ് ഫോർ ബി. അതിൽ ഏതാനുമായിരം അംഗങ്ങൾ മാത്രം. പക്ഷേ അവർ പറയുന്ന കാര്യങ്ങൾ പലതും കേരളമടക്കം എല്ലായിടത്തും നാം കേൾക്കുന്നുണ്ട്.

### ഇപ്പോൾ വേണ്ട, ഇനി വേണ്ട

നല്ല വിദ്യാഭ്യാസവും നല്ല ജോലിയുമുള്ളവർ വിവാഹം വേണ്ട, വിവാഹം ഇപ്പോൾ വേണ്ട, സമയമാകുമ്പോൾ പറയാം എന്നൊക്കെ പറയുന്നത് ഇന്നു സാധാരണമായിരിക്കുന്നു. 30 വയസിനു ശേഷവും വിവാഹിതരാകാത്തവർ വളരെ. കൊറിയയിലും ചൈനയിലും ജപ്പാനിലുമൊക്കെ ഇതു സാധാരണമായിരിക്കുന്നു. കുട്ടികളെ വളർത്താൻ സമയം കിട്ടാത്ത

ജോലിസാഹചര്യം, വർധിച്ച ജീവിതച്ചെലവ്, അസഹ്യമായ വിദ്യാഭ്യാസച്ചെലവ്, പാർപ്പിടം കിട്ടാനുള്ള പ്രയാസം തുടങ്ങി ഒട്ടേറെ കാരണങ്ങൾ അവർക്കു പറയാനുണ്ട്.

വിവാഹിതരിൽ കുട്ടികൾ ഇല്ലാത്തവരുടെ എണ്ണവും കൂടിവരുന്നു. പല വിവാഹങ്ങളും നടക്കുന്നതുതന്നെ വധൂവരന്മാർ തമ്മിൽ കുട്ടികൾ വേണ്ട എന്ന ധാരണ ഉണ്ടാക്കിയ ശേഷമാണെന്നു പറയപ്പെടുന്നു. വധൂവരന്മാരുടെ കുടുംബങ്ങൾ അറിഞ്ഞായിരിക്കില്ല ഈ ധാരണ.

ഇതൊരു ട്രെൻഡ് ആയി മാറുന്നു എന്നു വേണം കരുതാൻ; പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ. 2022ൽ കൊറിയയിൽ നടത്തിയ ഒരു സർവേയിലെ കണ്ടെത്തലുകൾ ശ്രദ്ധേയമാണ്. പ്രത്യുത്പാദന നിരക്ക് 0.72 മാത്രമുള്ള കൊറിയയിൽ, 19നും 34നും ഇടയിൽ പ്രായമുള്ള സ്ത്രീകളിൽ 69.7 ശതമാനം മാത്രമേ ഭാവിയിൽ വിവാഹിതരാകാൻ താത്പര്യമെടുത്തുള്ളു. അതേപ്രായക്കാരായ ആണുങ്ങളിൽ 79.8 ശതമാനം വിവാഹതാത്പര്യം പറഞ്ഞു. ഇതേ സർവേയിലെ 55.3 ശതമാനം സ്ത്രീകൾ മാത്രം കുട്ടികൾ വേണമെന്നു പറഞ്ഞപ്പോൾ, പുരുഷന്മാരിൽ 70.5 ശതമാനം കുട്ടികൾ വേണമെന്ന ആഗ്രഹം വെളിപ്പെടുത്തി. പരമ്പരാഗത കൺഫ്യൂഷ്യൻ മൂല്യങ്ങൾ പുലർത്തുന്ന കൊറിയയിലും ജപ്പാനിലും ചൈനയിലുമൊക്കെ കാണുന്ന ഈ പ്രവണത മറ്റ് ഏഷ്യൻ രാജ്യങ്ങളിലേക്കും അതിവേഗം പടരുന്നുണ്ട്. കുടുംബത്തേക്കാൾ കരിയറും, കുട്ടികളേക്കാൾ പ്രഫഷണൽ ഉയർച്ചയും പ്രധാനമായി കാണുന്ന തലമുറയാണ് നമുക്കു ചുറ്റും വളരുന്നത്.

വസന്തകാലത്തെ വിളിച്ചുണർത്തുന്ന പക്ഷികളുടെ കളകൂജനമില്ലാത്ത ഗ്രാമീണപ്രഭാതത്തെ വിവരിച്ച് കീടനാശിനികളുടെ അപായം റേച്ചൽ കാൾസൺ 1962ൽ സൈലന്റ് സ്പ്രിംഗ് (Silent Spring) എന്ന പുസ്തകത്തിലൂടെ ലോകത്തെ ധരിപ്പിച്ചു. കുട്ടികളുടെ കളിചിരികൾ കേൾക്കാത്ത ഭവനങ്ങൾ ഇനി നമ്മെ നയിക്കുന്നത് മനുഷ്യശബ്ദങ്ങൾ ഇല്ലാത്ത ഭൂമിയിലേക്കാകുമോ? ○

## കുടിയേറ്റക്കാരെ ജീവിതത്തിൽ ചേർത്തുനിർത്തണം: ഫ്രാൻസിസ് പാപ്പാ

*യുദ്ധത്തിന്റെ ഭീഷണിയിൽനിന്നും ജീവിതദുരിതങ്ങളിൽനിന്നും രക്ഷതേടി യൂറോപ്പിലേക്ക് എത്തുന്ന കുടിയേറ്റക്കാരെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്ന് ഫ്രാൻസിസ് പാപ്പാ. കുടിയേറ്റക്കാരുടെ സംരക്ഷണത്തിന് പ്രവർത്തിക്കുന്ന റെസ്ക്യു-പീപ്പിൾ സേവിംഗ് സംഘടനയിലെ അംഗങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംഘടനയിലെ അംഗങ്ങൾ നടത്തുന്ന നിസ്വാർഥസേവനങ്ങൾക്ക് പാപ്പാ നന്ദിപറഞ്ഞു.*

*ചെറിയ ബോട്ടുകളിലെത്തുന്ന കുടിയേറ്റക്കാരുടെ പക്കലെത്തി മനുഷ്യജീവൻ രക്ഷിക്കുന്ന സംഘടനയുടെ പ്രവർത്തനങ്ങൾ ഇന്നത്തെ കാലത്തിന്റെ ആവശ്യകതയാണ്. പോരാ, നീണ്ട യാത്രയ്ക്കൊടുവിൽ യൂറോപ്പിൽ എത്തുന്നവരെ സ്വീകരിക്കേണ്ടതും എല്ലാവരുടെയും കടമയാണ്. നിർബന്ധിത കുടിയേറ്റങ്ങൾ ചിലപ്പോൾ ദുരന്തമായി മാറുമ്പോഴും, യാതൊരു വിവേചനവും നിംഗതയും കൂടാതെ മനുഷ്യന്റെ അന്തസ് മാത്രം കണക്കിലെടുത്ത് സംഘടന നടത്തുന്ന പ്രവർത്തനങ്ങൾ പാപ്പാ പ്രത്യേകം അനുസ്മരിച്ചു.*

*ഇന്ന് കുടിയേറ്റക്കാർ നേരിടുന്ന ചൂഷണങ്ങളും അടിമത്തവും ദുരുപയോഗങ്ങളും ഭയാനകമാണ്. അതിനാൽ അവരുടെ സംരക്ഷണത്തിന് സർക്കാരുകൾ മുന്നോട്ടുവരണം. കുടിയേറ്റക്കാരുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിനും അവരെ രക്ഷിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികളെ സഭ പൂർണഹൃദയത്തോടെ സ്വാഗതം ചെയ്യുന്നുവെന്നും പാപ്പാ പറഞ്ഞു.*

ഡോ. വർഗീസ് പുന്നൂസ്
(പ്രിൻസിപ്പൽ&കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്, ഗവ. മെഡിക്കൽ കോളജ്, കോട്ടയം)

# തലമുറ മാറ്റം അഥവാ സ്വീകരണമുറിയിലെ ആന!

**തലമുറകൾ തമ്മിലുള്ള ഗീയർമാറ്റം വളരെ രസകരമായ നിരീക്ഷണങ്ങൾക്കാണ് ഇപ്പോൾ അവസരങ്ങൾ ഒരുക്കുന്നത്.**



സത്യന്റെയും നസീറിന്റെയും ഷീലയുടെയും ജയഭാരതിയുടെയുമൊക്കെ സിനിമകൾ ആസ്വദിച്ചുകണ്ടിരുന്ന ഒരു തലമുറയോട് “നിങ്ങൾ എങ്ങനെയിതൊക്കെ സഹിച്ചിരുന്നു” എന്നു ചോദിച്ചു, അവരുടെ അടുത്ത തലമുറ! പഴുതാര മീശയും ഉളിപോലെയുള്ള കൃതാവും വലിയ കോളറും 28 ഇഞ്ച് ബെൽബോട്ടം പാന്റ്സുമിട്ട് സ്റ്റൈലിൽ നടന്ന തലമുറയെ കോമാളികളായി കണ്ടു, അനന്തര തലമുറ. തലമുറകൾ തമ്മിലുള്ള ഗീയർമാറ്റം വളരെ രസകരമായ നിരീക്ഷണങ്ങൾക്കുള്ള അവസരങ്ങൾ ഒരുക്കുന്നുണ്ട്.

ഒരു തലമുറ മാറി അടുത്തത് വരുമ്പോൾ വേഷവിധാനങ്ങൾ മാത്രമല്ല മാറുന്നത്; മൂല്യബോധം, സാമൂഹികനിയമങ്ങൾ, ജീവിതത്തോടുള്ള സമീപനങ്ങൾ എന്നിവയിലെല്ലാം മാറ്റമുണ്ടാകുകയാണ്. മനുഷ്യചരിത്രത്തിലുടനീളം ദൃശ്യമാകുന്ന ഒരു സാമൂഹികപ്രതിഭാസമാണ് തലമുറമാറ്റം

**തലമുറമാറ്റം ചരിത്രത്തിലൂടെ**

പരമ്പരാഗതവീക്ഷണത്തിൽ ഏകദേശം 25-30 വർഷങ്ങളാണ് ഒരു തലമുറയുടെ കാലഘട്ടമായി കണക്കാക്കപ്പെടുന്നത്. ഭാഷയും സംസ്കാരവുമൊക്കെ രൂപപ്പെടുന്നതിനു മുമ്പുള്ള കാലഘട്ടത്തിൽ ഈ മാറ്റം ഉണ്ടാകാൻ ഒരുപക്ഷേ നൂറ്റാണ്ടുകളോ സഹസ്രാബ്ദങ്ങളോ എടുത്തിട്ടുണ്ടാകാം. കൃഷി, വ്യവസായം, അച്ചടി, വിദ്യാഭ്യാസം, ജനാധിപത്യം എന്നിവയുടെ ആവിർഭാവത്തോടെ തലമുറമാറ്റം കുറച്ചുകൂടി വേഗത്തിലാവുകയും, 'തലമുറകളുടെ വിടവ്' (generation gap) എന്ന പ്രതിഭാസം അചിരേണ കൂടുതൽ ദൃശ്യമാവുകയും ചെയ്തു. പക്ഷേ കഴിഞ്ഞനൂറ്റാണ്ടിന്റെ രണ്ടാംപകുതി പിന്നിട്ടതോടെ തലമുറമാറ്റം വളരെ ദ്രുതഗതിയിലാവുകയും, ചിന്താഗതിയിലും പെരുമാറ്റത്തിലും തൊഴിൽസംസ്കാരത്തിലും ജീവിതത്തോടുള്ള സമീപനത്തിലുമൊക്കെ ഈ മാറ്റങ്ങൾ ഉണ്ടാക്കുന്ന വ്യതിയാനങ്ങൾ വളരെ വലിയ അളവിൽ ദൃശ്യമാവുകയും ചെയ്യുന്നതായി സാമൂഹികശാസ്ത്രജ്ഞർ നിരീക്ഷിക്കുന്നു. അതിദ്രുതം സംഭവിക്കുന്ന ഈ മാറ്റത്തിനു മുമ്പിൽ രാഷ്ട്രങ്ങളും പരമ്പരാഗത സ്ഥാപനങ്ങളും (കുടുംബം, മതം, വിദ്യാലയങ്ങൾ തുടങ്ങിയവ) പകച്ചുനില്ക്കുകയാണ്.

സുപ്രസിദ്ധ ഫ്യൂച്ചറിസ്റ്റ് ജിം കാരൾ (Jim Carrol) എഴുതുന്നു: "മാറ്റത്തിനോടുള്ള എതിർപ്പ് വിരമിക്കുകയാണ്. തലമുറകളുടെ ഗതിവേഗം എല്ലാറ്റിനെയും തകർത്തെറിയുംവിധം അതിശീഘ്രമാണ്. പഴയ സങ്കല്പങ്ങൾ മരിക്കുന്നു. പുതിയ യാഥാർഥ്യങ്ങൾ വളരെ വേഗം പ്രത്യക്ഷമാകുന്നു. എന്താണ് ഹേ, നിങ്ങളുടെ പ്ലാൻ?"

പുതിയ സിലബസിലെ ഈ ചോദ്യത്തിന്റെ ഉത്തരം പഴയ സിലബസിൽനിന്ന് കണ്ടെത്താനുള്ള വ്യഥാശ്രമത്തിലാണ് മനഃശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ളവർ. അപ്പോൾ പിന്നെ മാതാപിതാക്കളുടെയും അധ്യാപകരുടെയും പുരോഹിതരുടെയുമൊക്കെ കാര്യം പറയാനുണ്ടോ?

വളരെ ഗൗരവമുള്ള ഈ പ്രശ്നത്തെ അത് അർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കാനുള്ള നമ്മുടെ വിമുഖതയ്ക്ക് 'മുറിയിലെ ആന' എന്ന പ്രയോഗം വളരെ ചേരുമെന്നു തോന്നുന്നു.

**തലമുറകളുടെ നാമകരണശ്രമങ്ങൾ**

20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് ജനിച്ച വർഷത്തിന്റെ കാലഗണനയ്ക്കനുസരിച്ച് തലമുറകൾക്കു പേരിടാനുള്ള ശ്രമങ്ങൾ തുടങ്ങിയത്. (കൊടുങ്കാറ്റുകൾ പണ്ടും ഉണ്ടായിട്ടുണ്ട്. എങ്കിലും, ഈയടുത്ത കാലത്തായി അവയ്ക്ക് പേരുകളിടാൻ കാലാവസ്ഥാശാസ്ത്രജ്ഞർ നടത്തുന്ന ശ്രമംപോലെ ഇതും കണ്ടാൽ മതിയാവും. അതിനപ്പുറം വലിയ അർഥമൊന്നും തലമുറകളെ വിശേഷിപ്പിക്കുന്ന സംജ്ഞകൾക്ക് കൊടുക്കേണ്ടതില്ല!) 1925 മുതൽ 1944 വരെ ജനിച്ചവർ നിശബ്ദ

> **ഭൂലോകത്തെ മുഴുവൻ സ്വന്തം മുറിയിലേക്കും ഫോണിലേക്കും ടാബിലേക്കും ഇഛാനുസരണം കൊണ്ടുവരാനും അനുഭവിക്കാനും കഴിഞ്ഞ പുതിയ തലമുറയുടെ തലച്ചോർ പ്രോഗ്രാം ചെയ്യപ്പെട്ടത് വളരെ സവിശേഷമായ രീതിയിലാണ്.**





**അഞ്ചുവയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് ഡിജിറ്റൽ ടെക്നോളജിയുമായുള്ള സ്വതന്ത്ര ഇടപെടൽ പൂർണമായും ഇല്ലാതാക്കുക. പ്രകൃതിയുടെ കാഴ്ചകൾ, പ്രകൃതിയുടെ ശബ്ദങ്ങൾ, പ്രകൃതിയുടെ ഗന്ധങ്ങൾ, പ്രകൃതിയുടെ രുചികൾ എന്നിവയായിരിക്കണം ആദ്യവർഷങ്ങളിൽ തലച്ചോറിൽ കിട്ടേണ്ട ഉത്തേജനങ്ങൾ.**

തലമുറ (silent generation), 1945 മുതൽ 1964 വരെ ജനിച്ചവർ ജനസംഖ്യാവിസ്ഫോടനക്കാർ (baby boomers), 1965 മുതൽ 1979 വരെ ജനിച്ചവർ ജനറേഷൻ X, 1980 മുതൽ 1994 വരെ ജനിച്ചവർ സഹസ്രാബ്ദസന്തതികൾ (millennials), 1995 മുതൽ 2010 വരെ ജനിച്ചവർ ജനറേഷൻ Z, 2010നു ശേഷം ജനിച്ചവർ ജനറേഷൻ ആൽഫാ എന്നിങ്ങനെ പേരുവിളിക്കപ്പെട്ടു.

1920കളിൽ കാൾ മാൻഹൈം (Karl Mannheim) എന്ന സാമൂഹികശാസ്ത്രജ്ഞൻ വളരെ ഉൾക്കാഴ്ചയോടെ രചിച്ച 'തലമുറകളുടെ പ്രശ്നം' (The Problem of Generations) എന്ന ഗ്രന്ഥത്തിലാണ്, തലമുറകൾ തമ്മിലുള്ള സംക്രമണവും ജനനകാലവുമായി ബന്ധപ്പെട്ടു നില്ക്കുന്ന തലമുറകളുടെ സ്വഭാവ സവിശേഷതകൾ ആദ്യമായി വിലയിരുത്തപ്പെട്ടത് എന്നുപറയാം. പിന്നീട് കാനേഷുമാരികൾ (census) നല്കിയ കണക്കുകൾകൂടി വന്നതോടെ ഇത്തരം നിരീക്ഷണങ്ങൾക്ക് വസ്തുനിഷ്ഠത ഏറുകയും ചെയ്തു.

**തലമുറമാറ്റത്തിന്റെ സാമൂഹികപ്രതിഫലനങ്ങൾ**

ഈ ലേഖനം വായിക്കുന്നവരുടെ ഒരു കണക്ക് പത്രാധിപർ എടുക്കുന്നു എന്നു സങ്കല്പിക്കുക. അവരിൽ ഭൂരിപക്ഷം പേരും ജനറേഷൻ X ആയിരിക്കും; കുറച്ച് മില്ലേനിയൽസും ഉണ്ടാകും. ജനറേഷൻ Zഉം ജനറേഷൻ ആൽഫായും ഇതു വായിക്കാനുള്ള സാധ്യത വളരെ കുറവാണ്. സാക്ഷരത കൂടിയെങ്കിലും, അച്ചടിച്ച ഹാർഡ് കോപ്പി മനസിരുത്തി വായിക്കുക എന്ന ശീലം മില്ലേനിയൽസോടുകൂടി ഏകദേശം അസ്തമിക്കുകയാണ് എന്നത്രേ സർവെകൾ നല്കുന്ന സൂചന. 'XXX പത്രത്തിന്റെ സർക്കുലേഷൻ ലേറ്റസ്റ്റ് ABC കണക്കുപ്രകാരം ഇത്ര ലക്ഷം കുതിച്ചു

യർന്നു' എന്ന രീതിയിലുള്ള തള്ളുകൾ ഇപ്പോൾ കാണാത്തത്, തലമുറമാറ്റം നമ്മുടെ ശീലങ്ങളെതന്നെ അപ്രതീക്ഷിതമായ ദിശകളിലേക്ക് ചലിപ്പിക്കുന്നു എന്നതിന് ഉദാഹരണമാണ്.

സർക്കാർ മേഖലയിലുള്ള പ്രഫഷണൽ കോളജുകളിൽ അഡ്മിഷൻ കിട്ടുന്നവരുടെ കണക്കു നോക്കിയാൽ, മലബാർ മേഖലയിലെ ന്യൂനപക്ഷസമുദായത്തിലെ പെൺകുട്ടികൾ കഴിഞ്ഞ 8-10 വർഷമായി നടത്തുന്ന മുന്നേറ്റവും, മധ്യതിരുവിതാംകൂറിലെ ക്രിസ്ത്യൻവിഭാഗത്തിലെ കുട്ടികളുടെ എണ്ണത്തിൽ വന്നിരിക്കുന്ന ഗണ്യമായ കുറവും ഈ തലമുറമാറ്റത്തിന്റെ പ്രാദേശിക വ്യതിയാനങ്ങൾക്ക് നല്ല ഉദാഹരണമാണ്.

പക്ഷേ, ഇത്തരം സാമൂഹികപ്രതിഫലനങ്ങളേക്കാൾ നമ്മുടെ കണ്ണുകളിൽ പെട്ടെന്നുപെടുന്നത് പുതുതലമുറയുടെ വേഷവിധാനങ്ങൾ, ഭക്ഷണരീതി, പരമ്പരാഗത മൂല്യങ്ങളുടെ നിരാസം എന്നിവയൊക്കെയാണ്. മുറിയിലുള്ള ആനയേക്കാൾ നമ്മൾ കാണുന്നത്, നമ്മെ അലോസരപ്പെടുത്തുന്ന കൊതുകുകളെയാണ് എന്നുവേണമെങ്കിൽ പറയാം!

## GEN Z, GEN ALPHA എന്നീ തലമുറകളുടെ സവിശേഷതകൾ

*ഈ തലമുറകളുടെ തലച്ചോർ രൂപപ്പെട്ടത് പ്രകൃതിയുടെ താളക്രമത്തേക്കാൾ ഡിജിറ്റൽ ടെക്നോളജി നേരിട്ടും അല്ലാതെയും വരുത്തിയ സംവേദനങ്ങളിലൂടെയാണ്.*

* *'പകലുണർച്ച, രാത്രയുറക്കം' എന്ന അടിസ്ഥാന ജൈവതാളം ഈ തലമുറയിൽ വ്യത്യാസപ്പെട്ടു.*
* *ജീവിതത്തിന്റെ ഓരോരോ ഘട്ടങ്ങളിൽ മാത്രം സ്വാഭാവികമായും ക്രമാനുഗതമായും അറിയുകയും അനുഭവിക്കുകയും ചെയ്തുവന്ന കാര്യങ്ങൾ നന്നേ ചെറിയ തലച്ചോറിന്റെ അറിവുകളും അനുഭവങ്ങളുമായി മാറി.*
* *ആഹ്ലാദങ്ങളും നിരാശകളും ആഗ്രഹലബ്ധികളും എല്ലാം വേഗത്തിൽ കിട്ടുന്നതും വേഗത്തിൽ അവസാനിക്കുന്നതുമായി മാറി.*
* *ഏകാഗ്രമായി ഇരുന്ന് സമയമെടുത്തു പഠിക്കുന്നതും, ശ്രദ്ധയോടെയിരുന്ന് ജോലി ചെയ്തു പൂർത്തിയാക്കുന്നതും കുറഞ്ഞുവന്നു. ടെക്നോളജി നല്കിയ എളുപ്പവഴികൾ ഏകാഗ്രതയെ കുറച്ചുകൊണ്ടുവന്നു (reduction in attention span).*
* *ടെക്നോളജിയോടുള്ള സാമീപ്യവും സൗഹൃദവും സാഹോദര്യവുമൊക്കെ ഇവരെ കൂടുതൽ 'smart' ആക്കിയിട്ടുണ്ട് എന്നതിൽ സംശയമില്ല.*
* *തൊഴിലിലും ബിസിനസിലും നേട്ടമുണ്ടാക്കി സമ്പത്ത് വർധിപ്പിക്കുന്നതിനേക്കാൾ, മനസിന്റെ ആഗ്രഹങ്ങൾക്കിണങ്ങിയ ജീവിതവും ജോലിയും എന്ന തത്വശാസ്ത്രം കൂടുതൽ സ്വീകാര്യമായി.*
* *ജാതിവിവേചനം, കാലാവസ്ഥ, ജൻഡർപ്രശ്നങ്ങൾ എന്നിവയിൽ കാണിക്കുന്ന വ്യത്യസ്തമായ നീതിബോധവും ആക്ടിവിസവും.*
* *ഈശ്വരവിശ്വാസം, പരമ്പരാഗത ആചാരങ്ങൾ, വിവാഹം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളെ കാപട്യമായി കാണുകയും, അവയെ നിരസിക്കുകയും ചെയ്യുവാനുള്ള പ്രവണത ഈ തലമുറകളുടെ കൈയൊപ്പാണ്.*
* *വസ്ത്രധാരണം, ഭക്ഷണരീതി, ലൈംഗികതയുടെ പ്രകടനം എന്നിവയിൽ ലാഘവത്വവും സ്വേഛയും വളരെ പ്രകടമാണ്.*
* *തൊഴിലും ജീവിതവും തമ്മിലുള്ള സന്തുലിതത്വത്തെപ്പറ്റിയുള്ള വ്യത്യസ്ത ബോധ്യങ്ങൾ ഈ തലമുറയുടെ സവിശേഷതയാണ്.*

*മേൽ വിവരിച്ച സവിശേഷതകളെ മൂല്യച്യുതിയായും ജീർണതയായും അരാജകത്വമായുമാണ് ജനറേഷൻ X ആയ മാതാപിതാക്കളും ജനസംഖ്യാ വിസ്ഫോടന കാലഘട്ടത്തിലെ സന്തതികളായ (baby boomers) അപ്പൂപ്പൻ-അമ്മൂമ്മ-അമ്മാവന്മാരും കാണുന്നത്. തങ്ങളുടെ കാലഘട്ടത്തിൽ തങ്ങൾ പരിശീലിച്ച രക്ഷാകർതൃശൈലികളും അധ്യാപനരീതികളുമുപയോഗിച്ച് അവർ പരാജയപ്പെടുന്നു.*

**18 വയസിനു മുകളിൽ മകന്റെ അഥവാ മകളുടെ ജീവിതപന്ഥാവ് നിർണയിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കു വിട്ടുകൊടുക്കുക. അവരുടെ ജീവിതത്തിലുള്ള ഉടമസ്ഥാവകാശം ഉപേക്ഷിക്കാനുള്ള ധൈര്യം മാതാപിതാക്കൾ കാട്ടിയേ തീരൂ.**



ഈ ലേഖനത്തിന്റെ സ്ഥലപരിമിതി മൂലം വായിക്കുന്നവരിൽ ഭൂരിപക്ഷമായ ജനറേഷൻ Xന്റെ ആശങ്കയ്ക്കു കാരണമായി ഭവിച്ചിട്ടുള്ള ജനറേഷൻ Z, ജനറേഷൻ ആൽഫാ എന്നിവയെപ്പറ്റി മാത്രം ഇനിയുള്ള ഭാഗം ചുരുക്കാം.

ഈ തലമുറയ്ക്ക് തങ്ങൾ ജനിച്ചു വീണ കാലം (അതായത് 1995നു ശേഷം) ഡിജിറ്റൽ ടെക്നോളജിയുടേതായിരുന്നു. ജനനസമയത്തെ നക്ഷത്രഗ്രഹനിലകൾ ഒരു വ്യക്തിയുടെ ആയുഷ്കാലം മുഴുവൻ സ്വാധീനം ഉണ്ടാക്കുന്നു എന്ന വിശ്വാസത്തിൽ നിന്നാണല്ലോ ജാതകമെഴുത്തും മറ്റും ഉണ്ടായത്. ആലങ്കാരികമായി പറഞ്ഞാൽ, ലഗ്നത്തിലും ഭാവത്തിലും ഒക്കെ ഈ തലമുറയുടെ ജനന-ബാല്യ കാലഘട്ടങ്ങളിൽ ഉദിച്ചുയർന്ന നക്ഷത്രവും ഗ്രഹവും ഡിജിറ്റൽ ടെക്നോളജി ആയിരുന്നു. ഭൂലോകത്തെ മുഴുവൻ സ്വന്തം മുറിയിലേക്കും ഫോണിലേക്കും ടാബിലേക്കും ഇഛാനുസരണം കൊണ്ടുവരാനും അനുഭവിക്കാനും കഴിഞ്ഞ ഈ തലമുറയുടെ തലച്ചോർ പ്രോഗ്രാം ചെയ്യപ്പെട്ടത് വളരെ സവിശേഷമായ രീതിയിലാണ്.

**മുറിയിലെ ആനയെ എങ്ങനെ മെരുക്കാം?**

താന്താങ്ങളുടെ സ്വീകരണമുറികളിൽ തലമുറമാറ്റം എന്ന വലിയ ആന തുമ്പിക്കൈ ആട്ടിയും ചെവികൾ വീശിയും നില്പുണ്ട് എന്ന വസ്തുത നിസംശയം അംഗീകരിക്കുക എന്നതുതന്നെ ആദ്യത്തെ പടി. തലമുറമാറ്റം കൊണ്ടുവരുന്ന വലിയ വ്യതിയാനങ്ങളെ ഭയാശങ്കകളോടെ കാണാതെ അതിൽ തിന്മയ്ക്കൊപ്പം പല നന്മകളും ഉണ്ടെന്നും, മനുഷ്യചരിത്രം തന്നെ ഇത്തരം തലമുറമാറ്റങ്ങളുടെ ചരിത്രമാണെന്നും വിനയപൂർവം അംഗീകരിക്കുക.

കുട്ടികളുടെ മസ്തിഷ്കവികസനം

അവരുടെ പ്രായമനുസരിച്ച് പ്രകൃതിനിയമങ്ങളുമായി സമന്വയിച്ച് പോകുവാനുള്ള അന്തരീക്ഷം ഒരുക്കുകയും, അതിനുമേൽനോട്ടം വഹിക്കുകയും ചെയ്യുക എന്ന രക്ഷാകർതൃധർമം പരിശീലിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് മുറിയിലെ ആനയെ മെരുക്കാനുള്ള മൂലമന്ത്രം. ഉദാഹരണത്തിന്, അഞ്ചുവയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് ഡിജിറ്റൽ ടെക്നോളജിയുമായുള്ള സ്വതന്ത്ര ഇടപെടൽ പൂർണമായും ഇല്ലാതാക്കുക. പ്രകൃതിയുടെ കാഴ്ചകൾ, പ്രകൃതിയുടെ ശബ്ദങ്ങൾ, പ്രകൃതിയുടെ ഗന്ധങ്ങൾ, പ്രകൃതിയുടെ രുചികൾ എന്നിവയായിരിക്കണം ആദ്യവർഷങ്ങളിൽ തലച്ചോറിൽ കിട്ടേണ്ട ഉത്തേജനങ്ങൾ. മാതാപിതാക്കളും ഒന്നിലേറെ സമപ്രായക്കാരുമായുള്ള ഇടപെടലുകൾ ആയിരിക്കണം ആ ചെറിയ തലച്ചോറിന്റെ പ്രോഗ്രാമുകൾ നിർണയിക്കേണ്ടത്.

അഞ്ചു വയസിനും 12 വയസിനും ഇടയിലുള്ള കാലഘട്ടം, ക്രമപ്പെടുത്തലിന്റേതും ചിട്ടപ്പെടുത്തലിന്റേതുമാകണം. അപ്പന്റെയും അമ്മയുടെയും ആധികാരികത വ്യക്തമാകത്തക്ക വീട്ടുനിയമങ്ങൾക്കനുസരിച്ചാകണം കുട്ടി വളരേണ്ടത്. 'ശിക്ഷണം' വേണം, 'ശിക്ഷ' അരുത്!


12 വയസിനു മുകളിൽ പ്രായമുള്ള കുട്ടിയുടെ അവന്റെ സ്വാതന്ത്ര്യങ്ങളും സ്വകാര്യതകളും സാവകാശം അനുവദിക്കുകയും, ഉത്തരവാദിത്വങ്ങൾ കുറേശെയായി ഏല്പിച്ചുകൊടുക്കുകയും വേണം.

18 വയസിനു മുകളിൽ അവരുടെ ജീവിതപന്ഥാവ് നിർണയിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കു വിട്ടുകൊടുക്കുക. അവരുടെ ജീവിതത്തിലുള്ള ഉടമസ്ഥാവകാശം ഉപേക്ഷിക്കാനുള്ള ധൈര്യം മാതാപിതാക്കൾ കാട്ടുകയും ചെയ്യണം. ഇക്കാര്യത്തിൽ നമുക്ക് പാശ്ചാത്യരിൽനിന്നും ഏറെ പഠിക്കാനുണ്ട്. ○

## തലമുറ തലമുറ കൈമാറി...

മാനവചരിത്രത്തിൽ ഒരിക്കലുമുണ്ടാകാത്ത തലമുറമാറ്റത്തിന്റെ പങ്കാളികളും സാക്ഷികളുമാണ് നാം എന്ന് വായനക്കാർ മനസിലാക്കുമല്ലോ? ചരിത്രദൗത്യമാണ് നമ്മുടേത്. തലമുറമാറ്റത്തെ ശരിയായി മനസിലാക്കുക, തലമുറകളെ ശാസ്ത്രീയമായി കണക്ക് ചെയ്യുക. ഇപ്പോൾ ഉള്ളതും ഇനി വരാനിരിക്കുന്നതുമായ ജനറേഷൻ ആൽഫാ, ബീറ്റ, ഗാമ... അവരാരും അനന്തരതലമുറയിൽപ്പെട്ട നമ്മുടെ തലമുറയെ 'ദിനോസറുകൾ' ആയി കണക്കാക്കാതെ ഇരിക്കട്ടെ.

ആധികാരികവും ശാസ്ത്രീയവും ക്രിസ്തീയവുമായ രക്ഷാകർതൃത്വം പരിശീലിപ്പിക്കുക എന്നത് ഒന്നാംനമ്പർ പ്രയോറിറ്റിയായി സമൂഹവും സഭയും ഏറ്റെടുക്കും എന്നു പ്രതീക്ഷിക്കാം.



ഡോ. ജോർജുകുട്ടി ഫിലിപ്പ്

# സിറിയ
## സമ്പന്നമായ ഭൂതകാലവും അനിശ്ചിതമായ ഭാവിയും

**സിറിയയിൽ ഐഎസ് രംഗപ്രവേശം ചെയ്തതോടെ, 1918ൽ 30 ശതമാനമായിരുന്ന ക്രൈസ്തവർ ഇപ്പോൾ കഷ്ടിച്ച് നാലു ശതമാനമായി കുറഞ്ഞിരിക്കുന്നു.**

കഴിഞ്ഞ 24 വർഷമായി സിറിയ ഭരിച്ചുകൊണ്ടിരുന്ന ബഷാർ അൽ അസാദിന്റെ പതനത്തോടെ ചരിത്രത്തിലാദ്യമായി സിറിയ ഇസ്ലാമികതീവ്രവാദികളുടെ ഭരണത്തിൻകീഴിലായിരിക്കുകയാണ്. മതപരവും ഭാഷാപരവും വംശീയവുമായ ബഹുസ്വരതകൊണ്ട് അടയാളപ്പെടുത്തപ്പെട്ട രാജ്യമാണ് സിറിയ. 2011ലെ ആഭ്യന്തരയുദ്ധത്തിനുമുമ്പ് ഈജിപ്തു കഴിഞ്ഞാൽ അറബ് ലോകത്ത് ഏറ്റവുമധികം ക്രൈസ്തവർ അധിവസിക്കുന്ന രാജ്യമായിരുന്നു അത്. വിവിധ സഭാവിഭാഗങ്ങളിലായി 10 ലക്ഷത്തിലേറെ ക്രൈസ്തവർ.

അറമായ, അർമേനിയൻ ഭാഷകളിലാണ് സിറിയയിലെ ക്രൈസ്തവർ ആരാധനക്രമം അനുഷ്ഠിച്ചിരുന്നത്. ഇസ്



ഐഎസ് ഭീകരർ 2015ൽ നശിപ്പിച്ച സിറിയയിലെ വടക്കുകിഴക്കൻ ഹസാക്ക പ്രവിശ്യയിൽപ്പെട്ട അസീറിയൻ ഗ്രാമമായ താൽ നസ്രിയിലെ സെന്റ് മേരീസ് പള്ളി.

ലാമിന്റെ കടന്നുവരവോടെ അറബിഭാഷ യായി വ്യവഹാരഭാഷ. എല്ലാവിധത്തിലും അടിച്ചമർത്തപ്പെട്ട അറമായയും സുറി യാനിയും പൊതുജീവിതത്തിൽനിന്ന് അപ്രത്യക്ഷമായി. കഴിഞ്ഞ കുറേ പതി റ്റാണ്ടുകളായി പ്രൊട്ടസ്റ്റൻറ് വിഭാഗക്കാരും ഇസ്‌ലാമിൽനിന്നു ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം ചെയ്ത കുർദ് വംശജ രും സിറിയയിൽ ഉണ്ട്. കുർദുകൾക്കു സ്വയംഭരണാവകാശമുള്ള പ്രദേശത്ത് ഈ മതപരിവർത്തനം അനുവദനീയമായിരുന്നു.

വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ ക്രൈസ്തവരെ അവഗണിക്കുന്ന നയമാണ് സിറിയയിൽ നിലവിലിരുന്നത്. എങ്കിലും ബഷാറിന്റെയും പിതാവ് ഹഫീസിന്റെയും ഭരണകാലം ക്രൈസ്തവർക്ക് താരതമ്യേന അനുകൂലമായിരുന്നു. ഭരണകൂടത്തിനെ തിരേ പ്രവർത്തിക്കാത്തിടത്തോളം ക്രിസ്തു മതത്തെ ഒരു മതമായി, സ്വതന്ത്രമായി മുന്നോട്ടുപോകാൻ അനുവദിച്ചിരുന്നു. എന്നാൽ, 2011ൽ ആഭ്യന്തരയുദ്ധം പൊ ട്ടിപ്പുറപ്പെട്ടതോടെ കാര്യങ്ങളൊക്കെ തകി ടംമറിഞ്ഞു. 2011 മുതൽ 2024 വരെയുള്ള ഒരു വ്യാഴവട്ടംകൊണ്ട് അവരുടെ ജനസംഖ്യ നേർപകുതിയായി കുറഞ്ഞു. ഇപ്പോൾ കഷ്ടിച്ച് അഞ്ചു ലക്ഷം ക്രൈസ്തവർ മാത്രമാണ് സിറിയയിലുള്ളത്. ആഭ്യന്തരസം ഘർഷങ്ങൾ മൂർച്ഛിച്ചതോടെ സിറിയ നാ ലു കഷണങ്ങളായി മാറി - അസാദിന്റെ കീഴിലുള്ളത്, കുർദുവംശജരുടെ സ്വയം ഭരണപ്രദേശം, തുർക്കി കൈവശപ്പെ ടുത്തിയത്, ഹയാത് തഹ്‌രീർ അൽ ഷാം (എച്ച്ടിഎസ്) എന്ന ഭീകരസംഘടന യുടെ നിയന്ത്രണത്തിലുള്ളത്. അസാ ദിന്റെയും കുർദുകളുടെയും പ്രദേശത്ത് ക്രൈസ്തവർക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നില്ല.

മുസ്ലീം ഭൂരിപക്ഷപ്രദേശങ്ങളിൽ ക്രൈസ്തവർക്ക് യാതൊരു സുരക്ഷിതത്വ വുമില്ലാത്ത അവസ്ഥ സംജാതമായി. അവർ ഏതു സമയവും ഭീകരാക്രമണം പ്രതീ ക്ഷിച്ചു കഴിയേണ്ടിയിരുന്നു. വൈദികരെ തട്ടിക്കൊണ്ടുപോയി കൊല്ലുന്നത് പ തിവായി. 2013ൽ ഇങ്ങനെ വധിക്കപ്പെട്ടവ രാണ് ആലെപ്പോയിലെ മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് യുഹാന്ന ഇബ്രാഹിം, മാർ ബൂലോസ് യാസിഗി എന്നിവർ. എച്ച്ടിഎസിന്റെ മുൻരൂപമായിരുന്ന അൽ നുസ്റ തീവ്രവാദി ഗ്രൂപ്പ് 2013ൽ 12 സിറിയൻ ഓർത്തഡോക്സ് കന്യാ സ്ത്രീകളെ മാഅലുല പട്ടണത്തിൽനി ന്നു തട്ടിക്കൊണ്ടുപോയി. ഐഎസിന്റെ ക്രൂരതകൾ വിവരണാതീതമാണ്. അക്കൂട്ടർ അൽ-ഹസാക്കെ പ്രദേശത്തെ വിവിധ ഗ്രാമങ്ങളിൽനിന്ന് 300 ക്രിസ്ത്യാനികളെ യാണ് തട്ടിക്കൊണ്ടുപോയത്.

സിറിയയുടെ പടിഞ്ഞാറുഭാഗത്ത് ലബനൻ അതിർത്തിയോടു ചേർന്ന് വാഡി അൽ-നസറ (ക്രൈസ്തവരുടെ താഴ്‌വര) പ്രദേശത്താണ് ക്രൈസ്ത വർ ഏറ്റവും കൂടുതലുള്ളത്. പുരാതന കാലം മുതലേ ഇവിടെ ക്രൈസ്തവർ അധിവസിച്ചിരുന്നു. സിറിയയുടെ മറ്റു പ്ര ദേശങ്ങളിൽനിന്ന് അനേകം ക്രൈസ്തവർ



**ആദ്യ ഏഴു നൂറ്റാണ്ടുകളിൽ സിറിയ വലിയൊരു ക്രൈസ്തവ രാജ്യമായി വളർന്നു. ദൈവശാസ്ത്ര കലാലയങ്ങൾ, സന്യാസപ്രസ്ഥാനങ്ങൾ, ആരാധനക്രമ പാരമ്പര്യങ്ങൾ മുതലായവയ്ക്ക് സിറിയ ജന്മംനല്കി.**

**2011ലെ ആഭ്യന്തര യുദ്ധത്തിനുമുമ്പ് ഈജിപ്തു കഴിഞ്ഞാൽ അറബ് ലോകത്ത് ഏറ്റവുമധികം ക്രൈസ്തവർ അധിവസിക്കുന്ന രാജ്യമായിരുന്നു സിറിയ.**



ഇങ്ങോട്ടാണ് ഓടിപ്പോന്നത്. അസാദിന്റെ പതനംവരെ ഇവിടത്തെ 40 ഗ്രാമങ്ങളിലായി ഒന്നരലക്ഷത്തിലേറെ ക്രൈസ്തവർ ഉണ്ടായിരുന്നു.

ക്രൈസ്തവർ പരമ്പരാഗതമായി വസിച്ചിരുന്ന ഒരു നഗരമാണ് ഇദ്‌ലിബ്. 2011 വരെ ഇവിടെ അവർ സുരക്ഷിതരായി കഴിഞ്ഞിരുന്നു. അവരുടെ ചില ഗ്രാമങ്ങളാണ് യാക്കോബിയ, ഗാസാനിയ, കൈനൃ, എൽ ജദീദ, ജിസർ അഷ് ഷുഗൂർ എന്നിവ. എന്നാൽ സിറിയൻ വിമതരും എച്ച്ടിഎസ് ഭീകരരും ഐഎസ് തീവ്രവാദികളും ഈ സ്ഥലങ്ങളിലേക്ക് കടന്നുകയറിയതോടെ ഭൂരിഭാഗം ക്രൈസ്തവരും നാടുവിടേണ്ടി വന്നു. സിറിയൻ വിമതർക്ക് തുർക്കിയിലെ പ്രസിഡൻറ് എർദോഗന്റെ പിന്തുണയുണ്ട്. സിറിയയെയും ഒരു സമ്പൂർണ സുന്നി ഇസ്‌ലാമിക രാഷ്ട്രമാക്കുകയാണ് എർദോഗന്റെ ലക്ഷ്യം.

"ചെകുത്താനും കടലിനും ഇടയിലാണു ഞങ്ങൾ. മറ്റുള്ളവരുടെ ദയയിൽ ജീവിക്കേണ്ടിവരുന്ന അവസ്ഥ"- അസാദ് ഭരണം തകർന്ന ദിവസം ഒരു സിറിയൻ ക്രിസ്ത്യാനി പറഞ്ഞതാണിത്. എർദോഗനും സമാനചിന്താഗതിക്കാരും സിറിയ കീഴടക്കുകയാണെങ്കിൽ മറ്റെല്ലാ പശ്ചിമേഷ്യൻ രാജ്യങ്ങളിലെയുംപോലെ അവിടെയും ക്രൈസ്തവനിർമുക്തമാകും, തീർച്ച. അതുകൊണ്ട് ന്യൂനപക്ഷങ്ങളുടെ കൂട്ടായ്മ കൂടിയേതീരൂ. ന്യൂനപക്ഷങ്ങളായ കുർദുകൾ, അർമേനിയർ, അസീറിയ-അറമായ-കൽദായ ക്രൈസ്തവർ, ഇതര ക്രൈസ്തവ വിഭാഗങ്ങൾ, യസീദികൾ, ദ്രൂസുകൾ, ഷിയാകൾ, ഇസ്മായേല്യർ മുതലായവർ ജനാധിപത്യത്തിനായി സ്വരമുയർത്തുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ ശിരോവസ്ത്രം ധരിക്കുകയില്ലെന്നു പ്രഖ്യാപിച്ചുകഴിഞ്ഞു. ഇസ്‌ലാമിക നിയമങ്ങൾ ഇതര ജനവിഭാഗങ്ങളുടെമേൽ അടിച്ചേല്പിക്കാൻ പാടില്ല. ഈ ന്യൂനപക്ഷങ്ങൾക്ക് അന്താരാഷ്ട്ര സമൂഹത്തിന്റെ പിന്തുണ ആവശ്യമുണ്ട്. തുർക്കിയും ചില തീവ്രവാദരാജ്യങ്ങളും ആഗ്രഹിക്കുന്നത്, സിറിയയെ ന്യൂനപക്ഷങ്ങളില്ലാത്ത ഇസ്‌ലാമിക രാജ്യമാക്കാനാണ്. അതിനാണ് അവർ കോപ്പുകൂട്ടുന്നത്.

അതീവസമ്പന്നമായ സാംസ്കാരികപൈതൃകം പേറുന്ന രാജ്യമാണു സിറിയ. രണ്ടു ലക്ഷം വർഷങ്ങൾക്കു മുമ്പേ സിറിയയിൽ മനുഷ്യവാസമുണ്ടായിരുന്നതിന്റെ ലക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇന്നേയ്ക്ക് 5,000 വർഷങ്ങൾക്കു മുമ്പ് സിറിയയിലെ എബ്ലായിൽ (ആലപ്പോയ്ക്കു സമീപം) ഒരു ജനവാസകേന്ദ്രമുണ്ടായിരുന്നു. ഒരു സാമ്രാജ്യതലസ്ഥാനമായി വികസിച്ച എബ്ലായിൽനിന്ന് 1,800 കളിമൺ ഫലകങ്ങൾ കണ്ടെത്തിയിട്ടുണ്ട്; ആയിരക്കണക്കിനു ശകലങ്ങളും. സുമേറിയൻ, എബ്ലൈറ്റ് ഭാഷകളിൽ ആപ്പെഴുത്ത് (ക്യൂണിഫോം) ശൈലിയിൽ എഴുതപ്പെട്ട ഈ ഫലകങ്ങൾ ഒരു ഗ്രന്ഥശാലയിൽ വർഗീകരിച്ചു സംരക്ഷിച്ചിരുന്നവയാണ്. ഇന്നത്തെ

സിറിയൻ ജനതയുടെ പൂർവികർ എത്തിച്ചേർന്നിരുന്ന സമുന്നതമായ സാംസ്കാരിക നിലവാരത്തിന്റെ സൂചനകളാണ് ഇവ.

**കീഴടക്കലുകളുടെ ചരിത്രം**

ബിസി മൂന്നാം സഹസ്രാബ്ദം മുതൽ സിറിയ നിരവധി വിദേശശക്തികളുടെ ആക്രമണത്തിനും അധീശത്വത്തിനും വിധേയമായി. സുമേറിയക്കാർ, അക്കാദ്യർ, അസീറിയക്കാർ, ഈജിപ്തുകാർ, ഹിത്യർ, ഹുര്യർ, മിത്തനി വംശജർ, അമോര്യർ, ബാബിലോണിയക്കാർ തുടങ്ങിയ പ്രാദേശികശക്തികൾ സിറിയ കീഴടക്കുകയുണ്ടായി. പിന്നീട് കാനാന്യർ, ഫിനീഷ്യർ, ആരാമ്യർ, ചില നാടോടി ജനതകൾ എന്നിവരും സിറിയൻ മേധാവിത്വത്തിനായി മത്സരിച്ചു. ബിസി 10-ാം നൂറ്റാണ്ടിൽ നവ അസീറിയൻ സാമ്രാജ്യത്തിന്റെ ഭാഗമായതോടെയാണ് ആറാം എന്നറിയപ്പെട്ടിരുന്ന സിറിയൻ ഭൂപ്രദേശം സിറിയ എന്നു വിളിക്കപ്പെടാൻ തുടങ്ങിയത്. അസീറിയ എന്ന പദത്തിൽനിന്നാണ് സിറിയ വരുന്നത്. ഇന്നത്തെ തുർക്കി, ഇറാക്ക്, ഇറാൻ രാജ്യങ്ങളുടെ പല ഭാഗങ്ങളും ഉൾപ്പെടുന്നതായിരുന്നു അന്നത്തെ സിറിയ. നവ അസീറിയയുടെ പതനത്തിനുശേഷം നവബാബിലോണിയൻ സാമ്രാജ്യം ഒരു നൂറ്റാണ്ടോളം സിറിയയിൽ ആധിപത്യം പുലർത്തി.

സിറിയ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമാകുന്നത് ബിസി ആറാം നൂറ്റാണ്ടിലാണ്. രണ്ടു നൂറ്റാണ്ടുകൾക്കിപ്പുറം സിറിയ യവന ആധിപത്യത്തിലായി. ഒന്നാംനൂറ്റാണ്ടിലെ സിറിയ അന്ത്യോഖ്യാ പട്ടണവും പരിസരങ്ങളുമായി ചുരുങ്ങിയിരുന്നു (അന്ത്യോഖ്യ ഇപ്പോൾ തുർക്കിയിലാണ്). രണ്ടു പതിറ്റാണ്ടുകൾ അർമേനിയയുടെ കീഴിലുമായി. ബിസി 64ൽ റോമൻ ജനറൽ പോംപി സിറിയ കീഴടക്കി സാമ്രാജ്യത്തിന്റെ ഭാഗമാക്കി. സാമ്രാജ്യത്തിന്റെ സിറിയൻ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു

## സിറിയയുടെ ക്രൈസ്തവപാരമ്പര്യം

*അപ്പസ്തോലസംഘത്തിന്റെ തലവനായ പത്രോസ് സിറിയയിൽ പ്രേഷിതപ്രവർത്തനം നടത്തിയിരുന്നു. സെന്റ് പോൾ അന്ത്യോഖ്യയിൽവെച്ച് പത്രോസിനെ കണ്ട കാര്യം പറയുന്നുണ്ട് (ഗലാ. 2:11). അന്ത്യോഖ്യയിൽവെച്ചാണ് ഈശോയുടെ അനുയായികൾ ക്രിസ്ത്യാനികൾ എന്ന് ആദ്യമായി വിളിക്കപ്പെട്ടത് (അപ്പ. 11:26). ഡമാസ്കസിലേക്കുള്ള യാത്രാമധ്യേയാണ് സെന്റ് പോളിന് മാനസാന്തരമുണ്ടാകുന്നത്. സിറിയയിൽ ധാരാളം യഹൂദരുണ്ടായിരുന്നു. സെന്റ് പോളിന്റെ പ്രേഷിതയാത്രകൾ ആരംഭിച്ചിരുന്നത് അന്ത്യോഖ്യയിൽ നിന്നാണ്. മൂന്നാംനൂറ്റാണ്ടിൽ സിറിയയിലെ ഏറ്റവും പ്രമുഖമതമായിരുന്നു ക്രിസ്തുമതം. ബൈസന്റൈൻ കാലഘട്ടത്തിൽ സിറിയ ഒരു ക്രൈസ്തവരാജ്യമായിത്തീർന്നു. എഡി 325ലെ നിഖ്യാ സൂനഹദോസിൽ പങ്കെടുത്ത 200 മെത്രാന്മാരിൽ 20 പേർ സിറിയയിൽനിന്നുള്ളവരായിരുന്നു.*

*സിറിയക്കാരായ ആറുപേർ റോമിൽ മാർപാപ്പാമാരായിരുന്നു. സഭാചരിത്രത്തിലെ പതിനൊന്നാമത്തെ മാർപാപ്പായായിരുന്ന വി. അനിസീറ്റസ് (1551-66), ജോൺ അഞ്ചാമൻ (685-686), വി. സെർജിയൂസ് (687), സിസിനിയൂസ് (708ൽ 21 ദിവസം മാത്രം മാർപാപ്പായായിരുന്നു), കോൺസ്റ്റന്റൈൻ ഒന്നാമൻ (708-715), ഗ്രിഗറി മൂന്നാമൻ (731-741). ഗ്രിഗറിക്കുശേഷം യൂറോപ്പുകാരനല്ലാത്ത ഒരാൾ പിന്നീട് മാർപാപ്പായാകുന്നത് 13 നൂറ്റാണ്ടുകൾക്കുശേഷമാണ്; 2013ൽ. അർജന്റീനക്കാരനായ ഫ്രാൻസിസ്.*

*ക്രിസ്തുവർഷത്തിന്റെ ആദ്യ ഏഴുനൂറ്റാണ്ടുകളിൽ സിറിയ വലിയൊരു ക്രൈസ്തവരാജ്യമായി വളർന്നു. ദൈവശാസ്ത്ര കലാലയങ്ങൾ, സന്യാസപ്രസ്ഥാനങ്ങൾ, ആരാധനക്രമ പാരമ്പര്യങ്ങൾ മുതലായവയ്ക്ക് സിറിയ ജന്മംനല്കി. ഒപ്പം, അനേകം വിശുദ്ധവ്യക്തിത്വങ്ങളും സിറിയയിൽ ജീവിച്ചു മരിച്ചു. പാശ്ചാത്യ സുറിയാനി ഭാഷയും ആരാധനക്രമവും വളർന്നു പുഷ്കലമായതും അന്ത്യോഖ്യയിലാണ്.*

സിറിയൻ വിമതർക്ക് തുർക്കിയിലെ പ്രസിഡന്റ് എർദോഗന്റെ പിന്തുണയുണ്ട്. സിറിയയെയും ഒരു സമ്പൂർണ സുന്നി ഇസ്ലാമിക രാഷ്ട്ര മാക്കുകയാണ് എർദോഗന്റെ ലക്ഷ്യം.



അഞ്ചുലക്ഷം ജനസംഖ്യയുണ്ടായിരുന്ന അന്ത്യോഖ്യ നഗരം. റോമും അലക്സാണ്ട്രിയയും കഴിഞ്ഞാൽ സാമ്രാജ്യത്തിലെ ഏറ്റവും വലിയ നഗരം. സിറിയ സാമ്പത്തിക, സാംസ്കാരിക ശക്തിയായി വളർന്നു. ബോസ്റ, അപ്പമേയ, പാൽമീറ, അന്ത്യോഖ്യ, ഡമാസ്കസ്, ദൂറാ-യൂറോപോസ് നഗരങ്ങളിൽ വിശിഷ്ട നിർമിതികൾ ഉണ്ടായി. ഇവിടങ്ങളിലുള്ള കെട്ടിടങ്ങൾ, തീയറ്ററുകൾ, സ്റ്റേഡിയങ്ങൾ, ചുമർച്ചിത്രങ്ങൾ തുടങ്ങിയവയുടെ ശേഷിപ്പുകൾ സിറിയൻജനതയുടെ ശില്പകലാവൈദഗ്ധ്യത്തിന്റെയും ഭാവനാവിലാസത്തിന്റെയും ഉദാഹരണങ്ങളാണ്.

റോമൻ കാലഘട്ടത്തിൽ സിറിയൻ രാജാക്കന്മാർ പലരുണ്ടായി. അളവറ്റ ധനവും ആഡംബരവും അവരെ അധഃപതനത്തിലേക്കു നയിച്ചു. ആഭ്യന്തരകലഹങ്ങളും വിദേശീയാക്രമണങ്ങളും റോമിന്റെ ക്രമാനുഗതമായ തളർച്ചയും സിറിയയെയും ബാധിച്ചു. എഡി നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സിറിയ പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ (ബൈസന്റൈൻ) ഭാഗമായി.

**ഇസ്ലാം സിറിയയിൽ**

എഡി 634-640 വർഷങ്ങളിലായി അറബികളായ മുസ്ലീംകൾ സിറിയയിൽ എത്തിച്ചേരുകയും, സിറിയയെ ഇസ്ലാമിക സാമ്രാജ്യത്തിന്റെ ഭാഗമായി മാറ്റുകയും ചെയ്തു. ഉമ്മയാദ് വംശജർ തലസ്ഥാനമായി ഡമാസ്കസിനെ തെരഞ്ഞെടുത്തു. ക്രമേണ നടന്ന ഇസ്ലാമികവത്കരണത്തിൽ ക്രൈസ്തവർ പലവിധത്തിൽ പാർശ്വവത്കരിക്കപ്പെട്ടു. പൊതുഭാഷകളായിരുന്ന അറമായ, ഗ്രീക്ക് എന്നിവയ്ക്കു പകരം അറബി ഔദ്യോഗികഭാഷയായിത്തീർന്നു. വിവിധ മുസ്ലീംവംശങ്ങളും ബൈസന്റൈൻ രാജാക്കന്മാരും സിറിയയ്ക്കുവേണ്ടി നൂറ്റാണ്ടുകളോളം പോരാടി. 12-13 നൂറ്റാണ്ടുകളിൽ സിറിയ കുരിശുയുദ്ധക്കാരുടെ അധീനതയിലായിരുന്നു. മംഗോൾ വംശജരും ഈജിപ്തുകാരും തൈമൂറും കുറേക്കാലം സിറിയയുടെ ഭാഗധേയം നിർണയിച്ചു. ക്രൈസ്തവരും യഹൂദരും മതപീഡനത്തിന് വിധേയരായി. മതനികുതി കൊടുക്കേണ്ട രണ്ടാംകിട പൗരന്മാരായി അവർ മാറി.

ഓട്ടോമൻ സുൽത്താൻ സലിം ഒന്നാമൻ 1516ൽ സിറിയ കീഴടക്കി. ആ ഭരണകാലം 1918 വരെ നീണ്ടുനിന്നു. ക്രൈസ്തവരും ഇതര ന്യൂനപക്ഷ വിഭാഗങ്ങളും ആപേക്ഷികമായ സ്വാതന്ത്ര്യത്തോടെയാണ് അക്കാലത്തു കഴിഞ്ഞത്. എന്നാൽ, 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ന്യൂനപക്ഷങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെടുകയും അനേക ലക്ഷങ്ങൾ വധിക്കപ്പെടുകയും ചെയ്തു. തുർക്കിയിൽ നടന്ന അർമേനിയൻ വംശഹത്യയുടെ സിറിയൻ പതിപ്പായിരുന്നു

ഇത്. പലായനം ചെയ്തവരെ സായുധ അറബിസംഘങ്ങളും ആക്രമിച്ചു. ഒന്നാം ലോകയുദ്ധത്തിനുശേഷം സിറിയയും ലബനനും ഫ്രഞ്ച് ആധിപത്യത്തിലായി. 1946ൽ ഫ്രഞ്ചുകാർ രാജ്യം വിട്ടു. പട്ടാളവിപ്ലവങ്ങളും രാഷ്ട്രീയ അസ്ഥിരതയും മുതലെടുത്തുകൊണ്ട് 1970ൽ ഹാഫീസ് അൽ-അസാദ് രാജ്യത്ത് ബാത്ത് പാർട്ടിയുടെ ഏകപാർട്ടി ഭരണം ആരംഭിച്ചു. അദേഹം 2000ൽ മരിച്ചപ്പോൾ മകൻ ബഷാർ അൽ-അസാദ് പ്രസിഡൻറായി. അദേഹത്തിന്റെ ഏകാധിപത്യ ഭരണത്തിനാണ് ഇപ്പോൾ അറുതിയായിരിക്കുന്നത്.

കാൽ നൂറ്റാണ്ടു നീണ്ട ബഷാറിന്റെ ഭരണകാലത്ത് ആഭ്യന്തരസംഘർഷങ്ങളും, ഇസ്ലാമിക തീവ്രവാദം മൂലമുള്ള ഭീകരാക്രമണങ്ങളും രാജ്യത്തു പതിവായി. റഷ്യ, തുർക്കി, ഇറാൻ എന്നിവയുടെ താത്പര്യങ്ങൾ പ്രശ്നങ്ങൾ ആളിക്കത്തിച്ചു. അനേക ലക്ഷംപേർ കൊല്ലപ്പെട്ടു. മറ്റനേക ലക്ഷങ്ങൾ നാടുവിട്ടു. ക്രൈസ്തവരെയും ഇതരന്യൂനപക്ഷങ്ങളെയും ഉന്മൂലനം ചെയ്യാനുള്ള പദ്ധതിയുമായി ഐഎസ് രംഗപ്രവേശം ചെയ്തു. രാജ്യത്തിന്റെ പല ഭാഗങ്ങളും വ്യത്യസ്ത സായുധസംഘങ്ങളുടെ കീഴിലായി. 1918ൽ 30 ശതമാനമായിരുന്ന ക്രൈസ്തവർ ഇപ്പോൾ കഷ്ടിച്ച് നാലു ശതമാനമാണ്. 2011ൽ പോലും അവർ 10 ശതമാനമായിരുന്നു, ആകെ ജനസംഖ്യയായ രണ്ടു കോടി 10 ലക്ഷത്തിൽ. ഇപ്പോൾ അവർ അഞ്ചു ലക്ഷത്തിൽ താഴെയാണ്. ദേശസ്നേഹികളും അഭ്യസ്തവിദ്യരുമായ ക്രൈസ്തവർ സിറിയയുടെ പുനർനിർമാണത്തിൽ സഹകരിക്കണമെന്നാണു സഭാനേതാക്കൾ ആഹ്വാനം ചെയ്യുന്നത്. എന്നാൽ, ക്രൈസ്തവർക്ക് ഏറ്റവും അപകടകരമായ 12-ാമത്തെ രാജ്യമാണു സിറിയ എന്നാണ് ഓപ്പൺ ഡോർസ് എന്ന സന്നദ്ധസംഘടനയുടെ കണക്ക്. ഭരണം കൈയാളുന്ന പുതിയ 'സാർഥവാഹകസംഘം' പുലർത്തുന്ന നിലപാടുകളാണ് സിറിയയിൽ അവശേഷിക്കുന്ന ക്രൈസ്തവരുടെ ഭാവി നിർണയിക്കുക. ○

## ഫ്രാൻസിസ് പാപ്പാ പട്ടമേറ്റിട്ട് 55 വർഷങ്ങൾ



*1969ൽ വൈദികപട്ടം സ്വീകരിച്ച ഫ്രാൻസിസ് പാപ്പാ 21-ാമത്തെ വയസിലാണ് സെമിനാരിപഠനം ആരംഭിച്ചത്. 19-ാമത്തെ വയസിൽ അനുരഞ്ജനകൂദാശയിൽ അനുഭവിച്ച ദൈവികസാന്നിധ്യമാണ് ബെർഗോളിയോ എന്ന യുവാവിനെ ദൈവവിളി തിരിച്ചറിയാൻ പ്രാപ്തനാക്കിയതെന്ന് അദേഹം തന്നെ വ്യക്തമാക്കുന്നു. 1958 മാർച്ച് 11നാണ് വൈദികപഠനത്തിന് ഈശോസഭാ സെമിനാരിയിൽ പ്രവേശിച്ചത്. തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുക മാത്രമല്ല, 1964 മുതൽ വിവിധ കോളജുകളിൽ സാഹിത്യവും മനഃശാസ്ത്രവും പഠിപ്പിക്കുകയും ചെയ്തു.*

*1969 ഡിസംബർ 13ന് കോർദോബായിലെ മെത്രാപ്പോലീത്താ രാമോൻ ഹോസെ കാസ്റ്റെല്ലാനോയുടെ കൈവെപ്പിനാൽ വൈദികനായി അഭിഷേകം ചെയ്യപ്പെട്ട പാപ്പാ, ഈ വർഷം ശുശ്രൂഷാപൗരോഹിത്യത്തിൽ 55 വർഷങ്ങൾ പൂർത്തിയാക്കി.*

*വി. മത്തായിയുടെ ദൈവവിളിയോടാണ് ഫ്രാൻസിസ് പാപ്പാ സ്വന്തം ദൈവവിളിയെ സാദൃശ്യപ്പെടുത്തുന്നത്. പാപിയായ എനിക്ക് ദൈവം തന്റെ വിരൽനീട്ടി കൃപ തന്നതിന്റെ ഫലമാണ് ഈ ജീവിതമെന്ന് അദേഹം സൂചിപ്പിക്കുന്നു.*

*മെത്രാനായി നിയോഗിതനായപ്പോൾ ജീവിതാദർശമായി തെരഞ്ഞെടുത്ത വാക്യമിതാണ്: 'കരുണയോടെ അവനെ നോക്കുകയും അവനെ തെരഞ്ഞെടുക്കുകയും ചെയ്തു' (Miserando atque eligendo). 'അടുപ്പം, അനുകമ്പ, ആർദ്രത' എന്നിവ അന്നുമുതലേ ഫ്രാൻസിസ് പാപ്പാ ജീവിതത്തിൽ കാത്തുസൂക്ഷിച്ചിരുന്നു എന്നതിന് എത്രയോ ആളുകൾ സാക്ഷികളാണ്.*

ആകാശ് ടോം മാത്യു

# മാറ്റം, എന്തൊരു മാറ്റം!

**നിർമിതബുദ്ധി മേൽക്കൈ നേടിക്കഴിഞ്ഞ ഇക്കാലത്ത് സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ച് എത്രപേർക്ക് അറിവുണ്ട്. ഒന്ന് അന്വേഷിച്ചാലോ.**


*പുതിയ വർഷത്തിന്റെ പൂമുഖപ്പടിയിൽ എത്തിനില്ക്കുമ്പോൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളിലൂടെ ഒരു ഓട്ടപ്രദക്ഷിണം. അറിഞ്ഞോ അറിയാതെയോ നമ്മളും ഈ മാറ്റങ്ങളുടെ ഭാഗമായി മാറിക്കഴിഞ്ഞില്ലേ? ചില മാറ്റങ്ങൾ നല്ലതാണ്. എന്നാൽ എല്ലാ മാറ്റങ്ങളും വളർച്ചയുടേതാണോ? നിർമിതബുദ്ധി മേൽക്കൈ നേടിക്കഴിഞ്ഞ ഇക്കാലത്ത് സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ച് എത്രപേർക്ക് അറിവുണ്ട് എന്നതാണ് കാര്യം.*

## സിനിമ

സിനിമയിൽ മാറ്റങ്ങൾക്കു തുടക്കമായത് കോവിഡ് കാലത്താണ്. തീയറ്ററുകൾ അടഞ്ഞുകിടന്ന സമയം. എക്കാലത്തെയും ജനത്തിന്റെ പ്രിയവിനോദമായ സിനിമ പുതിയ രൂപഭാവങ്ങളിലേക്കു ചുവടുമാറ്റിയതിന്റെ ഫലമാണ് ഒടിടി പ്ലാറ്റ്ഫോം. തീയറ്ററിൽ പ്രദർശനത്തിനെത്തി ഒരു മാസത്തിനുള്ളിൽതന്നെ വീട്ടിലിരുന്നു സിനിമ കാണാൻ ഒടിടി നല്കുന്ന സൗകര്യം, സിനിമയെ സ്നേഹിക്കുന്നവരെല്ലാം ഇന്നു പ്രയോജനപ്പെടുത്തുന്നുണ്ട്. തീയറ്ററുകളിലേക്കു പണ്ടത്തേതുപോലുള്ള ഒഴുക്കു കുറഞ്ഞു. തീയറ്ററുകൾക്കു വേണ്ടി മാത്രമാകാതെ ഒടിടിക്കുവേണ്ടിയും സിനിമയെടുക്കുന്ന രീതികൾ ഇന്നു വ്യാപകമാണ്.

കോടികൾ കിലുങ്ങുന്ന നല്ല സിനിമകൾക്കുപോലും ടിക്കറ്റെടുക്കാൻ ഉന്തുംതള്ളും നീണ്ട ക്യൂവും ഇന്ന് ഒരു തീയറ്ററിലുമില്ല. ഓൺലൈൻ വഴി ടിക്കറ്റ് ബുക്കുചെയ്യാം; ഇഷ്ടമുള്ള സമയത്ത് ഇഷ്ടപ്പെട്ട തീയറ്ററിൽ ഇഷ്ടമുള്ള സീറ്റിലിരുന്ന് സിനിമ കാണാം.

പഴയകാലത്തെ ഓലകെട്ടിയ സിനിമകൊട്ടകകളിൽനിന്ന് പരിണാമം സംഭവിച്ചവയായിരുന്നു നമ്മുടെ എ ക്ലാസ് തീയറ്ററുകൾ. എസിയും സിനിമാസ്കോപ്പ് സ്ക്രീനുമുള്ള വലിയ തീയറ്ററുകൾ. അത്തരം തീയറ്ററുകൾ പലതും ഇപ്പോൾ അടച്ചിട്ടിരിക്കയാണ്. മൾട്ടിപ്ലക്സിന്റെ പുതുമുഖത്തോടാണ് ഇന്ന് എല്ലാവർക്കും പ്രിയം. യുവജനങ്ങളുടെ കാര്യം പറയുകയേ വേണ്ട.




# FASHiON




മലയാളികൾ ഇക്കാലത്ത് ഏറ്റവും കൂടുതൽ പരിഷ്കാരം വരുത്തിയിരിക്കുന്നത് തലയിലാണെന്നു തോന്നുന്നു. കേശാലങ്കാരത്തിൽ വൈവിധ്യങ്ങളുടെ സമൃദ്ധിയാണ്. ആണുങ്ങളും പെണ്ണുങ്ങളും ഇക്കാര്യത്തിൽ ഒപ്പത്തിനൊപ്പം സഞ്ചരിക്കുന്നു. പിന്നിയ മുടിയും പൂവു ചൂടിയ തലയും ഇന്നു സ്ത്രീകൾക്കിടയിൽ ഒട്ടുംതന്നെയില്ല. ആണുങ്ങളുടെ തലയിലോ, പരീക്ഷണങ്ങളുടെ പൊടിപൂരമാണ്.

# ആരോഗ്യം



ആരോഗ്യകാര്യങ്ങളിൽ മുൻതലമുറയേക്കാളും കൂടുതൽ ശ്രദ്ധ കൊടുക്കുന്നവരാണ് ഈ തലമുറയിലുള്ളവർ. ഹെൽത്ത് ക്ലബുകൾ എന്ന പേരിൽ നാട്ടിൻപുറങ്ങളിൽ പോലും ധാരാളം ജിംനേഷ്യം സെന്ററുകൾ. രോഗം വരുമ്പോഴും മരുന്നു കഴിക്കേണ്ടി വരുമ്പോഴും ഇവർ ചെയ്യുന്നതെന്താ? ഗൂഗിൾ ചെയ്ത് വിവരം സമ്പാദിക്കും. ഇത്തരം മുറിവൈദ്യന്മാർക്ക് ഇക്കാലത്ത് ഒരു പഞ്ഞവുമില്ല. ഡോക്ടർമാർക്കു പോലും ചിലപ്പോൾ അവർ കറക്ഷൻസ് കൊടുക്കും. ഗൂഗിൾ നല്കുന്ന അറിവിന് അത്രമാത്രം വിശ്വാസ്യത അവർ കൊടുക്കുന്നുണ്ട്.



# BHAAഷ

വാക്കും സാഹിത്യവും സംസ്കാരവും ചേർന്നതാണ് ഭാഷ. പുതിയ വാക്കുകളും പുതിയ പ്രയോഗങ്ങളുംകൊണ്ട് പഴയ അർഥങ്ങളെ പുതിയ തലമുറ തിരുത്തിയെഴുതിക്കൊണ്ടിരിക്കുന്നു. അശ്ലീലമെന്ന് പഴയ തലമുറ കരുതിയ പല വാക്കുകളും പുതിയ അർഥങ്ങളുടെ മേലങ്കിയണിഞ്ഞാണ് ഇന്ന് പ്രയോഗിക്കപ്പെടുന്നത്. ഒരു യുട്യൂബ് അവതാരകനെക്കുറിച്ച് ഒരു യുവനടി അഭിമുഖത്തിനിടെ പറഞ്ഞപ്പോൾ ഉപയോഗിച്ച ഒരു പദം പഴയ തലമുറയ്ക്ക് വല്ലാത്ത ഞെട്ടലുണ്ടാക്കി. കാരണം അശ്ലീലച്ചുവ തിങ്ങിനിറഞ്ഞതാണ് ആ വാക്ക്. പക്ഷേ, എന്തുചെയ്യാം, അത്തരമൊരു അർഥമല്ല പുതിയകാലത്ത് ഈ വാക്കിനുള്ളത്. അത്തരം പദങ്ങളൊന്നും ഇപ്പോൾ പരസ്യമായി പറയാൻ പുതുതലമുറയ്ക്ക് ഒട്ടും മടിയുമില്ല.

പൊളി എന്നു മുമ്പു പറയുമ്പോൾ ഒരൊറ്റ അർഥമേയുണ്ടായിരുന്നുള്ളൂ; മോശം. പക്ഷേ ഇന്നോ, ഏറ്റവും നല്ലതിനാണ് പൊളി എന്നു പറയുന്നത്. മൊയേ മൊയേ എന്ന വാക്ക് വ്യാപകതോതിൽ പ്രയോഗിക്കപ്പെടുന്നുണ്ട്. എന്താണർഥം? ചമ്മിപ്പോയേ എന്നാണർഥം. മറ്റൊരു ഭാഷയിൽ നിന്നുവന്നതാണ് ആ പദമെന്നും ഓർക്കുക.

തന്തവൈബ്, അമ്മാവൻ, 90 കിഡ്സ് തുടങ്ങി എത്രയെത്ര വാക്കുകളാണ് പുതിയ നിഘണ്ടുവിൽ ഇനി ചേർക്കാൻ പോകുന്നത്.

ഉത്കൃഷ്ടസാഹിത്യം എന്ന് ഒരു വിഭാഗം ആളുകൾ കരുതുന്ന സാഹിത്യം തന്നെ നോക്കൂ. ഒരു പ്രത്യേകവിഭാഗം പ്രസിദ്ധീകരണങ്ങളിലും പ്രസാധകരിലും നിന്ന് പുറത്തുവരുന്നതു മാത്രമാണ് മികച്ച സാഹിത്യമെന്നാണല്ലോ പലരുടെയും ധാരണ. അവയെല്ലാം കെങ്കേമമെന്നു വാഴ്ത്തപ്പെടുകയും ചെയ്യുന്നു. ഇപ്പോൾ അത്തരം പ്രസിദ്ധീകരണങ്ങളിൽനിന്നും പ്രസാധകരിൽനിന്നും പുറത്തിറങ്ങുന്ന കൃതികളുടെ പ്രധാനവിഭവം പച്ചയായ ലൈംഗികതയാണ്. പണ്ടുകാലത്ത് ചില എഴുത്തുകാരുടെ പേരിൽ മാത്രം പുറത്തിറങ്ങിയിരുന്ന നോവലുകളിലെ അതേ അശ്ലീലവർണനകളും വിവരണങ്ങളും ഇന്ന് മുഖ്യധാരാമാധ്യമങ്ങളിലെ കഥകളിലും നോവലുകളിലും സുലഭം. കൂടുതൽ വിറ്റഴിക്കപ്പെടുന്ന മിക്ക കൃതി

കളിലും ഇവയ്ക്കാണ് പ്രാധാന്യം എന്നു മാത്രമോർക്കുക.

റീൽസിന്റെ അഡിക്ടായി ആളുകൾ മാറിയിരിക്കുന്ന ഇക്കാലത്ത് വായനയ്ക്ക് എവിടെ നേരം. അതിനിടയിലും നോവൽവസന്തം എന്ന രീതിയിൽ പുസ്തകങ്ങൾ പുറത്തിറങ്ങുന്നുണ്ട്. പ്രസാധകർ ഇപ്പോൾ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നത് നോവലുകളിലാണെന്നു തോന്നുന്നു. യുവജനങ്ങൾ വായനയോട് അകലം പാലിക്കുന്നു എന്നു പരാതിപ്പെടുമ്പോൾ തന്നെയാണ്, അഖിൽ പി. ധർമജന്റെ റാം കെയറോഫ് ആനന്ദിയും, നിമ്നയുടെ എത്രയും പ്രിയപ്പെട്ട എന്നോടും ലക്ഷക്കണക്കിന് കോപ്പികൾ വിറ്റഴിക്കപ്പെടുന്നതെന്നും ഓർമിക്കണം. അതു വായിക്കുന്നത് യുവജനങ്ങളാണല്ലോ. വേണ്ടതും അഭിരുചിക്ക് ഇണങ്ങുന്നതുമായ എന്തും അവർ വായിക്കുമെന്നാണല്ലോ ഇതിനർഥം.

## അടുക്കള

ഇക്കാലയളവിൽ വീട്ടിലെ അടുക്കളയ്ക്കുണ്ടായ മാറ്റമാണ് മാറ്റം. ഒരു കാലത്ത് അടുക്കള ഭരിച്ചിരുന്ന മൺപാത്രങ്ങളും വിറകടുപ്പും കാലഹരണപ്പെട്ടു. അരകല്ലും ആട്ടുകല്ലും പുറന്തള്ളപ്പെട്ടു. ഗ്യാസ് സ്റ്റൗവിലേക്ക് അടുക്കള മാറിയപ്പോൾ അതനുസരിച്ചു പാകംചെയ്യുന്ന പാത്രങ്ങളിലും മാറ്റംവന്നു. അത് രുചിയിലും മാറ്റംവരുത്തി. നോൺസ്റ്റിക് പാത്രങ്ങൾക്കാണ് ഇന്നേറെ പ്രചാരം. തണുത്ത വെള്ളത്തിന് നാം ഉപയോഗിച്ചിരുന്ന മൺകൂജകൾ ഇപ്പോൾ മ്യൂസിയത്തിലാണേറെയും. ഫ്രിഡ്ജും മിക്സിയും ഓവനും എല്ലാംചേർന്ന് അടുക്കള നവീകരിച്ചുകൊണ്ടിരിക്കുന്നു. അടുക്കളയായിരുന്നു ഒരുകാലത്ത് കുടുംബത്തിന്റെ കേന്ദ്രസ്ഥാനം. അടുപ്പിൽ തീ പുകഞ്ഞില്ലെങ്കിൽ കുടുംബം പട്ടിണിയാകുന്ന അവസ്ഥ. രുചിഭേദങ്ങൾ നിശ്ചയിക്കുന്നത് അടുക്കളയായിരുന്നു. ഇന്ന് അടുക്കള അടച്ചിട്ടാലും ഇല്ലാതായാലും വീട്ടിൽ ആരും പട്ടിണി കിടക്കുകയില്ല. ഒരു ഫോൺകോളിൽ ഏത് ഇഷ്ടവിഭവവും വീട്ടുപടിക്കലെത്തും.



## ഭക്ഷണം



അടുക്കളയിലെ മാറ്റത്തിന്റെ തുടർച്ചയാണ് ഭക്ഷണകാര്യത്തിലുള്ള മാറ്റവും. കപ്പയും ചക്കയും മലയാളിയുടെ ഇഷ്ടവിഭവങ്ങളായിരുന്ന ഒരു കാലമുണ്ട്. പക്ഷേ, പുതുതലമുറയ്ക്ക് കപ്പയും ചക്കയും അലർജിയാണ്. പൊറോട്ടയിലും ചപ്പാത്തിയിലും കണ്ണുംനട്ടിരുന്ന തലമുറയിൽനിന്ന് ഫാസ്റ്റ് ഫുഡിലേക്കാണ് ഇന്നു യുവജനങ്ങളുടെ വളർച്ച. 10 വർഷംമുമ്പ് ഒരിക്കൽപോലും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത എത്രയെത്ര ഭക്ഷ്യവിഭവങ്ങളാണ് ഇന്ന് നമ്മുടെ ഫേവറിറ്റുകളായി മാറിയിരിക്കുന്നത്. ഷവർമ, കുഴിമന്തി, അൽഫാം, കുലുക്കിസർബത്ത്... പറഞ്ഞാലും പറഞ്ഞാലും തീരാത്തത്ര പുതിയ വിഭവങ്ങൾ നമ്മുടെ ഭക്ഷണമേശകളെ നിറയ്ക്കുന്നു. ഹോട്ടലിനുള്ളിലെ എഴുത്തുകൾക്കുമുണ്ട് മാറ്റം. ഒരിടത്ത് എഴുതിവെച്ചിരിക്കുന്നത് ഇങ്ങനെ: തീറ്റ, കുടി, ബഹളം... വിരുദ്ധാഹാരമെന്ന് ഒറ്റയടിക്ക് തോന്നുന്ന എത്രയോ ഡിഷുകളാണ് ഇന്നു ചേരുംപടി ചേർത്തിരിക്കുന്നത്. പച്ചക്കറി കഴിക്കുന്നവരുടെ എണ്ണം കുഞ്ഞുങ്ങളുടെയിടയിൽ കുത്തനേ കുറയുന്നത് ഗൗരവമായി കാണണം.



## സമയം

സമയത്തിന്റെ കാര്യത്തിലും സമയത്തോടുള്ള മനോഭാവത്തിലും വളരെ മാറ്റം വന്നിട്ടുണ്ട്. ഒന്നിനും അധികം സമയം ചെലവഴിക്കാൻ ആർക്കും താത്പര്യമില്ല. എല്ലാം പെട്ടെന്നു തീർക്കണം. അരമണിക്കൂർ നീളമുള്ള വീഡിയോ വേണ്ട, ഒരുമിനിറ്റിൽ കാര്യം പറയുന്ന റീൽസ് മതി.

സമയത്തെക്കുറിച്ചു രണ്ടുകാര്യങ്ങൾ കൂടി. പണ്ട് ആളുകൾ ഒരു സമയത്ത് കാണാമെന്നു പറഞ്ഞാൽ, അല്പം വൈകിയാൽപോലും വാക്ക് പാലിച്ചിരുന്നു. ഇപ്പോൾ സമയത്തിന് ആരുംതന്നെ അത്ര വില കൊടുക്കുന്നില്ല. അവസാനസമയം വരെ പ്ലാൻ മാറ്റിവെക്കാൻ സാധ്യതയുണ്ട്. മൊബൈൽ വിളിച്ച് അസൗകര്യം പറയുകയേ വേണ്ടൂ. എനിക്ക് ഇന്നു വരാൻ കഴിയില്ല. സോറി ഡാ. തീർന്നു. കാര്യങ്ങൾ.




## യാത്ര......

ഒറ്റയ്ക്കും കൂട്ടായും കുടുംബമായും കൂടുതൽ യാത്ര ചെയ്യുന്നവരാണ് ഇന്ന് ഏറെപ്പേരും. യാത്രകൾ പ്രമേയമാകുന്ന പ്രസിദ്ധീകരണങ്ങളും യുട്യൂബ് ചാനലുകളും ഇന്നു ധാരാളം. കൂടുതൽ സന്തോഷിക്കണം, ആനന്ദിക്കണം എന്ന ചിന്ത പിടികൂടിയതിനു പിന്നിലും കോവിഡിന്റെ സ്വാധീനമുണ്ടെന്നു തോന്നുന്നു. അടച്ചുപൂട്ടി കഴിഞ്ഞ നാളുകൾ അവരെ സ്വാതന്ത്ര്യത്തിന്റെ അർഥവും ആനന്ദവും ഓർമിപ്പിച്ചിട്ടുണ്ടാവാം.

## YouTube


മുമ്പു ടിവിയായിരുന്നു നമുക്കെല്ലാം. ടിവി വലിയൊരു ലോകമാണ് നമുക്കു മുമ്പിൽ തുറന്നിട്ടത്. മാറിയ ലോകത്ത് സാറ്റലൈറ്റ് ചാനലുകൾക്ക് മങ്ങൽ സംഭവിച്ചുതുടങ്ങിയിരിക്കുന്നു. ഇപ്പോൾ ആളുകൾ ടിവിയിലേതിനെക്കാൾ വിനോദങ്ങളിൽ മുഴുകുന്നത് യുട്യൂബിലാണ്. വേണ്ടതെല്ലാം അവിടെ കിട്ടുമത്രേ. യുട്യൂബ് പലർക്കും വരുമാനമാർഗം കൂടിയാണ്. ക്ലിപ് തപ്പെടുത്തിയ ജോലിയും ജോലിസമയവും എന്ന പരമ്പരാഗതസങ്കല്പം വിട്ട്, യുട്യൂബുകൊണ്ട് ലക്ഷങ്ങൾ സ്വന്തമാക്കുന്നവർ സെലിബ്രിറ്റികളായി മാറുന്നു. പത്രങ്ങൾക്കും മറ്റ് അച്ചടിമാധ്യമങ്ങൾക്കും സർക്കുലേഷൻ തീരെ കുറവാണ്. ലോകത്തെ സംഭവങ്ങളറിയാൻ പത്രത്തിനു കാത്തിരുന്ന കാലം എന്നേ മറഞ്ഞുപോയി. ഓൺലൈനിൽ അപ്പഴപ്പോൾ വിവരങ്ങളറിയുന്നതല്ലേ ഇന്നത്തെ ട്രെൻഡ്.



# ആർഭാടങ്ങൾ

കോവിഡ് ജീവിതസമീപനത്തിൽ വലിയ തോതിൽ മാറ്റംവരുത്തിയിട്ടുണ്ട്. എന്തുമാത്രം പണം വേണമെങ്കിലും ചെലവഴിക്കാൻ മടിയില്ലാതായിരിക്കുന്നു. പിശുക്കിയും അരിച്ചുപെറുക്കിയും ജീവിച്ചിട്ട് ആരും ഒന്നും കൊണ്ടുപോകുന്നില്ലല്ലോ. ഇനി അടിച്ചുപൊളിച്ചങ്ങു ജീവിക്കാം എന്നാണ് പലരുടെയും വിചാരം. ദിവസങ്ങൾ നീണ്ടുനില്ക്കുന്ന വിവാഹമാമാങ്കങ്ങളും ആഘോഷങ്ങളും ഈ ചിന്തയുടെ ഉപോല്പന്നമാവാം. വിവാഹനിശ്ചയം, ഗർഭധാരണം, മാമോദീസ - പണ്ട് ഇതെല്ലാം വെറും സാധാരണ സംഭവങ്ങൾ. എന്നാൽ ഇന്നോ വമ്പിച്ച പണംമുടക്കുള്ള ആഘോഷങ്ങൾ. പണക്കാർ മാത്രമല്ല, ഇടത്തരക്കാരും ഇത്തരം ശീലങ്ങളിൽ അകപ്പെട്ടുപോകുന്നു.





# പ്രണയം

പ്രണയവും പരിണയവും വ്യാപാരം കിളിമകളേ എന്നെഴുതിയത് ശ്രീകുമാരൻ തമ്പിയാണ്. പത്തിരുപത് കൊല്ലം മുമ്പ് അദ്ദേഹമെഴുതിയ ഈ വരികൾ ഇന്നു കൂടുതൽ അർഥം നേടിയിരിക്കുന്നു. പണ്ട് പ്രണയവഞ്ചനകളും ചതികളും എണ്ണത്തിൽ നന്നേ കുറവ്. പക്ഷേ, പ്രണയമിന്ന് പലർക്കും സമയംപോക്കിനോ കാര്യസാധ്യത്തിനോ വേണ്ടി മാത്രമുള്ള കാര്യം. ആത്മാർഥത പ്രണയപരിസരത്തുപോലുമില്ലെന്നാണ് ചിലരുടെ പരിഭവം. പ്രണയപരാജയത്തിന്റെ പേരിൽ കടാപ്പുറത്തുകൂടി പാട്ടുപാടി നടക്കുന്ന പരീക്കുട്ടിമാരെ ഇനി മഷിയിട്ടു നോക്കിയാൽപോലും കാണാൻ കിട്ടില്ല. ഒന്നുപോയാൽ മറ്റൊന്ന് സെറ്റാക്കാൻ ധൃതിവെക്കുന്നവരാണ് കൂടുതൽ.

# വ്യക്തിസ്വാതന്ത്ര്യം

വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ വിവാഹം പോലെയുള്ള ശാശ്വത ഉടമ്പടിയിൽ ഏർപ്പെടാൻ വിമുഖത കാണിക്കുന്ന ചെറുപ്പക്കാരുടെ എണ്ണം ഇന്നു കുത്തനെ കൂടുന്നുണ്ട്. ഇക്കാര്യത്തിൽ പെൺകുട്ടികളാണ് കൂടുതലെന്നു പറയപ്പെടുന്നു. പുരുഷന്റെ കീഴിൽനിന്ന് ജീവിതമാർഗം കണ്ടെത്തുന്ന പെൺകുട്ടികളുടെ കാലം പണ്ടേ കഴിഞ്ഞത്രേ. പെൺകുട്ടികൾ ഇന്നു പുരുഷന്മാരേക്കാളും വിദ്യാഭ്യാസമുള്ളവരും വരുമാനമുള്ളവരുമാണ്. പുരുഷാധിപത്യം നിഷേധിക്കാൻ സാമ്പത്തികസ്വാതന്ത്ര്യം അവർക്കു ബലംകൊടുക്കുന്നു. സ്ത്രീധനപീഡനങ്ങളും കൊലപാതകങ്ങളും വിവാഹം വേണ്ടെന്നു വെക്കാൻ ചിലരെയെങ്കിലും പ്രേരിപ്പിക്കുന്നുണ്ടാവാം.



# കുടിയേറ്റം

നാട്ടിൽ ജീവിക്കാൻ ഇഷ്ടമില്ലാത്തവരായി യുവജനങ്ങൾ മാറിയിട്ട് കാലമെത്രയായി. ജോലിയോ പണമോ മാത്രമല്ല, കൂടുതൽ സ്വാതന്ത്ര്യവും ഇതുവഴി അവർ ലക്ഷ്യമിടുന്നു. തങ്ങളെ വരിഞ്ഞുമുറുക്കുന്ന പലതിൽ നിന്നുമുള്ള പറന്നുയരലാണ് അവർക്ക് കുടിയേറ്റം. കാഴ്ചപ്പാടിലും ജീവിതസമീപനത്തിലും വന്ന ഈ മാറ്റം നമ്മുടെ നാടിന്റെ വർത്തമാന കാല ദുരന്തമാണ്. കേരളത്തിൽ ആൾത്താമസമില്ലാതെ കിടക്കുന്ന 10 ലക്ഷത്തോളം വീടുകളെക്കുറിച്ച് ഈയിടെ നാം കേട്ടു. മക്കൾ വിദേശത്താകുന്നതോടെ മാതാപിതാക്കളുടെ ജീവിതം പ്രതിസന്ധിയിലാകാം. ഒന്നുകിൽ അവരും മക്കൾക്കൊപ്പം വിദേശത്ത്; അഥവാ, വൃദ്ധസദനത്തിൽ. ഇതാണ് അവസ്ഥ.



# ജോലി

ഒരാൾക്ക് ചെറുപ്പകാലത്ത് കിട്ടുന്ന ജോലി അയാൾ വിരമിക്കുന്നതുവരെയോ മരിക്കുന്നതുവരെയോ തുടരുന്നതായിരുന്നു മുമ്പത്തെ പൊതുരീതി. പുതിയ തലമുറയ്ക്ക് അത്തരമൊരു പ്രതിബദ്ധതയൊന്നും ഇല്ല. കൂടുതൽ നല്ല പാക്കേജ് കിട്ടുന്നതനുസരിച്ച് ഒരു കമ്പനിയിൽനിന്ന് അടുത്തതിലേയ്ക്കു ചാടിക്കൊണ്ടിരിക്കും. മണിക്കൂറിന് പണം എന്ന കണക്കിൽ ഒന്നിലധികം കമ്പനികൾക്കുവേണ്ടി ജോലി ചെയ്യുന്നവരുമുണ്ട്. പുതുതലമുറ മൂന്നുവർഷത്തിൽ കൂടുതൽ ഒരു കമ്പനിയിലും ജോലി ചെയ്യുന്നില്ലെന്നു റിപ്പോർട്ടുകൾ പറയുന്നു.

# മറവിയും ഓർമയും



വിവരസാങ്കേതികതയിൽ വൻകുതിച്ചുചാട്ടമാണ് ലോകത്തു നടക്കുന്നത്. കൊച്ചുകുട്ടികൾ വരെ അതിന്റെ ഭാഗമായി. കുട്ടികൾ മുമ്പ് പുതിയ വാക്കുകളുടെ അർഥം പഠിച്ചിരുന്നത് നിഘണ്ടുക്കളുടെ സഹായത്തോടെയാണ്. അതവരുടെ ഹൃദയത്തിൽ പതിഞ്ഞുകിടക്കും. ഇന്ന് ഡിക്ഷ്നറിയ്ക്ക് എന്തു സ്ഥാനം? അവർക്കതിന്റെ ആവശ്യമില്ല. പുതിയ വാക്കുകളുടെ അർഥമറിയാൻ അവർ ഗൂഗിൾ ചെയ്യും. ആവശ്യം തീരുന്നതോടെ ആ വാക്ക് മറന്നിരിക്കും. പബ്ലിക് ടെലിഫോൺ ബൂത്തിൽ കയറി ക്യൂനിന്ന് ഫോൺ ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. ഫോൺനമ്പറുകൾ ചെറിയ ഡയറിയിൽ എഴുതിസൂക്ഷിച്ചിരുന്ന കാലം. പല നമ്പറുകളും മനഃപാഠമായിരുന്നു. ഇന്നെല്ലാം മൊബൈലിൽ സേവ് ചെയ്തിരിക്കുന്നതിനാൽ ഒറ്റ ഫോൺ നമ്പർപോലും ഓർമയിൽ നിലനില്ക്കുന്നില്ല. മൊബൈൽ നഷ്ടപ്പെട്ടാൽ കാര്യം ഗോപി. അത്യാവശ്യത്തിന് വിളിക്കാൻ ആരുടെയും നമ്പർ അറിയില്ലല്ലോ.

# ലൈംഗികത

ലൈംഗികതയുടെ കാര്യത്തിൽ അടിമുടിയുള്ള പൊളിച്ചെഴുത്താണ് ഇപ്പോൾ. പുരുഷൻ, സ്ത്രീ എന്നീ രണ്ടുവിധ ലിംഗ ബോധങ്ങളെ പിടിച്ചുകുലുക്കിക്കൊണ്ടാണ് LGBTQ കമ്യൂണിറ്റിയുടെ പ്രവർത്തനങ്ങൾ. സ്വന്തം ലൈംഗികാഭിമുഖ്യങ്ങളെയും വ്യതിയാനങ്ങളെയും മറകൂടാതെ വെളിച്ചത്തുകൊണ്ടുവരാൻ ഇവർ ശ്രമിക്കുന്നു. വിദേശനാടുകളിൽ മാത്രമാണ് മുമ്പു ഗേ പരേഡുകൾ നടന്നിരുന്നതെങ്കിൽ ഇപ്പോൾ ഇവിടെയും അത് സാധാരണമായി മാറുന്നുണ്ട്. ○

പ്രിൻസ് തെക്കേപ്പുറം സിഎസ്എസ്ആർ

# സഹിക്കുന്ന സഭയ്ക്കൊരു സമ്മാനം

44കാരനായ ഉക്രേനിയൻ കർദിനാൾ മൈക്കോള ബെച്ചോക്കുമായുള്ള അഭിമുഖം



2024 ഡിസംബർ ഏഴാം തീയതി വത്തിക്കാനിൽ നടന്ന കൺസിസ്റ്ററിയിൽ മലയാളിയായ മാർ ജോർജ് ജേക്കബ് കൂവക്കാട് ഉൾപ്പെടെ 21 പുതിയ കർദിനാൾമാരാണ് അഭിഷേകം ചെയ്യപ്പെട്ടത്. ഇതോടെ ഫ്രാൻസിസ് മാർപാപ്പായുടെ കർദിനാൾസംഘത്തിന്റെ അംഗസംഖ്യ 253 ആയി ഉയർന്നു. സഭാഭരണത്തിൽ പരിശുദ്ധ പിതാവിനെ സഹായിക്കുക, 150 കോടിയോളം വരുന്ന വിശ്വാസിസമൂഹത്തിന്റെ തലവനായ മാർപാപ്പായെ തെരഞ്ഞെടുക്കുക എന്നതൊക്കെയാണ് കർദിനാൾസംഘത്തിന്റെ മുഖ്യ ചുമതലകൾ. പുതിയ കർദിനാൾസംഘത്തിൽ വിശ്വാസികളുടെ ശ്രദ്ധ പിടിച്ചുപറ്റിയ രണ്ടു പേരുണ്ട്. 99 വയസുകാരനായ ഇറ്റാലിയൻ കർദിനാൾ ആഞ്ചലോ അച്ചേർബിയും, 44 വയസുള്ള ഉക്രേനിയൻ കർദിനാൾ മൈക്കോള ബെച്ചോക്കുമാണവർ. കർദിനാൾസംഘത്തിലെ ഏറ്റവും മുതിർന്നയാളും ഏറ്റവും പ്രായം

> **റഷ്യൻ തടവിലായിരുന്ന റിഡെംപ്റ്ററിസ്റ്റ് സന്യാസിമാരെ കഴിഞ്ഞ ദിവസം ഞാൻ കണ്ടു. തങ്ങളുടെ വിശ്വാസിസമൂഹത്തെ കൈവിട്ട് അവരാരും ഓടിപ്പോയില്ല എന്നതായിരുന്നു റഷ്യ അവരുടെമേൽ ചുമത്തിയ കുറ്റം.**



കുറഞ്ഞ ആളുമാണ് ഇരുവരും. കർദിനാൾ ആഞ്ചലോ അച്ചേർബി സഭയ്ക്കു നല്കിയ നിസ്വാർഥമായ സേവനങ്ങളെ മാനിച്ചുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പാ അദേഹത്തെ കർദിനാളായി ഉയർത്തിയത്. എന്നാൽ, വ്യത്യസ്തമായ വേഷംകൊണ്ടും ഭാഷകൊണ്ടും ശ്രദ്ധ നേടിയ ഉക്രേനിയൻ കർദിനാൾ മൈക്കോള ബെച്ചോക്, റിഡെംപ്റ്ററിസ്റ്റ് സന്യാസസമൂഹാംഗം കൂടിയാണ്. അദേഹവുമായി പ്രിൻസ് തെക്കേപ്പുറം സിഎസ്എസ്ആർ നടത്തിയ അഭിമുഖം.

▶▶ *ഏറ്റവും പ്രായംകുറഞ്ഞ കർദിനാൾ എന്ന ഉത്തരവാദിത്വം എങ്ങനെ നോക്കിക്കാണുന്നു?*

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ഈ നിയമനം വലിയ ബഹുമതിയായി സ്വീകരിക്കുന്നതോടൊപ്പം, ഇതൊരു വലിയ ഉത്തരവാദിത്വം കൂടിയാണെന്നു ഞാൻ തിരിച്ചറിയുകയാണ്. 253 അംഗ കർദിനാൾ സംഘത്തിലെ ഓരോ അംഗവും നിരവധി നിയോഗങ്ങൾകൂടി ചുമലിലേറ്റുന്നുണ്ട് എന്നതാണ് വാസ്തവം. പരിശുദ്ധ പിതാവിന്റെ ഉപദേശകസമിതി കൂടിയാണ് കർദിനാൾസംഘം എന്നത് ഗൗരവമേറിയ ഉത്തരവാദിത്വം നിറഞ്ഞ കാര്യമാണല്ലോ.

▶▶ *ദിവ്യരക്ഷക സന്യാസസഭാംഗമായ അങ്ങേയ്ക്ക് സ്വന്തം ദൈവവിളിയെക്കുറിച്ച് എന്താണ് പങ്കുവെക്കാനുള്ളത്?*

1990കളുടെ ആദ്യപകുതിയിലാണ് ഞാൻ ദിവ്യരക്ഷക സന്യാസസമൂഹത്തിൽ ചേരാൻ തീരുമാനിക്കുന്നത്. ഞങ്ങളുടെ ഇടവക വികാരിയായിരുന്ന ഫാ. മിഖായേൽ ഷെവ്ചിഷിൻ ഈ സമൂഹത്തിലെ അംഗമായിരുന്നു. അദേഹം തന്നെയായിരുന്നു എന്റെ ആത്മീയപിതാവും. അദേഹത്തിന്റെ മാതൃകകളാണ് എന്നെ വൈദികജീവിതത്തിലേക്ക് ആകർഷിച്ചത് എന്ന സത്യം നന്ദിയോടെ ഓർക്കുന്നു. ഞങ്ങളുടെ നാട്ടിലെ പ്രതികൂല രാഷ്ട്രീയസാഹചര്യത്തിൽപോലും അദേഹം വിശ്വാസത്തെ മുറുകെപിടിക്കുകയും, സഭയ്ക്കു വേണ്ടി ധീരമായ നിലപാടുകൾ എടുക്കുകയും ചെയ്തിരുന്നത് എന്നെ സ്വാധീനിച്ചിട്ടുണ്ട്. അദേഹം പറഞ്ഞുതന്നിരുന്ന വിശുദ്ധരുടെ, പ്രത്യേകിച്ച് രക്തസാക്ഷികളുടെ കഥകൾ ഞങ്ങൾ കുട്ടികൾ ശ്രദ്ധയോടെ കേട്ടിരിക്കുമായിരുന്നു.

ഞാൻ പഠിച്ച സ്കൂളിലെ അധ്യാപകനായിരുന്ന ഫാ. വ്ളാഡിമിർ വോൻസും ഒരു ദിവ്യരക്ഷക സന്യാസിയായിരുന്നു. വളരെ ചെറുപ്പമായിരുന്ന അദേഹം ചുറുചുറുക്കോടെ ഓടി നടക്കുന്ന കാഴ്ച ഞങ്ങൾ കൗതുകത്തോടെ നോക്കിനിന്നിരുന്നത് ഇപ്പോഴും ഓർമയിലുണ്ട്. സ്വന്തം ജോലികൾ ചെയ്തിട്ട് സന്യാസാശ്രമത്തിന്റെ ചിട്ടവട്ടങ്ങളിലേക്ക് അവർ എളിമയോടെ മടങ്ങുന്നത് എന്നെ അദ്ഭുതപ്പെടുത്തിയിരുന്നു. തിരുപ്പട്ടസ്വീകരണത്തിനു ശേഷം സൈബീരിയയിലും റഷ്യയിലും തീർത്തും പ്രതികൂലസാഹചര്യങ്ങളിൽ ശുശ്രൂഷ ചെയ്യാൻ എന്നെ സഹായിച്ചത് ഈ സമൂഹത്തിന്റെ ചിട്ടയായ പരിശീലനമാണ്. ഞങ്ങളുടെ സഭയുടെ പാരമ്പര്യമനുസരിച്ച് സഭാതലവന്മാർ ധരിക്കേണ്ട പനാഗിയ ആയി, ഞാൻ നിത്യസഹായമാതാവിന്റെ ഐക്കണാണ് സ്വീകരിച്ചത്. എന്റെ സന്യാ

## കാർഡിനൽ മൈക്കോള ബെച്ചോക്

1980 ഫെബ്രുവരി 13ന് ഉക്രെയ്നിലെ ടെർനോപ് നഗരത്തിൽ ജനനം. ഉക്രെയ്നിന്റെ സമ്പന്നമായ കത്തോലിക്കാപാരമ്പര്യവും റിഡെംപ്റ്ററിസ്റ്റ് സന്യാസികളോടു (CSsR) ചെറുപ്പം മുതലുള്ള ബന്ധവും അദേഹത്തിന്റെ വിശ്വാസത്തെയും സമർപ്പണത്തെയും പോഷിപ്പിച്ചു. 15-ാമത്തെ വയസിൽ, സ്കൂൾ വിദ്യാഭ്യാസത്തിനിടെ സ്വന്തം ദൈവവിളി തിരിച്ചറിയുകയും, വൈദികജീവിതത്തിലേക്ക് യാത്ര ആരംഭിക്കുകയും ചെയ്തു. 2005 ആഗസ്റ്റ് മൂന്നിന് പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. തുടർന്ന് സൈബീരിയ, റഷ്യ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ മിഷനറിയായി. 2020 ജനുവരി 15ന് മൈക്കോള ബെച്ചോക് മെൽബണിലെ സെന്റ് പീറ്റർ ആന്റ് പോൾ (ഓസ്ട്രേലിയ, ന്യൂസിലാൻഡ്, ഓഷ്യാന) ഉക്രെയ്നിയൻ കത്തോലിക്കാ എപ്പാർക്കിയുടെ ബിഷപ്പായി നിയമിക്കപ്പെട്ടു. 2020 ജൂൺ ഏഴിന് ആർച്ചുബിഷപ്പായി. 2024 ഒക്ടോബർ ഏഴിന് 44-ാം വയസിൽ കാർഡിനൽ കോളജിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായി.

സസമൂഹത്തോട് ഞാൻ അത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നതാണ് അതിനുള്ള കാരണം. നിത്യസഹായ മാതാവാണ് ദിവ്യരക്ഷകസഭയുടെ സ്വർഗീയമധ്യസ്ഥ. ദിവ്യരക്ഷകസന്യാസിമാർ രചിച്ച നിത്യസഹായമാതാവിനോടുള്ള നൊവേനയ്ക്ക് എന്റെ വിശ്വാസജീവിതത്തിൽ വലിയ സ്ഥാനമുണ്ട്. കത്തോലിക്കാസഭയുടെ ഗ്രീക്ക് പാരമ്പര്യത്തിലുള്ള ഒരു പൗരസ്ത്യസഭയാണ് ഞങ്ങളുടേത്. ഓരോ മെത്രാനും പനാഗിയകളിലൂടെ പ്രകടമാക്കുന്നത് അവരവരുടെ വിശ്വാസസാക്ഷ്യമാണല്ലോ.

▸▸ *ഉക്രെയ്നിലെ രാഷ്ട്രീയസാഹചര്യം ഇപ്പോൾ വളരെ മോശമാണല്ലോ. എങ്ങനെ വിലയിരുത്തുന്നു?*

റഷ്യൻ തടവിലായിരുന്ന റിഡെംപ്റ്ററിസ്റ്റ് സന്യാസിമാരുമായി ഏതാനും ദിവസങ്ങൾക്കു മുമ്പ് ഞാൻ കൂടിക്കാഴ്ച്ച നടത്തിയിരുന്നു. 15 മാസത്തോളം അവർ അതികഠിനമായ ദുരിതങ്ങൾ അനുഭവിച്ച് ജയിലറകളിൽ കഴിച്ചുകൂട്ടി. തങ്ങളുടെ വിശ്വാസിസമൂഹത്തെ കൈവിട്ട് അവരാരും ഓടിപ്പോയില്ല എന്നതായിരുന്നു റഷ്യ അവരുടെമേൽ ചുമത്തിയ കുറ്റം. തടങ്കൽപാളയത്തിലും വിശ്വാസം കൈവിടാതിരുന്ന അവരുടെ ഇച്ഛാശക്തിക്കും മനഃസാന്നിധ്യത്തിനും മുന്നിൽ പരാജയം സമ്മതിച്ചാണ് റഷ്യൻ പട്ടാളം അവരെ മോചിപ്പിച്ചത്. ഇത് ഏതാനും സന്യാസിമാരുടെ മാത്രം കഥയല്ല. മിക്കവരും കരുതുന്നതുപോലെ, 2022 മുതലല്ല റഷ്യ യുദ്ധം ആരംഭിച്ചത്. ഏകദേശം 2014 മുതല്ക്കേ ഉക്രെയ്ൻ അവരുടെ ആക്രമണങ്ങൾ നേരിടുകയാണ്. ഞങ്ങളുടെ അതിർത്തിപ്രദേശങ്ങളിൽ തമ്പടിച്ച് അവർ നിരന്തരം പ്രകോപനം സൃഷ്ടിച്ചു കൊണ്ടിരുന്നു. ഒടുവിൽ 2022ൽ കൂലിപ്പട്ടാളത്തെ ഉപയോഗിച്ച് പുടിൻ ഞങ്ങളുടെമേൽ ആക്രമണം അഴിച്ചുവിട്ടു. അനേകം സഹോദരങ്ങൾ കൊല്ലപ്പെട്ടു. ഞങ്ങളുടെ സഹോദരിമാർ ക്രൂരമായ ബലാത്സംഗത്തിനിരയായി. നിഷ്കളങ്കരായ ഞങ്ങളുടെ കുഞ്ഞുങ്ങൾ യുദ്ധത്തടവുകാരായി പിടിക്കപ്പെടുകയും നിഗൂഢമായ റഷ്യൻ തടങ്കൽപാളയങ്ങളിലേക്ക് കടത്തപ്പെടുകയും ചെയ്തു. ഉക്രെയ്നിലെ സിവിലിയൻസ് യാതൊരു തെളിവുകളുമില്ലാതെ അപ്രത്യക്ഷരാകുന്ന സംഭവങ്ങൾ ഏറിവരികയാണ്. യുദ്ധനീതിപോലും പാലിക്കപ്പെടാതെ സൈനികർ ക്രൂരമായി വധിക്കപ്പെടുന്ന ദുരവസ്ഥ. ഞങ്ങളുടെ രാജ്യം നേരിടുന്ന അധിനിവേശം വളരെ വേദനാജനകമാണ്. നീതിപൂർവകമായ സമാധാനമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. അധിനിവേശം നടത്തിയവർ മാതൃകാപരമായി ശിക്ഷിക്കപ്പെടണം. ഞങ്ങളുടെ രാജ്യത്തെ പുനർനിർമിക്കാൻ ഞങ്ങളെ സഹായിക്കണം. ഇതൊക്കെയാണ് നീതിപൂർവകമായ സമാധാനം എന്നതുകൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

▸▸ *വളരെ വേദനാജനകമായ ഈ സാഹചര്യങ്ങളോട് സഭയുടെ പ്രതികരണം?*

കത്തോലിക്കാസഭയുടെ പ്രതികരണം




**ഉക്രെയ്നേക്കാൾ പതിന്മടങ്ങ് ശക്തിയുള്ള റഷ്യയെ ഇത്രയും നാൾ പ്രതിരോധിക്കാൻ ബലപ്പെടുത്തിയത് തിരുസഭയുടെ പ്രാർഥനയും പ്രവർത്തനങ്ങളുമാണെന്നു നിസംശയം പറയാം.**

തികച്ചും അവസരോചിതവും ഫലപ്രദവുമായിരുന്നു. യുദ്ധത്തിന്റെ തുടക്കത്തിൽ തന്നെ പരിശുദ്ധ പിതാവ് റഷ്യൻ എംബസിയിൽ നേരിട്ടെത്തി. ഈ അനീതി എത്രയും വേഗം അവസാനിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതുമാത്രമല്ല, ലോകം മുഴുവൻ കേൾക്കുന്ന അദ്ദേഹത്തിന്റെ പ്രതിവാര പൊതുയോഗങ്ങളിൽ അദ്ദേഹം നിരന്തരം ഞങ്ങൾക്കുവേണ്ടി സംസാരിച്ചു കൊണ്ടിരിക്കയാണ്. ഞങ്ങൾക്കുവേണ്ടി മാത്രമല്ല, യുദ്ധത്തിന്റെ കെടുതികളാൽ ലോകമെങ്ങും വലയുന്ന എല്ലാ നിരപരാധികൾക്കുംവേണ്ടി മാർപാപ്പാ സംസാരിക്കുന്നു. മടുപ്പുകൂടാതെ ഇരകളോടു പക്ഷംപിടിക്കുന്ന അദ്ദേഹത്തിന്റെ പരിശ്രമങ്ങളാണ് ഒരു പരിധിയോളം ചെറുത്തുനില്ക്കാൻ ഞങ്ങൾക്കു പ്രചോദനം നല്കുന്നത്. ഞങ്ങളെ സഹായിക്കണമെന്ന് ലോകത്തെ എല്ലാ രാജ്യങ്ങളോടും അദ്ദേഹം നിരന്തരം ആവശ്യപ്പെടുന്നു. അതുകൊണ്ടു മാത്രമാണ് എല്ലാ കത്തോലിക്കാസംഘടനകളും ഇടതടവില്ലാതെ അവശ്യവസ്തുക്കൾ ഉക്രെയ്നിലെത്തിക്കുന്നത്. ഉക്രെയ്ൻ ദുരിതാശ്വാസപ്രവർത്തനങ്ങൾ ഫലപ്രദമാകുവാൻ അതിന്റെ ചുമതല ഒരു കർദിനാളിനെ അദ്ദേഹം ഏല്പിച്ചിരിക്കുന്നു. ആഹാരവും വസ്ത്രവും മരുന്നും ഇടമുറിയാതെ രാജ്യത്ത് എത്തുന്നതുകൊണ്ടു മാത്രമാണ് ഈ അതിശൈത്യകാലത്തും ഞങ്ങൾ ജീവനോടെയിരിക്കുന്നത്. ഞങ്ങളേക്കാൾ പതിന്മടങ്ങ് ശക്തനായ ഒരു എതിരാളിയെ ഒരുപരിധിയോളം ഇത്രയും നാൾ പ്രതിരോധിക്കാൻ ഞങ്ങളെ ബലപ്പെടുത്തിയത് തിരുസഭയുടെ പ്രാർഥനയും പ്രവർത്തനങ്ങളുമാണെന്നു നിസംശയം പറയാം.

▸▸ *ഉക്രെയ്നിൽ നിന്നുള്ള അങ്ങ് എങ്ങനെ ഓസ്ട്രേലിയൻ മിഷനിലെത്തി?*

കത്തോലിക്കാസഭ വ്യക്തിസഭകളുടെ കൂട്ടായ്മയാണല്ലോ. അതിന് ഉദാഹരണമാണ് ഗ്രീക്ക് പാരമ്പര്യത്തിൽപ്പെട്ട ഞങ്ങളുടെ സഭ ഓസ്ട്രേലിയയിൽ നടത്തുന്ന ശുശ്രൂഷകൾ. ഞങ്ങളുടെ വിശ്വാസിസമൂഹം എവിടെയുണ്ടോ അവിടെ, അവർക്കുവേണ്ടി ഞങ്ങളുടെ വിശ്വാസപാരമ്പര്യത്തിലും തനിമയിലും ശുശ്രൂഷ ചെയ്യാനും, നഷ്ടപ്പെട്ടു പോയ വിശ്വാസരീതികൾ വീണ്ടെടുക്കാനും വത്തിക്കാൻ ഞങ്ങളെ സഹായിക്കുന്നു. ഞങ്ങളുടെ സഭയുടെ ഒരു മിഷൻ ഓസ്ട്രേലിയൻ ഭൂഖണ്ഡത്തിൽ പ്രവർത്തിച്ചുതുടങ്ങുന്നത് അങ്ങനെയാണ്. ദിവ്യരക്ഷകസഭയെ ഏല്പിച്ചിരിക്കുന്ന ഈ മിഷന്റെ മെത്രാനായി ഞാൻ അവിടെയെത്തിയത് 2020ലാണ്. എണ്ണത്തിൽ കുറവാണെങ്കിലും ഞങ്ങളുടെ മിഷനെ ആഗോള കത്തോലിക്കാസഭ വളരെ പ്രാധാന്യത്തോടെ കാണുന്നു എന്നതിന് തെളിവുകൂടിയാണല്ലോ ഈ കർദിനാൾസ്ഥാനം. ○

അനഘ അനിൽ

# സന്തോഷം... എന്തൊരു സന്തോഷം

**മനോഭാവങ്ങളിൽ മാറ്റംവരുത്തിയും കാഴ്ചപ്പാടുകൾ നവീകരിച്ചും ശുഭാപ്തിവിശ്വാസം ഉള്ളിൽ നിറച്ചും നമുക്ക് സന്തോഷിക്കാം.**

പരസ്യത്തിൽ ചോദിക്കുന്നതുപോലെയാണ് കാര്യങ്ങൾ. സന്തോഷം ആഗ്രഹിക്കാത്തവരായി ആരാണുള്ളത്? എന്നിട്ടും എല്ലാ മനുഷ്യരും സന്തോഷിക്കുന്നുണ്ടോ? ഇല്ല എന്നല്ലേ ഉത്തരം. ആനന്ദത്തോടെയായിരിക്കയും, ശാന്തതയും സ്വഛതയും അനുഭവിക്കയും ചെയ്യുന്ന അവസ്ഥയാണ് സന്തോഷം.

**എന്തുകൊണ്ട് സന്തോഷം?**

സന്തോഷം എങ്ങനെ അനുഭവിക്കാം? ആഗ്രഹിക്കുന്നതെല്ലാം കിട്ടുമ്പോഴും പ്രതീക്ഷിച്ചതു സംഭവിക്കുമ്പോഴും പണവും പ്രശസ്തിയും സൗന്ദര്യവും ആരോഗ്യവും നല്ല ബന്ധങ്ങളും ഉള്ളപ്പോഴുമെല്ലാം സന്തോഷിക്കുന്നവരുണ്ട്. എന്തുകൊണ്ടാണ് സന്തോഷിക്കുന്നത് എന്നതിന് മറ്റൊരു ഉത്തരമാണുള്ളത്. മസ്തിഷ്കത്തിലെ ഡോപാമിനും ഓക്സിട്ടോസിൻ, അമിനോ ബ്യൂട്ടിറിക് ആസിഡ് എന്നീ ഹോർമോണുകളുടെ ഉല്പാദനവും വഴി സന്തോഷം അനുഭവിക്കാനാവും. അഡ്രിനാലിൻ എന്ന ഹോർമോണും ആഹ്ലാദത്തിന് കാരണമാകാം.



**പണം സന്തോഷം നല്കുമോ?**

പണമില്ലാത്തതിന്റെ പേരിൽ വിഷമിച്ചിരിക്കുന്നവരുടെയെല്ലാം ധാരണ, പണമുണ്ടെങ്കിൽ സന്തോഷം ഉണ്ടാകുമെന്നാണ്. അത് ശരിയല്ലെന്ന് അമേരിക്കയിൽ നടത്തിയ ഒരു പഠനം പറയുന്നു. ഫോബ്സ് നടത്തിയ ഈ പഠനത്തിൽ പങ്കുചേർന്നത് 400 അതിസമ്പന്നരാണ്. അവരാരും മറ്റുള്ളവരേക്കാൾ കൂടുതൽ സന്തോഷം അനുഭവിക്കുന്നു എന്നവകാശപ്പെട്ടില്ല. പണമല്ല സന്തോഷം നല്കുന്നത് എന്നതിനു വേറെന്തു തെളിവു വേണം. സന്തോഷിക്കാനുള്ള കാരണങ്ങളിൽ തൊഴിൽ, വരുമാനം, സാമൂഹികാന്തസ് തുടങ്ങിയവയ്ക്കൊക്കെ വെറും 10 ശതമാനം സ്വാധീനമേയുള്ളൂ.

**പാരമ്പര്യം ഒരു ഘടകം**

ഒരാൾ സന്തോഷചിത്തനായിരിക്കുന്നതിൽ പാരമ്പര്യവും പ്രധാന പങ്കുവഹിക്കുന്നുണ്ട്. ചില പഠനങ്ങൾ, നമ്മുടെ സന്തോഷത്തിന്റെ കാരണങ്ങളിൽ 50 ശതമാനത്തോളം പാരമ്പര്യമാണെന്ന് അവകാശപ്പെടുന്നു. അച്ഛനമ്മമാരിലൂടെ ലഭിക്കുന്നത് സ്വഭാവപ്രത്യേകതകൾ മാത്രമല്ല, സന്തോഷവും കൂടിയാണത്രെ. ജീനുകൾവഴി സന്തോഷവും ജീവിതത്തിലേക്കു കടന്നുവരുന്നു.

**സന്തോഷം സ്വയം കണ്ടെത്തുക**

നമ്മുടെതന്നെ കാഴ്ചപ്പാടുകളും മനോഭാവങ്ങളും ചിന്തകളുമാണ് സന്തോഷം നിശ്ചയിക്കുന്നത് എന്നാണ് വിദഗ്ധരുടെ അഭിപ്രായം. ചിലപ്പോഴെങ്കിലും, ജീവിതത്തിൽ സന്തോഷം പകരാവുന്ന അനുഭവങ്ങൾ നഷ്ടപ്പെടുന്നത് നമ്മുടെ പെരുമാറ്റമോ പ്രതികരണങ്ങളോ മൂലമാവാം. ഏതനുഭവത്തെയും സന്തോഷമുള്ളതാക്കാൻ നാമൊരാൾ ശ്രമിച്ചാൽ മതി.

**സന്തോഷം കെടുത്തുന്ന വഴികൾ**

അവനവനിൽ അഭിമാനിക്കാൻ കഴിയാത്ത ഒരാൾക്ക് ഒരിക്കലും സന്തോഷിക്കാനാവില്ല. ആദ്യം സ്വയം അംഗീകരിക്കുക. അതുതന്നെയാണ് സന്തോഷത്തിലേക്കുള്ള ആദ്യ ചുവടുവെപ്പ്. എനിക്കെപ്പോഴും എന്നെ കുറവുകളോടെ മാത്രമേ കാണാൻ കഴിയുന്നുള്ളുവെങ്കിൽ എനിക്കെങ്ങനെ സന്തോഷിക്കാൻ കഴിയും? എല്ലാ കുറവുകളോടും പരിമിതികളോടുംകൂടി ഞാൻ എന്നെ അംഗീകരിക്കണം.



**പണമുണ്ടെങ്കിൽ സന്തോഷം ഉണ്ടാകുമെന്ന ധാരണ ഒട്ടുമേ ശരിയല്ലെന്ന് ഫോബ്സ് അമേരിക്കയിൽ നടത്തിയ ഒരു പഠനം വെളിപ്പെടുത്തുന്നു.**

അനാവശ്യമായ താരതമ്യങ്ങളാണ് സന്തോഷം കെടുത്തുന്ന മറ്റൊരു കാരണം. സുഹൃത്തുക്കൾ, സഹപ്രവർത്തകർ, ബന്ധുക്കൾ, അയൽക്കാർ എന്നിവരെല്ലാമായി നാം ചിലപ്പോൾ താരതമ്യം നടത്തും. അതോടെ സന്തോഷം മായും, സങ്കടം പടരും. നിരാശ നിറഞ്ഞ മനസും, ഏതിനെയും നിഷേധാത്മകമായി കാണുന്ന കാഴ്ചപ്പാടും സന്തോഷത്തെ നശിപ്പിക്കും. അത്തരക്കാർ ഒരിടത്തും പ്രതീക്ഷ കാണുന്നില്ല. മറ്റുള്ളവരിലെ നന്മ കണ്ടെത്തുന്നില്ല. എപ്പോഴും നെഗറ്റീവായി സംസാരിക്കാനും നിഷേധാത്മകചിന്തകൾ പ്രസരിപ്പിക്കാനുമാണ് അവർക്കിഷ്ടം. മറ്റുള്ളവരുടെ സന്തോഷംകൂടി ഇല്ലാതാക്കുന്ന അന്തരീക്ഷം അവർ സൃഷ്ടിക്കുകയും ചെയ്യും. കഴിഞ്ഞുപോയ കാര്യങ്ങളോർ

## സന്തോഷം കൂടുതൽ സ്ത്രീയ്ക്കോ പുരുഷനോ?

*എല്ലാവരുടെയും അവകാശമാണ് സന്തോഷം. പക്ഷേ സന്തോഷത്തിന്റെ അളവുതോതുകൾ ഓരോരുത്തർക്കും വ്യത്യസ്തമായിരിക്കും. അങ്ങനെയാണെങ്കിൽ, സന്തോഷം കൂടുതൽ അനുഭവിക്കുന്നത് സ്ത്രീയോ പുരുഷനോ? പഠനം പറയുന്നത്, സ്ത്രീകളേക്കാൾ പുരുഷന്മാർക്കാണ് കൂടുതൽ സന്തോഷം. സന്തോഷഹോർമോൺ എന്നറിയപ്പെടുന്ന ഡോപ്പമിൻ കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്നത് പുരുഷന്മാരിലാണത്രെ.*

*തലച്ചോറിൽനിന്ന് നാഡിയിലേക്കോ മാംസപേശിയിലേക്കോ കടത്തിവിടുന്നതിന് നാഡീതന്തു ഉല്പാദിപ്പിക്കുന്ന രാസപദാർഥമാണ് ഡോപ്പമിൻ. ശരീരത്തിലെ ആനന്ദകരമായ സംവേദനങ്ങളെല്ലാം ഡോപ്പമിൻ ഹോർമോണുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ പ്രവർത്തനങ്ങളെയും സന്തോഷനിർഭരമാക്കാൻ ഡോപ്പമിനുകൾക്ക് കഴിവുള്ളതിനാൽ, ഫീൽഗുഡ് ഹോർമോൺ എന്നും അതിനു പേരുണ്ട്.*

ത്ത് തല പുകയ്ക്കാനോ അതിനെച്ചൊല്ലി കുറ്റബോധം ചുമക്കാനോ ആരും തുനിയരുത്. ഭൂതകാലത്തിലെ കുറ്റബോധങ്ങളും നഷ്ടബോധങ്ങളും താലോലിക്കുന്നവർ ജീവിതാഹ്ലാദത്തിന് ചരമക്കുറിപ്പെഴുതുന്നവരാണ്.

### സന്തോഷിക്കാനുള്ള കാരണങ്ങൾ

സന്തോഷം ഒരു ജീവിതമനോഭാവമാണ്. ജീവിതത്തിലെ ഏതവസ്ഥയിലും സന്തോഷിക്കാൻ കാരണങ്ങളുണ്ട്. സ്വന്തം നേട്ടങ്ങളിലും ബന്ധങ്ങളിലും കഴിവുകളിലും സന്തോഷിക്കുക. സ്വന്തം തനിമയിൽ ആഹ്ലാദിക്കുക. എന്നെപ്പോലെ ഞാൻ മാത്രമേ ഈ ലോകത്തുള്ളൂ എന്നു തിരിച്ചറിഞ്ഞ് ഇങ്ങനെ ആയിരിക്കുന്നതിൽ സന്തോഷം കണ്ടെത്തുക. എല്ലാ കാര്യങ്ങളും ആസ്വദിച്ചും ഹൃദയപൂർവവും ചെയ്യുക. മറ്റുള്ളവരിലല്ല എന്റെ സന്തോഷം കുടികൊള്ളുന്നതെന്ന് മനസിലാക്കണം. മറ്റുള്ളവരെ ആശ്രയിച്ചു സന്തോഷിക്കാൻ ശ്രമിച്ചാൽ, അതു പലപ്പോഴും അസംതൃപ്തിയുടെ കനം വർധിപ്പിക്കും.

### മനസിലാക്കേണ്ടത്...

പണം ആവശ്യമാണ്. പക്ഷേ പണത്തിന്റെ തൂക്കമല്ല മനുഷ്യന്റെ സന്തോഷത്തിന് അടിസ്ഥാനം. ബാഹ്യസന്തോഷങ്ങൾ സ്വന്തമാക്കാൻ പണം സഹായിച്ചേക്കാം. പക്ഷേ അത്തരം സന്തോഷങ്ങൾ ക്ഷണികമാണ്. നല്ല ഡ്രസ് വാങ്ങുന്നതോ നല്ല ഭക്ഷണം കഴിക്കുന്നതോ മൊബൈൽ വാങ്ങുന്നതോ ഒക്കെ സന്തോഷം നല്കും. ശരിയാണ്. എന്നാൽ ഒരു നിശ്ചിത സമയം കഴിയുമ്പോൾ അത്തരം സന്തോഷങ്ങൾ അസ്തമിച്ചുപോവുകയാണ് പതിവ്. ബാഹ്യസന്തോഷങ്ങളേക്കാൾ ആന്തരിക സന്തോഷത്തിന് പ്രാധാന്യം കൊടുക്കുക. നമ്മുടെ സന്തോഷങ്ങൾ താത്കാലികമാകാതിരിക്കട്ടെ. മനോഭാവങ്ങളിൽ മാറ്റംവരുത്തിയും കാഴ്ചപ്പാടുകൾ നവീകരിച്ചും ശുഭാപ്തിവിശ്വാസം ഉള്ളിൽ നിറച്ചും നമുക്ക് സന്തോഷിക്കാം.

### സന്തോഷമില്ലെങ്കിൽ എന്തുജീവിതം?

'സന്തോഷം പൂമ്പാറ്റകളെപ്പോലെയാണ്. പിടിക്കാൻ പിന്നാലെ കൂടിയാൽ അത് ഓടിയകന്നുകൊണ്ടേയിരിക്കും. അതിനെവിട്ട് നാം മറ്റുകാര്യങ്ങളിൽ മുഴുകിത്തുടങ്ങുമ്പോഴോ, പതിയെ വന്ന് നമ്മുടെ തോളിലിരിക്കും.'

## കൂടുതൽ സന്തോഷിക്കാൻ മൂന്നുകാര്യങ്ങൾ

സന്തോഷമുള്ള മാനസികാവസ്ഥ ജീവിതത്തിന്റെ സമസ്തമേഖലകളിലും മാറ്റങ്ങൾ സൃഷ്ടിക്കും. സന്തോഷം അനുഭവിക്കുമ്പോൾ അത് ശരീരത്തിന്റെ വിവിധ ഭാഗങ്ങളെയെന്നതുപോലെ തലച്ചോറിനെയും ബാധിക്കുന്നുണ്ട്.

സന്തോഷമുള്ള ജീവിതം സ്വന്തമാക്കാൻ ബോധപൂർവം ചില ശ്രമങ്ങൾ നടത്തണം. ചിലർ വളരെ എളുപ്പത്തിൽ സന്തോഷം കണ്ടെത്തും. വേറെ ചിലരാവട്ടെ, എത്ര ശ്രമിച്ചിട്ടും സന്തോഷം

കണ്ടെത്തുന്നില്ല. സ്ഥിരമായി നില്ക്കുന്ന സന്തോഷാനുഭവങ്ങളിലൂടെ കടന്നുപോകണമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിനായി ചില എളുപ്പവഴികളുണ്ട്.

**ഭക്ഷണം പങ്കിടുക, ഒരുമിച്ചു കഴിക്കുക**

മറ്റുള്ളവരുമായി ഭക്ഷണം പങ്കിടുന്നതിലൂടെ സന്തോഷം അനുഭവിക്കാൻ കഴിയും. അതുപോലെതന്നെയാണ് ഒരുമിച്ചുള്ള ഭക്ഷണം. വീട്ടുകാർ ഒന്നിച്ചു പാചകം ചെയ്യുമ്പോഴും സന്തോഷാനുഭവം സ്വന്തമാക്കാൻ കഴിയും.

കുടുംബാംഗങ്ങൾ ഒരുമിച്ചു ഭക്ഷണം കഴിക്കുന്നത് എന്തിനാണ്? അവർക്കിടയിൽ കൂട്ടായ്മ ശക്തമാകാൻ ഇതിൽപ്പരം നല്ല വഴിയില്ല. തങ്ങൾക്കുള്ളത് ഇല്ലാത്തവരുമായി പങ്കിടുമ്പോഴുണ്ടാകുന്ന അതേ സന്തോഷമാണ് ഭക്ഷണം പങ്കുവെക്കുമ്പോഴും സ്വന്തമാകുന്നത്. തിരക്കുപിടിച്ച ജീവിതത്തിൽ പലർക്കും ഇതിനൊന്നും സമയമോ സന്നദ്ധതയോ ഇല്ല എന്നതാണ് ദുഃഖകരം. അതുകൊണ്ടെന്താ, സന്തോഷിക്കാനുള്ള അവസരങ്ങൾ അവരുടെ ജീവിതത്തിൽനിന്നു പടിയിറങ്ങിപ്പോവുന്നു. കഴിയുന്നത്ര അവസരങ്ങളിൽ ഒരുമിച്ചു ഭക്ഷണം പാകംചെയ്യാനും കഴിക്കാനും പങ്കിടാനും തയാറാവുക.

**ഒരുമിച്ചുള്ള വ്യായാമങ്ങൾ**

ശാരീരികക്ഷമത വർധിപ്പിക്കാനും ആരോഗ്യം മെച്ചപ്പെടുത്താനുമുള്ള മാർഗമെന്ന നിലയിലാണല്ലോ പലരും നടത്തം പോലുള്ള വ്യായാമങ്ങളിൽ ഏർപ്പെടുന്നത്. പ്രഭാതത്തിലും സായാഹ്നത്തിലുമുള്ള നടത്തത്തിന് ഒറ്റയ്ക്കു പോകുന്നതിനേക്കാൾ നല്ലത് കൂട്ടുകൂടി പോകുന്നതാണ്. അതു സന്തോഷം വർധിപ്പിക്കുമെന്നാണ് പഠനങ്ങൾ പറയുന്നത്.

> **പ്രഭാതത്തിലും സായാഹ്നത്തിലുമുള്ള നടത്തത്തിന് ഒറ്റയ്ക്കു പോകുന്നതിനേക്കാൾ നല്ലത് കൂട്ടുകൂടി പോകുന്നതാണ്. അതു സന്തോഷം വർധിപ്പിക്കും.**

വ്യായാമം മൂഡ് മെച്ചപ്പെടുത്താനും സന്തോഷം കണ്ടെത്താനുമുള്ള അവസരം നല്കുന്നു. അതുകൊണ്ട് ദിവസേനയുള്ള വ്യായാമം ഒഴിവാക്കരുത്.

**എഴുതുക**

ഓരോ ദിവസവും ജീവിതത്തിൽ സംഭവിക്കുന്ന നല്ല കാര്യങ്ങളെക്കുറിച്ച് 20 മിനിറ്റ് എഴുതുന്നത് സന്തോഷം വർധിപ്പിക്കാനുള്ള മറ്റൊരു മാർഗമാണ്. ഏറ്റവും നിസാരമായ കാര്യങ്ങളിൽപോലും സന്തോഷിക്കാൻ കഴിയുമെന്ന് ഇതു തെളിയിക്കുന്നു. ഈയൊരു ശീലം മൂന്നു മാസത്തേക്കെങ്കിലും പതിവായി തുടരുക. മുമ്പത്തെ മാനസികാവസ്ഥയിൽനിന്നു ഭിന്നമായി കൂടുതൽ സന്തോഷിക്കാൻ കഴിയുമെന്ന് ഉറപ്പാണ്. ○

## മാനവികസുസ്ഥിരത ഏറെ ആവശ്യമാണ്: ഫ്രാൻസിസ് പാപ്പാ

*സുസ്ഥിരവും സമഗ്രവുമായ മാനവവികസനത്തിനുള്ള അന്വേഷണം സാർവത്രിക പൊതുനന്മയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും നിർണായകമാണെന്ന് ഫ്രാൻസിസ് പാപ്പാ. എല്ലാവരുടെയും താത്പര്യങ്ങളുടെയും പ്രവർത്തനങ്ങളുടെയും കേന്ദ്രമായി മനുഷ്യനെ പരിഗണിക്കണം. ദാരിദ്ര്യത്തിനെതിരേ പോരാടാനും, തഴയപ്പെടുന്നവരുടെ അന്തസ് വീണ്ടെടുക്കാനുമുള്ള ഉത്തരവാദിത്വം സമൂഹത്തിനുണ്ട്. മാനവികവികസനത്തിനും സുസ്ഥിരതയ്ക്കും അടിസ്ഥാനമിടുന്ന സാമ്പത്തികഭദ്രത ഉറപ്പുവരുത്തുവാൻ നിലവിൽവന്ന സാമ്പത്തികഫോറത്തിന്റെ ആദ്യസമ്മേളനത്തിനെത്തിയ പ്രതിനിധികളോട് സംസാരിക്കുകയായിരുന്നു ഫ്രാൻസിസ് പാപ്പാ.*

*സ്വയംപര്യാപ്തമായ സാമ്പത്തികസംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിന് ഇത്തരത്തിലുള്ള പദ്ധതികൾ ഏറെ ഫലപ്രദമാണ്. മനുഷ്യജീവിതത്തിന്റെ പവിത്രത അടിസ്ഥാനമാക്കിയുള്ള പുതിയൊരു ലോകക്രമത്തിന്റെ നിർമാണത്തിനായി പ്രവർത്തിക്കുന്ന ഈ സംഘടനയുടെ നിയോഗങ്ങൾക്ക് ദൈവാനുഗ്രഹമുണ്ടാകട്ടെയെന്ന് പാപ്പാ ആശംസിച്ചു.*

നടുത്തളം
GLOBAL NEWS

## നമ്മുടെ ദൈവം സ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നു: ഫാ. റോബെർത്തോ

പരീക്ഷണങ്ങളിൽപോലും പ്രത്യാശ നിലനിർത്തുന്ന വിശ്വാസം സ്വാർഥതയ്ക്കുള്ള മറുമരുന്നാണെന്നും, ഈ വിശ്വാസത്തിന്റെ ഉദാത്തമായ മാതൃകയാണ് യൗസേപ്പിതാവിന്റെ ജീവിതത്തിൽ കാണുന്നതെന്നും പാപ്പായുടെ ധ്യാനപ്രസംഗകനായ ഫാ. റോബെർത്തോ പസോളിനി പറഞ്ഞു. വത്തിക്കാനിലെ



പോൾ ആറാമൻ ശാലയിൽ ഡിസംബർ 13ന് മംഗളവാർത്തകാലത്തെ രണ്ടാമത്തെ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. 'വിശ്വാസത്തിന്റെ വാതിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ധ്യാനത്തിൽ ഫ്രാൻസിസ് പാപ്പായും സന്നിഹിതനായി.

സ്വാർഥത ഏറെ പ്രകടമാകുന്ന ഒരു സമൂഹത്തിൽ, ഭയം പിടിമുറുക്കുന്ന നിമിഷങ്ങളിൽ വിശ്വാസത്തെക്കുറിച്ച് സംസാരിക്കുന്നത് ഉചിതമാണോ? ഈ അടിസ്ഥാന ചോദ്യം ചോദിച്ചാണ് ഫാ. റോബെർത്തോ പ്രഭാഷണം ആരംഭിച്ചത്. വിശ്വാസം നിഷ്കളങ്കമായ ശുഭാപ്തിവിശ്വാസമല്ല. യാഥാർഥ്യത്തെക്കുറിച്ചുള്ള അഗാധമായ കാഴ്ചപ്പാടിൽനിന്ന് ഉയർന്നുവരുന്ന ധീരമായ തെരഞ്ഞെടുപ്പാണ്. പ്രയാസകരമായ നിമിഷങ്ങളിൽപോലും അത് പ്രത്യാശ നിലനിർത്തും. ആഹാസ് രാജാവ്, റോമൻ ശതാധിപൻ, വിശുദ്ധ യൗസേപ്പിതാവ് തുടങ്ങിയ മഹദ്വ്യക്തിത്വങ്ങളെ വി. ഗ്രന്ഥത്തിൽ നിന്നും ഫാ. റോബെർത്തോ ഉദാഹരിച്ചു.

നാം വിശ്വാസയോഗ്യരല്ലെന്നു തെളിയിക്കുമ്പോഴും ദൈവം അതൊന്നും പരിഗണിക്കാതെ നമ്മോട് അടുത്തുനിൽക്കുന്നു. അവിടുന്ന് നമ്മിലർപ്പിക്കുന്ന വിശ്വാസം, ലളിതമായ ശുഭാപ്തിവിശ്വാസത്തിന് എത്രയോ അതീതമാണ്. വിശ്വാസത്തോടെയുള്ള ദൈവത്തിന്റെ ഈ നോട്ടമാണ് നമ്മെ സ്വതന്ത്രരാക്കുന്നതെന്നും ഫാ. റോബെർത്തോ പ്രസ്താവിച്ചു. ഈ സ്വാതന്ത്ര്യത്തെ മാനിക്കുന്നവനാണ് നമ്മുടെ ദൈവം. പക്ഷേ, ഈ സ്വാതന്ത്ര്യം ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് നമ്മെ നയിക്കണം.

സേവകനുവേണ്ടി വിശ്വാസത്തോടെ ഈശോയെ സമീപിക്കുന്ന റോമൻ ശതാധിപൻ നല്കുന്ന മാതൃക മഹത്തരമാണ്. മറ്റുള്ളവരുടെ ജീവിതത്തിലും ആവശ്യങ്ങളിലും നാമേറെ ശ്രദ്ധാലുക്കളായി മാറേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുകാണിക്കുന്നു. സ്വന്തം അയോഗ്യത ഏറ്റുപറയുന്ന ശതാധിപന്റെ വാക്കുകൾ സൂചിപ്പിക്കുന്നതെന്താണ്? കർത്താവായ ഈശോയിലുള്ള മഹോന്നതവിശ്വാസമാണ് അതു പ്രകടിപ്പിക്കുന്നത്. വിശ്വാസികളായിരിക്കുക എന്നതിന് ഇതാണർഥം; നമ്മുടെ മനുഷ്യത്വവും സ്നേഹവും വികസിപ്പിക്കുക, വർധിപ്പിക്കുക.

പരിശുദ്ധ മറിയത്തിന് പരിപൂർണ പിന്തുണ നല്കി അവളെ സംരക്ഷിച്ച വി. യൗസേപ്പിതാവ്, ധീരനായ നായകന് ബൈബിളിലുള്ള മികച്ച ഉദാഹരണമാണെന്നും ഫാ. റോബെർത്തോ പറഞ്ഞു. യാഥാർഥ്യത്തെ സ്വാഗതം ചെയ്യാനുള്ള വി. യൗസേപ്പിന്റെ സന്നദ്ധത ശുദ്ധതയല്ലാതെ മറ്റൊന്നുമല്ല. സ്വാർഥതയിൽ നിന്നുമുള്ള വേർപിരിയലാണത്. നമുക്കു ചുറ്റുമുള്ള നന്മകൾ കാണാനും, യാഥാർഥ്യം ഉൾക്കൊള്ളാനും, അങ്ങനെ സന്തോഷത്തിന്റെ ഇരിപ്പിടം രൂപപ്പെടുത്താനും വിശ്വാസമാണ് ഏറ്റവും ആവശ്യമെന്നും ഫാ. റോബെർത്തോ ചൂണ്ടിക്കാട്ടി.

## വി. ലൂസിയയുടെ രക്തസാക്ഷിത്വം സഭാജീവിതത്തിനു മുതൽക്കൂട്ട്: ഫ്രാൻസിസ് പാപ്പാ



മൂന്നാം നൂറ്റാണ്ടിൽ ഡയോക്ളീഷൻ രാജാവിന്റെ കാലത്ത് നടന്ന മതമർദനത്തിൽ രക്തസാക്ഷിത്വം വരിച്ച വി. ലൂസിയയുടെ തിരുശരീരം വെനീസിൽനിന്നും വിശുദ്ധയുടെ ദേശമായ സിറാക്കൂസിലേക്ക് താത്കാലിക വണക്കത്തിന് എത്തിച്ചു. അതോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ അയച്ച കത്തിൽ, പ്രത്യാശയുടെ തീർഥാടകരാകാൻ തയാറെടുക്കുന്ന സിറാക്കൂസ് സഭയോട് തനിക്കുള്ള സ്നേഹവും ബന്ധവും പ്രത്യേകം സൂചിപ്പിക്കുകയുണ്ടായി.

സാഹോദര്യവും സൃഷ്ടിയും ഒരുപോലെ ശിഥിലമാക്കപ്പെടുന്ന ഇന്നത്തെ കാലത്ത് വണക്കത്തിനായി തിരുശേഷിപ്പ് കൈമാറുന്നത് യഥാർഥ ക്രൈസ്തവസാക്ഷ്യമാണെന്നും, പരസ്പരം ഉപഹാരങ്ങൾ കൈമാറുന്നതുപോലെ മഹത്വം ഉളവാക്കുന്നതാണെന്നും പാപ്പാ പറഞ്ഞു. ഒരു സ്ത്രീ എന്ന നിലയിൽ വി. ലൂസിയ സഭയ്ക്കും സമൂഹത്തിനും നല്കിയ മാതൃക ധീരോദാത്തമായിരുന്നു. സ്ത്രീകളുടെ ദീർഘവീക്ഷണവും നിശബ്ദമായ സാക്ഷ്യവും സഭയ്ക്ക് എക്കാലവും മുതൽക്കൂട്ടാണ്. രോഗികൾ പ്രത്യേകിച്ച് നേത്രരോഗബാധിതർ വി. ലൂസിയയുടെ മാധ്യസ്ഥ്യത്തിലൂടെ രോഗശാന്തി നേടുന്നതിന്റെ സാക്ഷ്യങ്ങളും പാപ്പാ കത്തിൽ സൂചിപ്പിച്ചു.

വെളിച്ചത്തിന്റെ പക്ഷത്തുനിന്ന് രക്തസാക്ഷിത്വം വരിക്കാൻ വി. ലൂസിയയുടെ ജീവിതം പ്രചോദനമാണ്. ജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽനിന്നും പുറത്തുകടന്ന് ധൈര്യപൂർവം മുമ്പോട്ടു പോകാനും, മനഃസാക്ഷിയെ അനുസരിക്കാനും ഈ വിശുദ്ധ നല്കുന്ന മാതൃക പാപ്പാ എടുത്തുപറഞ്ഞു.

## ലെബനൻ പ്രധാനമന്ത്രി പാപ്പായെ സന്ദർശിച്ചു



ലെബനൻ പ്രധാനമന്ത്രി നജീബ് മിക്കാറ്റിയെ, വത്തിക്കാനിലെത്തി ഫ്രാൻസിസ് പാപ്പായെ സന്ദർശിച്ചു. അപ്പസ്തോലിക പാലസിന്റെ പുസ്തകശാലയിൽ നടന്ന കൂടിക്കാഴ്ച 20 മിനിറ്റോളം നീണ്ടു. ഇരുവരും സമ്മാനങ്ങൾ കൈമാറി.

തലമുറകൾ തമ്മിലുള്ള സംഭാഷണം എന്ന തലക്കെട്ടിലുള്ള വെങ്കലശില്പവും, പാപ്പയുടെ രചനകളുടെ വാല്യങ്ങളും, 2024ലെ ലോകസമാധാനദിനത്തിൽ പാപ്പാ നല്കിയ സന്ദേശവും പ്രധാനമന്ത്രിക്ക് നല്കി. യേശുവിന്റെ ജനനം ചിത്രീകരിക്കുന്ന ഒരു സൃഷ്ടിയാണ് പ്രധാനമന്ത്രി പാപ്പായ്ക്ക് സമ്മാനിച്ചത്. അന്തോണിൻ സർവകലാശാലയിലെ ഒരു വൈദികന്റെ സൃഷ്ടിയാണ് ഈ ചിത്രീകരണം.

സിറിയയും ഇസ്രയേലുമായി അതിർത്തി പങ്കിടുന്ന ലെബനനിൽ ഭൂരിപക്ഷവും പർവതപ്രദേശമാണ്. ബെയ്റൂട്ട് തുറമുഖത്ത് അപകടകരമായ അവസ്ഥയിൽ സൂക്ഷിച്ചിരുന്ന 2750 ടൺ അമോണിയം നൈട്രേറ്റ് 2020 ഓഗസ്റ്റ് നാലിന് പൊട്ടിത്തെറിച്ചത് നഗരത്തിന്റെ വലിയൊരു ഭാഗത്തെ നശിപ്പിച്ചു.





റവ. ഡോ. തോമസ് വള്ളിയാനിപ്പുറം



# കുടുംബവും ക്രിസ്തീയവിമോചനവും

**പാപമോചകകൂദാശയുടെ അടുക്കലടുക്കലുള്ള സ്വീകരണം കുടുംബത്തെ രക്ഷാകരമായ ആനന്ദത്തിൽ വളർത്തുന്നു.**

'രക്ഷ,' 'വിമോചനം' എന്ന രണ്ടു പദങ്ങൾ തമ്മിലുള്ള അർഥവ്യത്യാസം നാം ശ്രദ്ധിക്കേണ്ടതാണ്. ആത്മീയമേഖലയിൽ ലഭിക്കുന്ന പരിത്രാണനമാണ് (redemption) പ്രധാനമായും രക്ഷ. വിമോചനമാകട്ടെ (liberation), ആത്മീയവും ഭൗതികവുമായ സകല മേഖലകളെയും ഉൾക്കൊള്ളുന്ന സമഗ്രമായ വിടുതൽ ലക്ഷ്യംവെക്കുന്നു. യേശു ഏകരക്ഷകനും ലോകരക്ഷകനുമാണ്. ഭൗതികവും മാനസികവും ആത്മീയവും സാമൂഹികവുമായ സകല മേഖലകളിലും അവിടുന്നു മനുഷ്യന് സമഗ്ര രക്ഷ പ്രദാനം ചെയ്യുന്നു. ആകയാൽ യേശു മനുഷ്യകുലത്തിന്റെ വിമോചകനാണ്. മനുഷ്യസമൂഹത്തിന്റെ ഏറ്റവും ചെറിയ കോശമായ കുടുംബത്തിന് യേശു നല്കുന്ന വിമോചനത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരമാണ് മർക്കോസിന്റെ സുവിശേഷം രണ്ടാം അധ്യായം ഒന്നാംവാക്യം മുതൽ മൂന്നാം അധ്യായം ആറാംവാക്യം വരെയുള്ള ഭാഗത്തു വായിക്കുന്നത്. ഗലീലിയിൽവെച്ച് യേശു നേരിട്ട അഞ്ചു വിവാദങ്ങൾ ഇവിടെ പരാമർശിക്കപ്പെടുന്നു. ആകയാൽ ഈ ഭാഗം 'ഗലീലിയൻ വിവാദങ്ങൾ' എന്നാണറിയപ്പെടുന്നത്.

**പാപമോചനം (മർക്കോ. 2:1-12)**

യേശു കഫർണാമിലെ വീട്ടിൽ തടിച്ചുകൂടിയ ജനാവലിയോട് വചനം പ്രസംഗിക്കുകയാണ്. നാലുപേർ ഒരു തളർവാതരോഗിയെ എടുത്തുകൊണ്ടുവന്നു. ജനക്കൂട്ടം നിമിത്തം അയാളെ യേശുവിന്റെ അടുത്തു കൊണ്ടുവരാൻ അവർക്കു കഴിഞ്ഞില്ല. അതിനാൽ അവർ വീടിന്റെ മേൽക്കൂര പൊളിച്ച് തളർവാതരോഗിയെ കിടക്കയോടെ താഴോട്ടിറക്കി യേശുവിന്റെ സന്നിധിയിലെത്തിച്ചു. യേശു തളർവാതരോഗിയോട്, 'മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞു.

യേശു നല്കിയ പാപമോചനം നിയമജ്ഞരുടെ എതിർപ്പിനു കാരണമായി. 'ഇവൻ ദൈവദൂഷണം പറയുകയല്ലേ? ദൈവത്തിനല്ലാതെ മറ്റാർക്കും പാപം മോചിക്കാൻ അവകാശമില്ലല്ലോ' എന്ന് അവർ ചിന്തിച്ചു. യേശു അവരുടെ ചിന്താഗതി മനസിലാക്കി, അവരോടു ചോദിച്ചു: 'ഏതാണ് എളുപ്പം? തളർവാതരോഗിയോട്, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റ് കിടക്കയുമെടുത്തു നടക്കുക എന്നു പറയുന്നതോ?' ഭൂമിയിൽ മനുഷ്യപുത്രനു പാപം ക്ഷമിക്കാൻ അധികാരമുണ്ടെന്നതിനു സാക്ഷ്യമായി യേശു അയാൾക്ക് രോഗസൗഖ്യം

നല്കി. യേശുവിന്റെ വാക്കനുസരിച്ച് അയാൾ കിടക്കയുമെടുത്ത് വീട്ടിലേക്കു പോയി.


നിയമജ്ഞരുമായുള്ള വിവാദത്തിന്റെ പശ്ചാത്തലത്തിലാണ് യേശു പാപമോചനം നല്കുന്നത്. ഇതിലൂടെ ദൈവപുത്രനും മനുഷ്യപുത്രനുമായ തനിക്ക് പാപം മോചിക്കാൻ അധികാരമുണ്ടെന്ന് അവിടുന്നു വ്യക്തമാക്കി. പാപമോചനത്തിന്റെ അടയാളമായിട്ടാണ് ശാരീരികസൗഖ്യം നല്കപ്പെടുന്നത്.

പാപമോചനാനുഭവത്തിലൂടെ രക്ഷയുടെയും ശാന്തിയുടെയും പ്രകാശം പരത്തുന്ന കൂടാരമാണ് കുടുംബം. യേശുവിനു മാത്രമേ പാപമോചനം നല്കാനാവൂ. യേശു ഇന്ന് തിരുസഭയിൽ കൂദാശകളിലൂടെ പാപമോചനം നല്കുന്നു. പാപമോചകകൂദാശയുടെ അടുക്കലടുക്കലുള്ള സ്വീകരണമാണ് കുടുംബത്തെ രക്ഷാകരമായ ആനന്ദത്തിൽ വളർത്തുന്നത്.

**പന്തിഭോജനവും സാഹോദര്യത്തിലേക്കുള്ള മോചനവും (2:1317)**

ചുങ്കക്കാരനായ ലേവി സാമൂഹികമായ ഭ്രഷ്ടിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെട്ടവനായിരുന്നു. റോമാചക്രവർത്തിക്കുവേണ്ടി ചുങ്കം പിരിക്കുന്ന ലേവിയെ എല്ലാവരും വെറുത്തു; സമൂഹത്തിൽനിന്ന് അവനെ അകറ്റിനിർത്തിയിരുന്നു. യേശു അവനെ തന്റെ ശിഷ്യനാകാൻ വിളിച്ചു. ലേവി ചുങ്കസ്ഥലത്തുനിന്ന് എഴുന്നേറ്റ് യേശുവിനെ അനുഗമിച്ചു. അയാൾ തന്റെ വീട്ടിൽ യേശുവിനും ശിഷ്യർക്കുമായി വലിയ വിരുന്നൊരുക്കി. വിരുന്നിൽ യേശുവിനോടും ശിഷ്യരോടുമൊപ്പം ധാരാളം ചുങ്കക്കാരും പാപികളും പങ്കാളികളായി. സമൂഹത്തിലെ മേലാളന്മാരായ ഫരിസേയരും നിയമജ്ഞരും അധഃകൃതരെന്നു മുദ്രകുത്തി





**ക്രിസ്തുശിഷ്യത്വത്തിന്റെ അന്തഃസത്തയാണ് സന്തോഷം.**

തള്ളിക്കളഞ്ഞിരുന്ന മണ്ണിന്റെ മക്കൾക്ക് സുവിശേഷം നല്കുന്ന പൊതുപേരാണ് 'പാപികൾ.' 'പാപികളിൽ' കർഷകരും തൊഴിലാളികളും ദരിദ്രരുമെല്ലാം ഉൾപ്പെട്ടിരുന്നു. ഈ സാധാരണക്കാരെ മേലാളന്മാർ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റിനിറുത്തിയിരുന്നു. അവർ യേശുവിനോടൊപ്പം പന്തിഭോജനത്തിനിരുന്നതിലൂടെ, എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളെന്ന നിലയിൽ തുല്യരും സഹോദരങ്ങളുമാണെന്ന്

യേശു പഠിപ്പിക്കുകയാണ്. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സനാതനസന്ദേശം വിളംബരം ചെയ്യുന്ന അടയാളമായിരുന്നു യേശുവിന്റെ ഊട്ടുമേശകൾ. പന്തിഭോജനത്തിലൂടെ മനുഷ്യരെ തമ്മിലകറ്റുന്ന മേധാവിത്വത്തിന്റേയും ആധിപത്യത്തിന്റേയും കനത്ത ഭിത്തികൾ യേശു തട്ടിത്തകർത്തു. എല്ലാ മനുഷ്യരും സ്വർഗീയപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരങ്ങളാണ്, തുല്യരാണ്. സമൂഹത്തെ തട്ടുതട്ടായി വിഭജിക്കുന്ന ജാതീയവും വർഗീയവും ദേശീയവും വംശീയവുമായ എല്ലാ വേർതിരിവുകളും അവിടുന്ന് പിഴുതെറിഞ്ഞു. "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. നീതിമാന്മാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത് (മർക്കോ. 2:17) എന്ന വചനം, തള്ളപ്പെട്ട ജനങ്ങളോടുള്ള യേശുവിന്റെ പക്ഷപാതപരമായ സ്നേഹമാണ് വെളിപ്പെടുത്തുന്നത്. ഈ പക്ഷപാതപരമായ സ്നേഹം അധഃസ്ഥിതരെ കൈകൊടുത്തുയർത്തി സമൂഹത്തിൽ സാഹോദര്യവും സമഭാവനയും സ്ഥാപിക്കുന്നു.

**ജീവിതത്തിന്റെ അലകും പിടിയും മാറ്റുന്ന, പുതിയ കാഴ്ചപ്പാടുകൾ നല്കുന്ന, സർവവും പുതുക്കുന്ന നവീനതയാണ് യേശു കൊണ്ടുവന്ന സുവിശേഷം.**

ഈ രണ്ടു സംഭവങ്ങളും (പാപമോചനവും സാമൂഹികദൃഷ്ടിയിൽ നിന്നുള്ള മോചനവും) കുടുംബത്തിന്റെ പശ്ചാത്തലത്തിലാണ് നടക്കുന്നതെന്നത് ശ്രദ്ധേയമാണ്. കുടുംബം സാഹോദര്യത്തിന്റെ പരിശീലനവേദിയായി മാറണം.

### ദുഃഖത്തിൽ നിന്നുള്ള മോചനവും നവീനസന്തോഷം പ്രസരിപ്പിക്കുന്ന പുതുജീവിതവും (2:18-22)

പൊതുജനങ്ങൾ യേശുവിനോടു ചോദിച്ചു: 'യോഹന്നാന്റെയും ഫരിസേയരുടെയും ശിഷ്യർ ഉപവസിക്കുന്നു. നിന്റെ ശിഷ്യർ ഉപവസിക്കാതിരിക്കുന്നതെന്ത്?' യേശുവിന്റെ മറുപടി: 'മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർക്ക് ഉപവസിക്കാൻ സാധിക്കുമോ?' ഇവിടെ 'ഉപവാസം' യഹൂദരുടെ സാമ്പ്രദായിക ഉപവാസത്തിലെ കർമക്രമത്തെ ധ്വനിപ്പിക്കുന്ന പദമാണ്. മുഖം മ്ലാനമാക്കി സമൂഹത്തിൽ വ്യാപരിക്കുന്നതാണ് ഉപവാസമെന്ന് യഹൂദർ കരുതിയിരുന്നു. യേശു ഈ കാഴ്ചപ്പാടിനെ തിരുത്തി. മണവാളനോടൊപ്പമുള്ള മണവറത്തോഴരുടെ സന്തോഷത്തിനു സമാനമാണ് ക്രിസ്തീയശിഷ്യത്വമെന്ന പാഠം അവൻ പഠിപ്പിക്കുന്നു. മണവാളൻ യേശുതന്നെയാണ്. മണവാളനായ തന്നോടൊപ്പം വസിക്കുന്ന ശിഷ്യർക്ക് മണവറത്തോഴരെപ്പോലെ നിതാന്തസന്തോഷത്തിൽ വ്യാപരിക്കാനേ പറ്റൂ. ക്രിസ്തുശിഷ്യത്വത്തിന്റെ അന്തഃസത്തയാണ് സന്തോഷം. ഇതിലൂടെ യേശു ഉപവാസത്തെ എതിർക്കുന്നില്ല. ഉപവാസത്തിൽ പുലർത്തേണ്ട മനോഭാവമാണ് പ്രധാനം. അതുകൊണ്ട് അവിടുന്നു പറഞ്ഞു: 'മണവാളൻ അവരിൽനിന്ന് എടുക്കപ്പെടുന്ന കാലം വരും. അപ്പോൾ അവർ ഉപവസിക്കും' (മർക്കോ. 2:20).

നിതാന്തസന്തോഷത്തിൽ ക്രിസ്തുവിന്റെ ശിഷ്യർക്ക് എങ്ങനെ വ്യാപരിക്കാനാവും? രണ്ട് ഉപമകളിലൂടെ യേശു സന്തോഷത്തിന്റെ മർമമെന്താണെന്നു വെളിപ്പെടുത്തുന്നു.

(1) പഴയ വസ്ത്രത്തോടു ചേരാത്ത പുതിയ


## വിവാഹ ഒരുക്ക ധ്യാനം

| | |
|---|---|
| **2025 JANUARY** | |
| 6,7,8 (Chry) | Booking going on |
| 13,14,15 (Zion) | Booking going on |
| 20,21,22 (Chry) | Booking going on |
| **2025 FEBRUARY** | |
| 8,9,10 (Zion) | Booking going on |
| 17,18,19 (Chry | Booking going on |
| 24,25,26 (Zion) | Booking going on |
| **2025 MARCH** | |
| 8,9,10 (Zion) | Booking going on |
| 24,25,26(Zion) | Booking going on |

*അന്വേഷണങ്ങൾക്ക്*
ഫോൺ - 0481 2424476 സമയം - 11 am to 5 pm

## പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം
(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)

2025 ജനുവരി - 26,27,28,29
മാർച്ച് - 16,17,18,19

മുൻകൂട്ടി ബുക്ക് ചെയ്യുക
കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
ഫോൺ - 8086399023, 9495107045



> സമത്വത്തിന്റെയും
> സാഹോദര്യത്തിന്റെയും
> സനാതനസന്ദേശം വിളംബരം
> ചെയ്യുന്ന അടയാളമായിരുന്നു
> യേശുവിന്റെ ഊട്ടുമേശകൾ

തുണിക്കഷണം: യേശു ലോകത്തിന് സമ്പൂർണമായ നവീനത പ്രദാനം ചെയ്യുന്നു. യേശുവിന്റെ സുവിശേഷം നവീനതയുടെ സദ്വാർത്തയാണ്. ജീവിതത്തിന്റെ അലകും പിടിയും മാറ്റുന്ന, പുതിയ കാഴ്ചപ്പാടുകൾ നല്കുന്ന, സർവവും പുതുക്കുന്ന നവീനതയാണ് യേശു കൊണ്ടുവന്ന സുവിശേഷം. പഴകിത്തുരുമ്പിച്ച നിയമങ്ങളിലും പാരമ്പര്യങ്ങളിലും കടിച്ചുതൂങ്ങുന്ന പഴന്തുണിയാണ് യഹൂദമതത്തിലെ വിവിധ ആചാരങ്ങൾ. പഴയതിനോട് പുതിയതു ചേരില്ല. തുന്നിപ്പിടിപ്പിച്ചതുകൊണ്ടൊന്നും ജീവിതത്തിന്റെ കീറൽ ഇല്ലാതാകില്ല. പഴയ വസ്ത്രംതന്നെ മാറിയ തീരൂ. സുവിശേഷമാകുന്ന പുതിയ വസ്ത്രം ധരിച്ചാലേ സന്തോഷമനുഭവിക്കാനാവൂ.

(2) പുതിയ വീഞ്ഞും പഴയ തോൽക്കുടങ്ങളും: പുതിയ വീഞ്ഞ് യേശുവിന്റെ സുവിശേഷമാണ്. പഴയ തോൽക്കുടമാകട്ടെ യഹൂദമതത്തിന്റെ സംവിധാനങ്ങളും. പഴയതിന് പുതിയതിനെ ഉൾക്കൊള്ളാനാവില്ല. അതിനാൽ പുതിയ തോൽക്കുടങ്ങൾതന്നെ കണ്ടെത്തണം. അവിടെയേ പുതിയ വീഞ്ഞ് സംഭരിച്ചുവെക്കാനാവൂ. സുവിശേഷമനുസരിച്ചുള്ള സമ്പൂർണ ജീവിതപരിവർത്തനമാണ് യഥാർഥ സന്തോഷത്തിലേക്കു നയിക്കുന്നതെന്ന് യേശു പഠിപ്പിക്കുന്നു.

പഴയ വീഞ്ഞു കുടിച്ചു ശീലിച്ചവർ പുതിയത് ഇഷ്ടപ്പെടുകയില്ല. പഴയതാണ് മെച്ചം എന്നവർ പറഞ്ഞുകൊണ്ടിരിക്കും (ലൂക്കാ 5:39). അതുകൊണ്ട് പഴയതിൽ ആണ്ടിരിക്കുന്ന യഹൂദർക്ക് യേശു കൊണ്ടുവന്ന പുതിയത് സ്വീകരിക്കാൻ സാധിക്കാത്തതിൽ ആശ്ചര്യപ്പെടേണ്ടതില്ല. യേശു കൊണ്ടുവന്ന 'പുതിയത്' സ്വീകരിക്കാൻ വൈമനസ്യം കാട്ടുന്ന കുടുംബങ്ങൾക്ക് യേശുവിന്റെ സന്തോഷം അനുഭവിക്കാനാവില്ലെന്നത് സത്യമാണ്.

**മനുഷ്യനെ അവമതിക്കുന്ന വ്യവസ്ഥിതികളിൽ നിന്നുള്ള മോചനം (2:23-27)**

സാബത്തുദിവസം വിളഞ്ഞുകിടക്കുന്ന ഗോതമ്പുവയലിലൂടെ യാത്രചെയ്യുമ്പോൾ വിശന്നുപൊരിഞ്ഞ ശിഷ്യർ കതിരുകൾ പറിച്ചുതിന്നാൻ തുടങ്ങി. ഫരിസേയർ യേശുവിലും ശിഷ്യരിലും സാബത്തുലംഘനം ആരോപിച്ചു. യേശുവാകട്ടെ, ജീവൻ രക്ഷിക്കാൻവേണ്ടി ദാവീദും

അനുചരന്മാരും നടത്തിയ നിയമലംഘനം (1സാമു. 21:1-6) ഉദ്ധരിച്ച് തന്റെ ശിഷ്യരുടെ പ്രവർത്തനത്തെ സാധൂകരിച്ചു. "സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല. മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ് (മർക്കോ. 2:27) എന്നു പ്രഖ്യാപിച്ച്, മനുഷ്യസ്നേഹവും മനുഷ്യജീവനുമാണ് എല്ലാ നിയമങ്ങളേക്കാളും പ്രധാനമെന്ന് അവിടുന്ന് വിളംബരം ചെയ്തു.

മനുഷ്യനെ അവമതിക്കുന്ന നിയമങ്ങളും വ്യവസ്ഥിതികളും സമൂഹത്തിലുണ്ട്. മനുഷ്യാവകാശലംഘനങ്ങൾമൂലം പീഡനത്തിൽ ഞെരിഞ്ഞമർന്ന എത്രയോ സാധുക്കളാണ് ചുറ്റുപാടുമുള്ളത്. മനുഷ്യന്റെ മഹത്വവും മൂല്യവും വാനോളമുയർത്തുന്ന സാമൂഹികമായ ഇടപെടലുകൾ ഇവിടെ സുവിശേഷകൻ കുറിച്ചുവെച്ചിരിക്കുന്നു. മനുഷ്യജീവന്റെ സംരക്ഷണമാണ് നിയമങ്ങളുടെ അടിച്ചേല്പിക്കലിനേക്കാൾ പ്രധാനം. മരണസംസ്കാരത്തിൽനിന്ന് ജീവന്റെ സംസ്കാരത്തിലേക്ക് യേശു മാനവകുലത്തെ കൈപിടിച്ചുയർത്തുകയാണ്. മനുഷ്യനെ അടിച്ചമർത്തുന്ന നിയമബദ്ധതയും നിയമാനുഷ്ഠാനനിഷ്ഠതയും പിഴുതെറിയണമെന്ന വിപ്ലവകരമായ പുതിയ ദർശനമാണ് യേശു നല്കുന്നത്. മനുഷ്യവ്യക്തിക്ക് പരമപ്രാധാന്യം നല്കുന്ന പുതിയ സാമൂഹികവ്യവസ്ഥയുടെ കാഹളം മുഴക്കുന്ന സംഭവമാണ് ഈ ഗലീലിയൻ വിവാദം.

> **യേശു കൊണ്ടുവന്ന 'പുതിയത്' സ്വീകരിക്കാൻ വൈമനസ്യം കാട്ടുന്ന കുടുംബങ്ങൾക്ക് യേശുവിന്റെ സന്തോഷം അനുഭവിക്കാനാവില്ലെന്നത് സത്യമാണ്.**

### മനുഷ്യനെ അടിമപ്പെടുത്തുന്ന സാമൂഹികസംവിധാനങ്ങളിൽ നിന്നുള്ള മോചനം (3:1-6)

അവസാനത്തെ ഗലീലിയൻ വിവാദമാണിത്. സാബത്തിൽ സിനഗോഗിലെത്തിയ യേശു യഹൂദനേതാക്കളുടെ എതിർപ്പിനെ അവഗണിച്ച് കൈശോഷിച്ച മനുഷ്യനെ സുഖപ്പെടുത്തുന്നു. 'സാബത്തിൽ നന്മ ചെയ്യുന്നതോ തിന്മ ചെയ്യുന്നതോ, ജീവൻ രക്ഷിക്കുന്നതോ നശിപ്പിക്കുന്നതോ ഏതാണ് നിയമാനുസൃതം' എന്ന യേശുവിന്റെ ചോദ്യത്തിന് യഹൂദനേതാക്കൾ ഉത്തരം പറഞ്ഞില്ല. അവരുടെ ഹൃദയകാഠിന്യത്തിൽ ദുഃഖിച്ച യേശു കൈശോഷിച്ച മനുഷ്യനെ സുഖപ്പെടുത്തി, മനുഷ്യന് നന്മ ചെയ്യുന്നതാണ് എല്ലാ നിയമങ്ങളുടെയും കാതൽ എന്നു പഠിപ്പിച്ചു. മതത്തിന്റെയും രാഷ്ട്രത്തിന്റെയും സ്ഥാപനങ്ങളും വ്യവസ്ഥിതികളും മനുഷ്യനെ അടിച്ചമർത്തുന്ന നിയമങ്ങൾ ഉയർത്തിപ്പിടിച്ച് മനുഷ്യനെ പീഡിപ്പിച്ചുകൊണ്ടിരിക്കും. യഥാർത്ഥ ദൈവസ്നേഹവും മനുഷ്യസ്നേഹവും ഉള്ളിൽ പേറുന്നവർക്കു മാത്രമേ ഈ നിയമങ്ങളെ വെല്ലുവിളിക്കാനാവൂ. നിയമങ്ങൾ മനുഷ്യനന്മയ്ക്കു വേണ്ടിയാകണം. അതിന് ഉതകാത്ത നിയമങ്ങൾ തച്ചുടച്ചേ തീരൂ.


ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Jan 1

ഏലമ്മ തോമസ്
പുളിമൂട്ടിൽ, ആലപ്പുഴ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Jan 2

ഏലമ്മ തോമസ്
പുളിമൂട്ടിൽ, ആലപ്പുഴ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Jan 3

ഏലമ്മ തോമസ്
പുളിമൂട്ടിൽ, ആലപ്പുഴ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Jan 4

ഡോൾസി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Jan 5

ഡോൾസി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Jan 6

ജാൻസി സണ്ണി
പുറക്കാട്



മനുഷ്യനന്മയ്ക്കും മനുഷ്യജീവനും മനുഷ്യസ്നേഹത്തിനും പരമപ്രാധാന്യം കൊടുക്കുന്ന കുടുംബങ്ങളാണ് യേശുവിന്റെ വിമോചനദൗത്യം സമൂഹത്തിൽ തുടരുന്ന നിർമലാലയങ്ങൾ.

അഞ്ചു തരത്തിലുള്ള വിമോചനങ്ങളാണ് ഗലീലിയൻ സംവാദങ്ങൾ നമ്മെ പഠിപ്പിക്കുന്നത്: പാപത്തിൽ നിന്ന്, സാമൂഹികഭ്രഷ്ടിൽ നിന്ന്, ദുഃഖങ്ങളിൽ നിന്ന്, മൃത്യുവിൽ നിന്ന്, മനുഷ്യവ്യക്തിയെ അടിച്ചമർത്തുന്ന നിയമവ്യവസ്ഥിതികളിൽ നിന്ന്. മനുഷ്യവ്യക്തിയാണ് പ്രധാനം; മനുഷ്യന്റെ മഹത്വത്തിനും അന്തസിനുമാണ് പരമപ്രാധാന്യം നല്കേണ്ടത്. മനുഷ്യനെ അവമാനവീകരിക്കുന്ന എല്ലാ സാമൂഹിക നിയമങ്ങളും പൊളിച്ചെഴുതണം; അപ്രകാരമുള്ള സാമൂഹികസംവിധാനങ്ങൾ തകർത്തെറിയണം. മനുഷ്യസ്നേഹത്തിലും മനുഷ്യനന്മയിലും സമത്വത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ പുതിയ സാമൂഹികവ്യവസ്ഥിതി ഉണ്ടാകണം. മനുഷ്യജീവനെ ഹനിക്കുന്ന യാതൊന്നിനെയും നാം പിന്തുണച്ചുകൂടാ. ദൈവത്തോടൊത്തു ജീവിക്കുന്നതാണ് മനുഷ്യന് യഥാർഥ സന്തോഷം പ്രദാനം ചെയ്യുന്നത്. ദൈവത്തോടൊത്ത് ആയിരിക്കുക എന്നാൽ പുതിയ മനുഷ്യവ്യക്തിയായി രൂപാന്തരപ്പെടുക എന്നാണർഥം. സാഹോദര്യവും സമഭാവനയും സത്യവും ധർമവും നീതിയും പുലർത്തിക്കൊണ്ടുള്ള ജീവിതമാണ് യഥാർഥമായ രൂപാന്തരീകരണം. പാപത്തിൽനിന്നുള്ള മോചനമാണ് മനുഷ്യഹൃദയത്തിൽ യഥാർഥ സന്തോഷവും സൗഖ്യവും നിറയ്ക്കുന്നത്. സന്തോഷത്തോടെ ജീവിക്കാനാണ് മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത്. വികലമായ കാഴ്ചപ്പാടുകൾ തിരുത്തി ശരിയായ കാഴ്ചപ്പാടിലേക്കു വരുന്നവർക്കാണ് സന്തോഷം ആസ്വദിക്കാൻ കഴിയുക. നിയമങ്ങൾ വള്ളിപുള്ളി തെറ്റാതെ പാലിക്കുന്നതല്ല, മനുഷ്യസ്നേഹത്തിലും മനുഷ്യസേവനത്തിലും വളരുന്നതാണ് മാനവമഹത്വം. മനുഷ്യന്റെ മഹത്വവും അന്തസും ഹനിക്കുന്ന നിയമങ്ങളൊക്കെ നീക്കംചെയ്യപ്പെടണം. മനുഷ്യശുശ്രൂഷയിലൂടെ പുതിയ മാനവികതയെ കെട്ടിപ്പടുക്കുന്നതാണ് ദൈവത്തിന്റെ തിരുവിഷ്ടം. അതിന് തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാനുള്ള അധ്വാനമാണ് ഗലീലിയൻ സംവാദത്തിൽ മുഴങ്ങികേൾക്കുന്നത്.

യേശുവിന്റെ വിപ്ലവകരമായ ഈ ജീവിതദർശനം ഉൾക്കൊണ്ട പാവപ്പെട്ട ജനങ്ങൾ അവിടുത്തെ കൂട്ടംകൂട്ടമായി അനുഗമിച്ചു. യേശു അവരെയെല്ലാം സുഖപ്പെടുത്തുകയും വിമോചിപ്പിക്കുകയും ചെയ്തു (3:7-12).

നമ്മുടെ കുടുംബങ്ങൾ യേശുവിന്റെ വിപ്ലവകരമായ മനുഷ്യദർശനം ഉൾക്കൊണ്ടുകൊണ്ടാണോ സമൂഹത്തിൽ ജീവിക്കുന്നത്. ജീർണിച്ച പഴയ വ്യവസ്ഥിതിയിലേക്ക് പിന്തിരിയാതെ, യേശു നല്കുന്ന പുതിയ വസ്ത്രം ധരിക്കാനും, പുതിയ വീഞ്ഞും പുതിയ തോൽക്കുടങ്ങളും സ്വീകരിക്കാനും കുടുംബങ്ങൾക്ക് കഴിയട്ടെ.

(തുടരും)

EXIT പുറം വാതിൽ

ജെ. മണക്കുന്നേൽ

# കർത്താവേ, മിന്നിച്ചേക്കണേ...

**മാതാപിതാക്കന്മാരുടെ അധ്വാനക്ലേശവും കുടുംബത്തിന്റെ സാമ്പത്തികഭാരവും മക്കളെ കുഞ്ഞുപ്രായത്തിൽത്തന്നെ അറിയിച്ചു വളർത്തണം.**

"അച്ചാ, വാൽനക്ഷത്രമല്ലേ പുൽക്കൂട്ടിലേക്കു വഴികാണിച്ചത്?" കൊച്ചുമിടുക്കിയുടെ ചോദ്യം കേട്ടാണ് പത്രം വായിച്ചിരുന്ന ഞാൻ തലയുയർത്തിയത്. മൂന്നു മിടുക്കികൾ മുന്നിൽ നിൽക്കുന്നു. അടുത്തുനില്ക്കുന്ന അവരുടെ ആകാംക്ഷ കണ്ട് ഞാൻ ആരാഞ്ഞു: "എന്താ, ഇപ്പോൾ ഇങ്ങനെ ഒരു സംശയം?" കൂട്ടത്തിലുള്ള കുറുമ്പിക്കുട്ടി കൊഞ്ചി: "ബെറ്റു വെച്ചതാണ് അച്ചാ. ഇവളു പറഞ്ഞു വാൽനക്ഷത്രമെന്ന്; ഞങ്ങൾ പറഞ്ഞു അല്ലെന്ന്. മൂന്നു കിറ്റ്കാറ്റിന്റെ ബെറ്റാണച്ചാ...!"

"വാൽനക്ഷത്രത്തിന്റെ വാലുപോലുണ്ടല്ലോ മൂന്നും..." കോലുപോലുള്ള അവരെ ഞാൻ കളിയാക്കി... "ആട്ടെ നിങ്ങളുടെ ഉത്തരമെന്താണ്?" ഇരുവരും ഒരുപോലെ പറഞ്ഞു: "അഞ്ചുകാലുള്ള നക്ഷത്രം!" പറഞ്ഞതും ബെറ്റുവെച്ചതും അബദ്ധമെന്നപോലെ ചമ്മി നില്ക്കുകയാണ് ആദ്യംപറഞ്ഞ കക്ഷി! ആർക്കും ബെറ്റിൽ നഷ്ടമുണ്ടാകാതിരിക്കാൻ ഞാൻ ഉത്തരം പറഞ്ഞു: "നക്ഷത്രം വഴികാട്ടിയെന്നേ ബൈബിളിലുള്ളു. അതിന് വാലുനാലെന്നോ കാല് അഞ്ചെന്നോ എവിടെയും പറഞ്ഞിട്ടില്ല. ഇപ്പോൾ ആർക്കും പ്രശ്നമില്ലല്ലോ?" മൂവരുടെയും മുഖത്ത് ആശ്വാസമായി.

നക്ഷത്രത്തിന്റെ പ്രഭാകിരണങ്ങളെ കാണിക്കാനായി വാലും കാലും ക്രമീകരിച്ചതുമാത്രമാണെന്നും, അതിനു കൃത്യമായ എണ്ണമൊന്നുമില്ലെന്നും ഞാൻ ബോധ്യപ്പെടുത്തി. മുറിച്ചുകൊടുത്ത കേക്കിന്റെ മുറിക്കഷണങ്ങളുമായി മടങ്ങാനൊരുങ്ങവേ, ഞാൻ അവരോടു പറഞ്ഞു: "നിങ്ങളാണിനി എല്ലാവർക്കുമുള്ള നക്ഷത്രം... വെറും രണ്ടു കാലുള്ള നക്ഷത്രങ്ങൾ..." വിടർന്ന കണ്ണുകളോടെ അവർ മടങ്ങിവന്നു. കഴിച്ച മധുരമിറക്കി മിഴിച്ച കണ്ണോടെ ഒരുവൾ ചോദിച്ചു: "അതു മരിച്ചു കഴിഞ്ഞു സ്വർഗത്തിൽ പോയാലല്ലേ പറ്റൂ?' മരിച്ചവരല്ലേ മാനത്തു മിന്നുന്ന നക്ഷത്രമാകൂ...?" അടുത്തുനിർത്തി അവരോടു ഞാൻ അടക്കം പറഞ്ഞു: "ജീവിച്ചിരിക്കുമ്പോഴാണ് നക്ഷത്രമാകേണ്ടത്. അതും ഈശോയിലേക്കു കൊണ്ടുപോകേണ്ട നക്ഷത്രം!" എന്നും പള്ളിയിൽ വന്നും, വീട്ടിൽ നന്നായി പ്രാർഥിച്ചും, വചനം വായിച്ചു പഠിച്ചും, നല്ല കുഞ്ഞുങ്ങളായി മാതൃകകാട്ടി ജീവിച്ചും, കൂട്ടുകാരെയും നാട്ടുകാരെയും ഈശോയുടെ വീട്ടുപടിക്കലെത്തിക്കേണ്ട നക്ഷത്രങ്ങൾ അവരാകണമെന്നു പറഞ്ഞുറപ്പിച്ചു. തലകുലുക്കി ആ മാലാഖക്കുഞ്ഞുങ്ങൾ സ്തുതിചൊല്ലി മടങ്ങവേ ഞാൻ പ്രാർഥിച്ചു:

"യാക്കോബിൽനിന്നും ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽനിന്നും ഒരു ചെങ്കോൽ ഉയരും" (സംഖ്യ 24:17).

മാനത്തോളമുയരത്തിൽ നക്ഷത്രം ഉയർത്താൻ മത്സരമാണിന്ന്! മുട്ടൻ നക്ഷത്രം കെട്ടിത്തൂക്കി മിടുക്കുകാട്ടാനും ആളുണ്ട്. മിന്നും നക്ഷത്രംപോലെ മാലോകരുടെ മുമ്പിൽ മിന്നാനും മിനുങ്ങാനും എല്ലാവർക്കും ഇഷ്ടമാണ്. മദ്യം കുടിച്ചു മിനുങ്ങിയും മിന്നിച്ചും മറ്റുള്ളവരുടെ മുന്നിലാളാകാനും മുതിർന്ന പലർക്കും ആവേശമുണ്ട്. മയക്കുമരുന്നുകളിൽ മുങ്ങി തെന്നിത്തെന്നി നീങ്ങുന്നതാണ് പുതുതലമുറയുടെ പുതുമയുള്ള മിനുങ്ങൽ! വഴികാട്ടുന്ന നക്ഷത്രവും വഴിയൊരുക്കുന്ന വെളിച്ചവുമാകാൻ ആർക്കും ഇഷ്ടമല്ല! മാതൃക പകർന്നു മുന്നേ നീങ്ങേണ്ട മുതിർന്ന നക്ഷത്രങ്ങളിൽ പലതും ഇന്നു ശോഭകെട്ട് ഇരുണ്ടിരിക്കുന്നു. വഴികാട്ടേണ്ട താരകങ്ങൾ ഇന്നു വഴിതെറ്റിക്കുന്നവരായിരിക്കുന്നു! പ്രകാശം പരത്തേണ്ട പ്രഭാകാലുകളിൽ പലതുമിന്ന് കാലിടറി ഉഴലുന്നു. വെള്ളിവെളിച്ചം പകരേണ്ട വാൽനക്ഷത്രങ്ങളെ തീർക്കാൻ നവവത്സരത്തിലൊരു നവയജ്ഞം കുറിക്കാം...

"സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു; എന്നാൽ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാണു നടക്കുന്നത്" (1യോഹ. 1:10).

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Archbishop's House, Changanacherry • Phone: 0481 2424476, 2420349 • Printed at St. Joseph Orphanage Press, Changanacherry • Chief Editor: Dr. Jose George Thekkepurathu